റെഡ്ഗാർഡ്സ്

''എവിടെയാണോ മനസ്സ് ഭയരഹിതമായിരിക്കുകയും
ശിരസ് ഉയർത്തിപ്പിടിക്കുകയും ചെയ്യുന്നത്;
എവിടെയാണോ വിജ്ഞാനം
സ്വതന്ത്രമായിരിക്കുന്നത്
എവിടെയാണോ ലോകം
സങ്കുചിതമായ ഉൾഭിത്തികളാൽ
വിഭജിക്കപ്പെടാതിരിക്കുന്നത്
എവിടെയാണോ വാക്കുകൾ
സത്യത്തിൻെറ ആഴത്തിൽ നിന്ന് വരുന്നത്
എവിടെയാണോ അശ്രാന്തയത്നം
അതിൻെറ പൂർണ്ണതയിലേക്ക് കരങ്ങൾ നീട്ടുന്നത്
എവിടെയാണോ യുക്തിയുടെ തെളിഞ്ഞ പ്രവാഹങ്ങൾ
ജീർണ്ണാചാരത്തിൻെറ മണൽക്കാടുകളിൽ
തടഞ്ഞവസാനിക്കാതെ പോവുന്നത്
സ്വാതന്ത്ര്യത്തിൻെറ ആ സ്വർഗത്തിലേക്ക്
എൻെറ പിതാവേ, എൻെറ രാജ്യമുണരട്ടെ''.

''കല്ലുകൾ നിറഞ്ഞ പുഴ ഒഴുകിക്കൊണ്ടിരിക്കുന്നു
എന്റെ സഖാക്കളെ,
നിങ്ങളൊന്നായ് മുന്നേറുക
ശിരസ്സുയർത്തിപ്പിടിച്ച് പുഴ കടക്കുക
വഴികളിലെ നിർദ്ദയരാം ശത്രുക്കളെ
തകർത്തു മുന്നേറുക
എല്ലാ തിന്മകളുമിക്കരെയെറിഞ്ഞ്
നന്മയുടെ ശക്തികളിലേക്ക് കടന്നുപോവുക''

(ഋഗ്വേദം X 53.8)

ഈ ലക്കത്തിൽ

കത്തുകൾ

കെ. ജി. തോമസ്, എം. കെ. രാമകൃഷ്ണൻ, പയ്യന്നൂർ കൃഷ്ണൻ, ബി. വേണുഗോപാൽ, സെബാസ്റ്റ്യൻ പള്ളിത്തോട്, പി. വി. വർഗ്ഗീസ്, ദിവാകരൻ, എം. കെ. പിലാക്കോട്, കൈപ്പുറം മുസ്തഫ.

ഏററവും വലിയ ജനാധിപത്യ രാജ്യത്തിൽ

ജനകീയ സാംസ്ക്കാരിക വേദിയുടെ സംസ്ഥാന സമ്മേളനത്തിൽ പങ്കെടുക്കാൻ വന്ന കാഞ്ചൻ കുമാർ (ഡെൽഹി) വരവരറാവു (ആന്ധ്ര), വിദ്യുത് ഭൌമിക്, ദേവവ്രതപാണ്ഡെ (പശ്ചിമബംഗാൾ) എന്നീ സൌഹാർദ്ദ പ്രതിനിധികളുമായി റെഡ്ഗാർഡ്സ് നടത്തിയ അഭിമുഖ സംഭാഷണം.

പുതുകവികളുടെ ചെറുകവിതകൾ

മുരളി കെ. മുകുന്ദൻ, എം. രാമചന്ദ്രൻ, കെ. കെ. ബാബുരാജ്

റിപ്പോർട്ട്— സമരം.........ാം ദിവസം

ഫറോക്കിലെ ഓട്ടുതൊഴിലാളി സമരത്തെക്കുറിച്ച് ഒരു റിപ്പോർട്ട്—രണദേവൻ.

ജോസഫ് എന്തുകൊണ്ട് ആത്മഹത്യ ചെയ്തു ?

കഴിഞ്ഞലക്കത്തിൽ പ്രസിദ്ധീകരിക്കാനാവാതെ പോയ നാടകം —ജോയ് മാത്യു

ജനകീയപ്രസ്ഥാനങ്ങൾ .... ജനവിരുദ്ധ പ്രസ്ഥാനങ്ങൾ.........

കേരളത്തിലെ ജനകീയ പ്രസ്ഥാനങ്ങളെക്കുറിച്ച്
കെ. പി. മുഹമ്മദ് ഹാരിസ്,

ബൊളീവിയൻ ഖനികളുടെ നാഡീസ്പന്ദനങ്ങൾ

ബോളീവിയൻ വനിതകളുടെ സമരങ്ങളിലൂടെ വളർന്നുവന്ന ഡോമിററിലയുടെ പുസ്തകം പരിചയപ്പെടുത്തുന്നു—മന്ദാകിനി നാരായണൻ.

കണ്ട കാഴ്ചകൾ ഭീകരം, കാണാനിരിക്കുന്നതോ

—ഒരു സംഭാഷണം. പ്രശാന്തൻ

സ്വാതന്ത്ര്യം — അച്ചടിക്കാൻ, നിരോധിക്കാൻ ചുട്ടെരിക്കാനും.

സ്വാതന്ത്ര്യ പ്രതിമയുടെ നാട്ടിലെ കപടസ്വാതന്ത്ര്യത്തെക്കുറിച്ച്—അധീർ ഗുപ്തോ

യുദ്ധം.........! യുദ്ധം......... !!

യുദ്ധവിനാശങ്ങളെ പററി സി. പി. ഡി. ആർ തയ്യാറാക്കിയ റിപ്പോട്ടിനെ ആധാരമാക്കിയ കുറിപ്പ്.

സ: നാഗഭൂഷണും വാസ്തവങ്ങളും.

സ: നാഗഭൂഷൺ ഉന്നയിച്ച അഭിമുഖസംഭാഷണവേളയിൽ ചില പ്രശ്നങ്ങളുടെ പ്രതികരണം

(കഴിഞ്ഞലക്കത്തിൽ പ്രസിദ്ധീകരിച്ച 'ചോരയിൽ കുതിന്ന മേയ്ദിനം' ഇത്തവണപ്രസിദ്ധീകരിക്കാൻ കഴിഞ്ഞില്ല —റെഡ്ഗാർഡ്സ് സമിതി

പ്രതികരണങ്ങളും അഭിപ്രായങ്ങളും അറിയിക്കുക.

എഡിററർ
റെഡ് ഗാർഡ്സ്
14/8 ഫ്രാൻസിസ് റോഡ്
കോഴിക്കോട്—2

റെഡ്ഗാർഡ്സ്

പുസ്തകം – ഒന്ന്

ലക്കം – ആറ് – ഏഴ്

1982–ജൂലായ് – ആഗസ്റ്റ്

വില - രണ്ടുരൂപ

മുഖക്കുറിപ്പ്

വിലാപങ്ങളും വൃത്താന്തങ്ങളും പരസ്പരം മാറിപ്പോവുന്ന വാർത്തകളുമായാണ് മഴതന്നെയും വഴിമാറി പോവുന്ന ഇക്കാലത്ത് ദിനപത്രങ്ങളും വന്നുചേരുന്നത്. കാലവർഷം ചതിച്ചുണങ്ങിപ്പോയ നെല്ലും, രാഷ്ട്രശിരോമണി മാന്യ സെയിൽസിംഗിന്റെ സ്ഥാനാരോഹണവും കരിയച്ചിറയിലെ പിഞ്ചുമക്കളുടെ മരണങ്ങളുമൊക്കെ വികാരരഹിതമായി വായിച്ചു പോവുന്ന അക്ഷരക്കൂട്ടങ്ങളും മാത്രമായി മാറിയിരിക്കുന്നു. ഇതിനൊക്കെയിടയിൽ സ്വാതന്ത്ര്യദിനാഘോഷങ്ങളും കണ്ടുമടങ്ങുമ്പോഴും നമ്മുടെ ഇന്ദ്രിയങ്ങളും സ്വന്തം പ്രവൃത്തികളും മറന്നുപോവുന്നു. കഴിഞ്ഞ മുപ്പത്തഞ്ചുവർഷങ്ങളായി ആഗസ്റ്റ് പതിനഞ്ചിന്റെ മൈതാനിയിൽ ജനഗണമനകേട്ട് കണ്ണുഞ്ചി കാലുതളർന്നു നിൽക്കുന്നവരാണല്ലോ നമ്മൾ. ഒന്നുംയെന്നുമൊരുപോലെയായിരിക്കില്ലെന്ന് കരുതുകയും പ്രവർത്തിക്കുകയും ചെയ്യുവരിൽ പലരും മുന്നിലേക്ക് വന്നുവീണ ശൂന്യത ഭേദിക്കാൻ കുതറുന്നു. മറ്റു ചിലരാവട്ടെ സ്വന്തം വഴികളുടെ തടവുകാരായി പഴയ ആഗ്രഹചിന്തയുടെ ഗുഹകൾക്കുള്ളിലിപ്പൊഴും ഉറങ്ങുകതന്നെയാണ്.

ദേശീയസുരക്ഷിതത്വനിയമവും ചുട്ടുകൊല്ലുന്ന രാഷ്ട്രീയക്കാരും നിസ്സഹായരായ സാധാരണ മനുഷ്യരുമെല്ലാംകൂടി ഇനിയെന്ത് സംഭവിക്കുമെന്നറിയാത്ത ദുരന്തനാടകത്തിന്റെ ആദ്യരംഗമാണോർമ്മിപ്പിക്കുന്നത്. എല്ലാം കണ്ട് ശീതരക്തവുമായിരിക്കുന്ന കാണികളായി നാം മാറിപ്പോവുന്നതെന്തുകൊണ്ടാണ്? അപ്പോഴും വാസ്തവത്തിൽനിന്നും ആയിരം കാതം ദൂരെ, മനോരോഗികൾക്കുള്ളിലെ മായികദൃശ്യങ്ങൾക്ക് തുല്യമായ വാദകോലാഹലങ്ങൾക്കും അവകാശവാദങ്ങൾക്കുമിടയിലാണ് പലരും. ഒന്നും ശരിയായിരുന്നില്ലെന്നും എല്ലാം ശരിയായിരുന്നുവെന്നുമുള്ള വിപരീതങ്ങൾക്കിടയിലാണ് യാഥാർത്ഥ്യം. അതറിയാനും മുന്നോട്ടു പോവാനുമുള്ള വഴിയാണ് കണ്ടെത്തപ്പെടേണ്ടത്.

ഈ ഭൂമിയിലെ മുഴുവൻ മാലിന്യങ്ങളും ഒഴുക്കിക്കളയാനും അകം കുളിർപ്പിക്കാനും പ്രാപ്തിയുള്ള മഴ പെയ്യില്ലെന്ന് വിശ്വസിക്കാൻ മാത്രം മേഘശൂന്യമാണോ നമുക്ക് മുകളിലെയാകാശം ?

തിരുത്തൽ വാദത്തിന്റെ പ്രചരണ ജിഹ്വകളായ ചിന്തയും ദേശാഭിമാനിയുമൊക്കെ തിരസ്കരിച്ചുകൊണ്ട് പുതിയ കാഴ്ചപ്പാടുകളന്വേഷിക്കുന്നവരെല്ലാംതന്നെ തികഞ്ഞ ഗൌരവബോധത്തോടെയാണ് ''റെഡ്ഗാർഡ്സി''ന്റെ പിറവിയെ വീക്ഷിച്ചിരുന്നത്. എന്തുകൊണ്ടെന്നാൽ നക്സൽബാരി കർഷക സായുധ ഉയർത്തെഴുന്നേല്പിനു ശേഷം കേരളത്തിൽ നടന്ന പുത്തൻ സമരങ്ങളിലൂടെ ജനങ്ങൾക്കിടയിൽ അറിയപ്പെടുന്നവരാണ് ''റെഡ്ഗാർഡ്സി''ന്റെ ജനയിതാക്കൾ എന്നതുകൊണ്ടുതന്നെ. പക്ഷെ, ആദ്യലക്കംതന്നെ പ്രതീക്ഷിച്ചതിന്നു വിപരീതമായി ചില സംശയങ്ങൾ മാത്രം ജനിപ്പിച്ചെങ്കിലും പൌരാവകാശപ്പതിപ്പെന്ന അഞ്ചാംലക്കം ഈ സംശയത്തെ കൂടുതൽ സങ്കീർണ്ണമാക്കുന്നു.

ഭരണവർഗ്ഗങ്ങൾ പൌരാവകാശത്തിന്നെതിരെ നടത്തിയ കൊടുംക്രൂരതകൾ തുറന്നു കാട്ടുന്നതിൽ സച്ചിദാനന്ദൻ വഹിച്ച പങ്കിനെ അഭിനന്ദിക്കുമ്പോൾ തന്നെ ഇതിന്റെ മറവിൽ അദ്ദേഹം മുന്നോട്ടുവെക്കുന്ന വീക്ഷണങ്ങളെ പിച്ചിച്ചീന്തേണ്ടതാണ്. സച്ചിദാനന്ദൻ പറയുന്നു, ''അധികാരമല്ല, അവനവനു ബാഹ്യമായ എല്ലാം അധികാരരൂപങ്ങളിൽനിന്നുമുള്ള മോചനമാണ് അതിന്റെ ലക്ഷ്യം. അതു് ആയുധങ്ങളെയല്ല, ബോധത്തെയാണ് ആശ്രയിക്കുന്നതു്''. ഇവിടെ സ്പഷ്ടമായി സച്ചിദാനന്ദൻ ചില കാര്യങ്ങൾ വിളിച്ചുപറയുന്നുണ്ട്. എല്ലാ അധികാരത്തേയും എല്ലാ സായുധവൽക്കരണത്തേയും തള്ളിപ്പറയുന്നതിലൂടെ തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തേയും അതിനുവേണ്ടിയുള്ള സായുധ പോരാട്ടത്തെയും പരസ്യമായി ആക്ഷേപിക്കുകയാണ് ചെയ്യുന്നത്. അന്തിമ മോചനത്തിൽ എല്ലാ അധികാര രൂപങ്ങളും മൺമറയേണ്ടതാണെന്ന കാര്യത്തിൽ സംശയത്തിന്നവകാശമില്ല. എന്നാൽ അതിലേക്കുള്ള പ്രയാണമെന്ന നിലയിൽ ന്യൂനപക്ഷത്തിന്റെ അധികാര കേന്ദ്രങ്ങളെ തച്ചുടക്കുന്നതിനായി ഭൂരിപക്ഷത്തിന്റെ അധികാരകേന്ദ്രങ്ങളെ അംഗീകരിച്ചേ തീരൂ. ഈ യാഥാർത്ഥ്യം അംഗീകരിക്കാത്തവർ ചരിത്രത്തിൽ ഇതിനു് മുമ്പും ഉണ്ടായിട്ടുണ്ട്. അതെല്ലാംതന്നെ പഴംചരക്കുകളായി അംഗീകരിക്കപ്പെട്ടിട്ടുമുണ്ട്. അതുകൊണ്ടുതന്നെ സച്ചിദാനന്ദന്റെ ഈ പുതിയ ആവർത്തനം വിലപ്പോവില്ല. പക്ഷെ തലശ്ശേരി–പുല്പള്ളിയുടെ സന്തതിയും കേരളത്തിലെ ജനങ്ങൾക്കിടയിൽ വിപ്ലവകാരിയെന്നും അറിയപ്പെടുന്ന അജിതയുടെ പത്രാധിപത്യത്തിലുള്ള 'റെഡ്ഗാർഡ്സ്'' സച്ചിദാനന്ദന്റെ തലതിരിഞ്ഞ വാദഗതികൾക്കുവേണ്ടി ചുവന്ന പരവതാനി വിരിച്ചുകൊടുത്തെന്നോർക്കുമ്പോൾ ലജ്ജിച്ചു പോകുന്നു. സച്ചിദാനന്ദനെപ്പോലുള്ളവർക്ക് ചുവടൊപ്പിച്ചുകൊണ്ടു് അജിതയും ചില തുരുപ്പുശീട്ടുകളിറക്കിത്തുടങ്ങിയതായി കാണാം. ഒരു പ്രത്യേക ലൈനിനേയോ ഏതെങ്കിലുമൊരു വിഭാഗത്തേയോ 'റെഡ് ഗാർഡ്സ്'' പ്രതിനിധീകരിക്കുന്നില്ലത്രെ ! പുതിയകാലഘട്ടത്തിൽ അജിതക്കും 'റെഡ്ഗാർഡ്സിനും' അങ്ങിനെയാവാൻ കഴിയില്ല പോലും ! വർഗ്ഗ സമൂഹത്തിൽ ഓരോ വ്യക്തിയും ഏതെങ്കിലുമൊരു വർഗ്ഗത്തിന്റെ പ്രതിനിധിയായിരിക്കുമെന്ന് മാവോസേതുങ്ങ് പറയുന്നു.

'റെഡ്ഗാർഡ്സി'ന്ന് തീർച്ചയായും ഒരു പശ്ചാത്തലമുണ്ടെന്നു് അജിത തന്നെ സമ്മതിക്കുന്നുണ്ട്. സച്ചിദാനന്ദൻമാരേയും, സംഘടനാനിയമം പോലും അംഗീകരിക്കാത്തവരേയുമൊക്കെ പേറി നടക്കലാണ് പശ്ചാത്തലമെങ്കിൽ 'റെഡ് ഗാർഡ്സി'നെപ്പററി എന്നെപ്പോലുള്ളവരുടെ പ്രതീക്ഷകൾ അസ്ഥാനത്താണെന്നു മാത്രം.

നിഷ്ക്രിയമായിരിക്കുക എന്നാൽ കുററകരമായ അശ്രദ്ധയായി വിലയിരുത്തപ്പെടാൻ സാദ്ധ്യതയുള്ള ഇക്കാലത്ത് 'റെഡ്ഗാർഡ്സ്'' സൃഷ്ടിക്കുന്ന പ്രതികരണങ്ങൾ ജീവസ്സുററതാണ്. കഴിഞ്ഞ നാലുലക്കങ്ങളെ അപേക്ഷിച്ച്, അഞ്ചാം ലക്കം (പൗരാവകാശപതിപ്പ്) വീക്ഷണപരമായ സമഗ്രത പുലർത്തുന്നു. സമൂഹത്തിന്റെ സമസ്തമണ്ഡലങ്ങളിലും മനുഷ്യാവകാശങ്ങൾക്കു നേരെയുള്ള ഭരണകൂടത്തിന്റെ കടന്നാക്രമണത്തെ കാര്യകാരണ സഹിതം വിലയിരുത്താൻ ശ്രമിച്ചത് ഒരു ചെറിയ കാര്യമല്ല.

ഏതെങ്കിലും ഒരു ഗ്രൂപ്പിന്റെയോ, വിഭാഗത്തിന്റെയോ കുത്തകാവകാശമായി മനുഷ്യവിമോചനത്തെ കാണുന്ന 'ആശയ' ദാർഢ്യം ഇന്നു കൂടുതൽ ഛിദ്രഭംഗത്തിനേ വഴിവെയ്ക്കൂ. ഒരു വഴിമാത്രമാണ് ശരി—എന്ന ശാഠ്യബുദ്ധി പ്രശ്നങ്ങളുടെ പരിഹരണ പ്രക്രിയയെ തടയുകയേ ചെയ്യൂ. ഏകമാനമായ ഒരാശയത്തിന്നും ഇന്നിന്റെ സങ്കീർണ്ണതയെ വിലയിരുത്താനോ പരിഹരിക്കാനോ കഴിയില്ല.

എഴുപതുകളിൽ വസന്തത്തിന്റെ ആരവം മുഴക്കിയ വിപ്ലവപ്രസ്ഥാനം ചരിത്രത്തിന്റെ നിരവധി വൈതരണികളിൽ തട്ടി നാമമാത്രമായി പരിണമിച്ചിരിക്കുന്നു. പോയ നാളുകളിലെ തീവ്രവും തിക്തവുമായ അനുഭവങ്ങളെ പുതിയ മുന്നേററത്തിന് സഹായകമാവുന്ന ഗുണപാഠങ്ങളാക്കി മാററാൻ നമുക്ക് കഴിയണം.

വിപ്ലവപ്രസ്ഥാനത്തോട്പൊതുവിൽ പ്രതിജ്ഞാബദ്ധത പുലർത്തുമ്പോൾ തന്നെയും, തുടക്കം മുതലേ അതിന്റെ തകർച്ചക്ക് കാരണമായ വീക്ഷണ വൈകല്യങ്ങളെയും വിലയിരുത്തപ്പെടേണ്ടതുണ്ട്. ഇന്ത്യൻ ദേശീയതയുടെ സവിശേഷതകളെയും, സാമൂഹ്യപശ്ചാത്തലത്തേയും വിലയിരുത്തുന്നതിൽ കമ്യൂണിസ്റ്റുകാർ എന്നും ഒരു പരാജയമായിരുന്നു.

കെ. ജി. തോമസ്
ആറളം.

'റെഡ്ഗാർഡ്സിനു' അനുഭവജ്ഞാനത്തിന്റെ ശരിയായ പിൻബലമുണ്ടെന്ന് പുതിയ തുടക്കങ്ങൾ സൂചിപ്പിക്കുന്നു.

എം. കെ. രാമകൃഷ്ണൻ
പൊന്ന്യം

ഇതുവരെ ഇറങ്ങിയ എല്ലാ ലക്കം 'റെഡ് ഗാർഡ്സും വായിക്കാൻ കഴിഞ്ഞ ഒരു തൊഴിലാളിയാണ് ഞാൻ. 'റെഡ്ഗാർഡ്സി'ന്റെ നിലപാടിൽ സ്വാഭാവികമായും ചില സംശയങ്ങൾ ഒരു വായനക്കാരനായ എന്നിൽ ഉദിക്കുന്നു. പ്രത്യേകിച്ച് അഞ്ചാം ലക്കം പൗരാവകാശപ്പതിപ്പിൽ പത്രാധിപസമിതി എടുത്തിട്ടുള്ള നിലപാടിൽ.

ഒരു പൗരാവകാശപ്പതിപ്പ് ഇറക്കുമ്പോഴും പൗരാവകാശത്തെപ്പറ്റി ചർച്ച സംഘടിപ്പിക്കുമ്പോഴും (ഏതു രീതിയിലും ജനങ്ങളിൽ പ്രചരണം നടത്തുമ്പോൾ) കമ്മ്യൂണിസ്റ്റുകാർ എന്ന നിലക്ക് പ്രത്യേകിച്ച് ഒരു രാഷ്ട്രീയലൈനിന്റെ, ഒരു രാഷ്ട്രീയപ്രസ്ഥാനത്തിന്റെ നേതൃത്വ നിരയിലുള്ള സഖാക്കളുടെ മുൻകയ്യിൽ പുറത്തിറങ്ങുന്ന 'റെഡ്ഗാർഡ്സ്'' പൗരാവകാശ പ്രശ്നത്തിൽ ശരിയും ശാസ്ത്രീയവുമായ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് സിദ്ധാന്തത്തിൽ ഊന്നിക്കൊണ്ടു ശരിയായ നിലപാടുകൾ വിശദീകരിക്കേണ്ടതുണ്ട്.

'ഉള്ളടക്കം മെച്ചമുള്ളതാക്കാനും വീക്ഷണങ്ങളുടെ പരിമിതികൾ അതിലംഘിക്കുവാനും' 'ഒരു നല്ല നാളെക്ക്‌വേണ്ടിയുള്ള ആത്മബലിയേക്കാൾ ഒരു നല്ല ഇന്നിന്‌വേണ്ടിയുള്ള പ്രവർത്തനമാണ് ആശാവഹമെന്നു'' വിലയിരുത്തുന്ന ഒരു വ്യക്തി ഗസ്റ്റ് പത്രാധിപരായി പുറത്തിറങ്ങുമ്പോൾ, ഒരു വീക്ഷണം അവതരിപ്പിക്കപ്പെടുമ്പോൾ അതു് എങ്ങിനെ വർഗ്ഗസമരത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ, വിപ്ളവരാഷ്ട്രീയം ജനങ്ങളിൽ എത്തിക്കുന്നതിൽ, ഇൻഡ്യൻ കർഷക വിമോചനത്തിന് വേണ്ടിയുള്ള പോരാട്ടത്തിൽ എത്രത്തോളം സഹായകരമാണ് എന്ന് വിപ്ളവസമരങ്ങളെ ഏകീകരിച്ച്, മനുഷ്യവിമോചനത്തിന്റെ പോരാട്ടത്തിൽ മുന്നണി പങ്കാളിയായി നിൽക്കേണ്ട പാർട്ടി നേതൃത്വ സഖാക്കളുടെമുൻകയ്യിൽ പുറത്തിറങ്ങുന്ന മാസികവിലയിരുത്തേണ്ടതുണ്ട്.

ഒരു 'കലാകൗമുദി' സ്റ്റൈലിൽ സ്വന്തം വീക്ഷണങ്ങൾ പ്രകാശിപ്പിക്കാതിരിക്കയും, വ്യത്യസ്ത വീക്ഷണങ്ങളുടെ ഒരു സമാഹാരമാക്കുകയും അതുവഴി വായനക്കാരെ ആശയക്കുഴപ്പത്തിലാഴ്ത്തുകയുമാണ് ഇന്ന് റെഡ്ഗാർഡ്സ് ചെയ്യുന്നതു്.

— സജീൻ രാജ്. കന്ദമംഗലം

പ്രസ് തൊഴിലാളികളുടെ ജീവിതം വളരെ ഭംഗിയായി അവതരിപ്പിക്കാൻ ജോസിയുടെ ലേഖനത്തിന് കഴിഞ്ഞിട്ടുണ്ട്. ലേഖകനു് നന്ദി.

മൊത്തം ബഹുജനങ്ങളുടെ പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ടു മാത്രമേ പ്രസ് തൊഴിലാളികളുടെ പ്രശ്നങ്ങളും കാണാൻ പററൂ. അതുകൊണ്ടുതന്നെ ജനങ്ങളുടെ ആകെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതോടുകൂടി മാത്രമേ പ്രസ് തൊഴിലാളികളുടെ പ്രശ്നങ്ങളും പരിഹരിക്കപ്പെടൂ. ഒരു സാമൂഹ്യ വിപ്ളവത്തിൽക്കൂടി മാത്രമേ മൊത്തം ബഹുജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടൂ.

പ്രസ് തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് താൽക്കാലിക ശാന്തിക്കായുള്ള അന്വേഷണം നടത്തണമെന്നാണ് ജോസിയുടെ പക്ഷം. അതിന് ആരാണിവിടെ എതിര് പറഞ്ഞിട്ടുള്ളതു്? സാമൂഹ്യവിപ്ളവത്തിൽക്കൂടി അല്ലാതെ മറേറതെങ്കിലും രീതിയിൽ പ്രശ്നങ്ങൾ താൽക്കാലികമായി പരിഹരിക്കപ്പെട്ടെങ്കിൽ അതെത്രയും നല്ലത്‌തന്നെയാണ്.

എന്താണാവോ ലേഖകൻ മുന്നോട്ടുവെക്കുന്ന പരിഹാരമാർഗ്ഗം?

ഒരു സാമൂഹ്യവിപ്ലവത്തെക്കുറിച്ച് പറയുന്നത്‌പോലും ലേഖകനു് ഇന്ന് അലർജിയായിത്തീർന്നിരിക്കുന്നു. അദ്ദേഹം മുന്നോട്ടുവെക്കുന്ന പരിഹാരമാർഗ്ഗമാണ് അതിവിചിത്രമായിട്ടുള്ളത്. ''......സാമൂഹ്യവിപ്ലവമെന്ന ഒററമൂലി ഇവിടെ പരിഗണനാർഹംപോലും അല്ല'' എന്ന് പറയുന്ന ലേഖകൻ പറയുന്നത് നോക്കുക. വിശാലാടിസ്ഥാനത്തിൽ പ്രസ് തൊഴിലാളികൾസംഘടിക്കണമെന്നും, അവരുടെ ഒരു യഥാർത്ഥ സഹകരണ സംഘം രൂപീകരിക്കണമെന്നും, ഇത്തരത്തിൽ രൂപംകൊള്ളുന്ന സംഘടന സ്ഥാപനങ്ങളുടെതന്നെ നടത്തിപ്പ് ഏറെറടുക്കാൻ പര്യാപ്തമാകണം എന്നും മററും കാര്യങ്ങൾ എത്ര ലഘുവായിട്ടാണ് ലേഖകൻ കണ്ടിട്ടുള്ളത്. ഇന്നിവിടെ പ്രവർത്തിക്കുന്ന മിക്കവാറും പ്രസ് സ്ഥാപനങ്ങൾ ഏതെങ്കിലും സ്വകാര്യ വ്യക്തി മുതൽമുടക്കി സ്ഥാപിച്ച അവർ കാത്തുസൂക്ഷിക്കുന്നസ്വകാര്യ സ്വത്തുക്കളാണ്. അത് തൊഴിലാളി സഹകരണ സംഘങ്ങൾ ഏറെറടുത്തു നടത്തണം എന്ന് പറയുമ്പോൾ വളരെ എളുപ്പമായിരിക്കുന്നു. ഒരു സുപ്രഭാതത്തിൽ, എല്ലാ പ്രസ്സ് മുതലാളിമാരും തങ്ങളുടെ സ്ഥാപനങ്ങൾ നിങ്ങൾ നടത്തിക്കൊള്ളു എന്ന് പറഞ്ഞു് തൊഴിലാളി സഹകരണസംഘങ്ങൾക്ക് വിട്ടുകൊടുക്കും എന്ന സങ്കൽപമാണോ ലേഖകനുള്ളത്? ലേഖകൻ പറയുന്നത് അപ്രായോഗികമാണെന്നു പറയട്ടെ.

ആകെക്കൂടി ലേഖകന് എന്തിനെയൊക്കെയോ വിമർശിക്കുക എന്ന ''ദ്വാശി'' മാത്രമേയുള്ളുവെന്ന സംശയമുണ്ട്.

ആശയസമരത്തിന്റെ രംഗത്ത് പുതുതായി ഉദയംചെയ്ത റെഡ്ഗാർഡ്സിന് അഭിവാദനങ്ങൾ.

''നൂറ് പുഷ്പങ്ങൾ വിരിയട്ടെ
നൂറ് ചിന്താധാരകൾ ഏററുമുട്ടട്ടെ ...

—പയ്യന്നൂർ കൃഷ്ണൻ
കമ്പോസിററർ

ശേഷം 36ൽ

ഏററവും വലിയ ജനാധിപത്യരാജ്യത്തിൽ....

[കഴിഞ്ഞ മെയ്മാസം അവസാനത്തിൽ അത്തോളിയിൽ വെച്ച നടന്ന ജനകീയ സാംസ്ക്കാരികവേദി സംസ്ഥാന സമ്മേളനത്തിൽപങ്കെടുക്കാൻ കേരളത്തിലെത്തിയ വരവരറാവു (ആന്ധ്ര), കാഞ്ചൻ കുമാർ (ഡൽഹി), വിദ്യുത് ഭൌമിക്, ദേവബ്രതപാണ്ഡെ (പശ്ചിമബംഗാൾ) എന്നീ സൌഹാർദ്ദ പ്രതിനിധികളുമായി ''റെഡ്ഗാർഡ്സ്'' പ്രവർത്തകർ നടത്തിയ അഭിമുഖ സംഭാഷണങ്ങളുടെ ഒരു റിപ്പോർട്ടാണ് താഴെ കൊടുക്കുന്നത്—'റെഡ്ഗാർഡ്സ് സമിതി']

കാഞ്ചൻകുമാർ :

പൗരാവകാശ പ്രസ്ഥാനം ഇന്ന് ഡൽഹിയിലെ ഉൽപ്പതിഷ്ണുക്കൾക്കിടയിൽ വളരെയധികം ചർച്ചചെയ്യപ്പെടുന്നു. ചെറിയ ഗ്രൂപ്പുകളായി ഡൽഹിയിൽ അത് പ്രവർത്തിച്ചു തുടങ്ങുകയും അഖിലേന്ത്യാടിസ്ഥാനത്തിൽ വ്യാപിക്കുകയും ചെയ്തു. അടിയന്തരാവസ്ഥയിലാണ് ഒരു സംഘടന ഈ രംഗത്ത് സജീവമായി പ്രത്യക്ഷപ്പെട്ടത്. ജയപ്രകാശ് നാരായണൻ ചെയർമാനായിക്കൊണ്ട് രൂപീകരിക്കപ്പെട്ട PUCLDR (പീപ്പിൾസ് യൂനിയൻ ഫോർ സിവിൽ ലിബർട്ടീസ് ആൻറ് ഡമോക്രാററിക് റൈററ്സ്) ആയിരുന്നു അത്. തൊഴിലാളികളുടേയും കർഷകരുടേയും മധ്യവർഗ്ഗത്തിലെ നല്ലൊരു ശതമാനത്തിൻെറയും പൗരാവകാശങ്ങൾ അന്ന് ഹനിക്കപ്പെട്ടിരുന്നു. 1977 ൽ ജനതാപാർട്ടി അധികാരത്തിൽ വന്നതിനുശേഷം അതിലെ പലരും നിർജ്ജീവരായി. ജനതാപാർട്ടിതന്നെ ഭരണകക്ഷിയായി കൊള്ളമുതൽ പങ്ക്‌വെക്കാൻ തുടങ്ങിയതോടെ പൗരസ്വാതന്ത്ര്യത്തിൻെറയും ജനാധിപത്യാവകാശങ്ങളുടേയും പ്രശ്നങ്ങൾ മുൻപ് പ്രവർത്തിച്ചവർ തന്നെ കൈയൊഴിച്ചു. അവയൊന്നും ധ്വംസിക്കുന്നില്ലെന്ന് പെരുമ്പറയടിക്കുമ്പോഴും അവർ തൊഴിലാളികളേയും മററും അടിച്ചമർത്തുകയായിരുന്നു. എന്നാൽ PUCLDR ൻെറ ഡൽഹി യൂണിററ് സിംഗ്ഭൂമിലേയും മററും പ്രവർത്തനങ്ങളേറെറടുത്ത് ജനതാപാർട്ടിയുടെ വാദങ്ങളെ തള്ളിക്കളഞ്ഞ് മുന്നോട്ടുപോയി. എവിടെയെല്ലാം അടിച്ചമർത്തലുകൾ നടക്കുന്നുവോ അവിടെയൊക്കെയും തങ്ങളുടെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് അന്വേഷണസംഘങ്ങളെ അയക്കുകയും യാഥാർത്ഥ്യങ്ങൾ പുറത്ത് കൊണ്ടുവരുന്നതിനു വേണ്ടി ശ്രമിക്കുകയും ചെയ്തു.

ജനതാഭരണകാലത്ത് മററിടങ്ങളിലെ PUCLDRൻെറ ഘടകങ്ങൾ പ്രവർത്തനരഹിതമായിരുന്നു. എന്നാൽ ഇന്ദിരാഗാന്ധിയുടെ തിരിച്ചുവരവ് മൂലം എല്ലാവർക്കും, പ്രത്യേകിച്ചും പ്രതിപക്ഷകക്ഷികൾക്ക് വീണ്ടും അത് സജീവമാക്കണമെന്ന് തോന്നി. അപ്പോൾ അവർ പറഞ്ഞിരുന്നത് വ്യക്തി സ്വാതന്ത്ര്യനുവേണ്ടി അവർ സമരം ചെയ്യുകയായിരുന്നുവെന്നാണ്. ഭരണ ഘടന തന്നെ നൽകിയ ജനാധിപത്യാവകാശങ്ങൾക്കുള്ള പോരാട്ടം കൂടി നമ്മുടെ പരിപാടിയിൽ ഉൾപ്പെടുത്താൻ ഡൽഹിയിലെ ചെറിയ സംഘടനകൾ അക്ഷീണം സമരം ചെയ്തിരുന്നു. എന്നാൽ കേന്ദ്ര PUCL അതിനോട് യോജിച്ചില്ല. അക്കാര്യത്തിൽ ഒരു പിളർപ്പുണ്ടായി. രാഷ്ട്രീയതടവുകാർക്കായി പോരാടുക, കേസുകൾ ഏറെറടുക്കുക തുടങ്ങിയ കാര്യങ്ങളോട് PUCL ന് കഠിനമായ വിയോജിപ്പായിരുന്നു ഉണ്ടായിരുന്നത്. ഞങ്ങളാവട്ടെ അതിനുവേണ്ടിയായിരുന്നു വാദിച്ചിരുന്നത്. അവരെല്ലാം കൂടി അഖിലേന്ത്യാ PUCL രൂപീകരിച്ചു. PUCLDR ലെ ചില സഖാക്കൾ ആ സംഘടനയിലേക്ക്പോയി. എന്നാൽ പകുതിയിലധികം പേർ ഞങ്ങളുടെ സംഘടനയിൽ തന്നെ ഉറച്ചു നിൽക്കുകയും സംഘടനയുടെ പേര് PUDR (പീപ്പിൾസ് യൂനിയൻ ഫോർ ഡമോക്രാററിക് റൈററ്സ്) എന്നാക്കി മാററുകയും ചെയ്തു. ഇപ്പോൾ PUCL ഉം PUDR ഉം നിലനിൽക്കുന്നു. പോലീസ് മർദ്ദിച്ചൊതുക്കിയ ബി ജെ പി പ്രസ്ഥാനത്തിൻെറയും അദിലബാദിലെ കർഷകരെ വെടിവെച്ചതും സിംഗ്ഭൂമിലെ ആദിവാസികളുടെ പ്രശ്നങ്ങളുമൊക്കെ പൗരാവകാശ പ്രസ്ഥാനത്തിൻെറ പരിധിയിലെ കാര്യങ്ങളാണെന്ന് ഞങ്ങൾ ചിന്തിച്ചു. 'ഏഷ്യാഡ്'' തൊഴിലാളികളുടെ പ്രശ്നവും ഞങ്ങളുയർത്തിയിരുന്നു. എങ്ങിനെ ഇന്ത്യ മഹാരാജ്യത്തിൻെറ തലസ്ഥാനനഗരിയുടെ ഹൃദയഭാഗത്ത് മിനിമം കൂലിപോലും നിഷേധിക്കപ്പെടുന്നുവെന്ന് ഞങ്ങൾക്ക് വെളിപ്പെടുത്താൻ കഴിഞ്ഞു. അതോടൊപ്പം തന്നെ പാററ്നയിലെ കൊലപാതകങ്ങളുടെ കാര്യത്തിൽ എത്ര ഭംഗിയായായി അവർ നുണ പറയുന്നുവെന്ന് തെളിയിക്കാനും ഫോറസ്റ്റ് ബില്ലിലൂടെ ആദിവാസികൾക്ക് നേരെയുള്ള അപ്രഖ്യാപിത യുദ്ധത്തിൻെറ പ്രശ്നങ്ങൾ മുന്നോട്ടുകൊണ്ടുവരാനുമൊക്കെ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. പൗരാവകാശ പ്രസ്ഥാനങ്ങളുടെ രംഗം ഇടുങ്ങിയതാവാതിരിക്കണമെങ്കിൽ ജനങ്ങളുടെ മുഴുവൻ അവകാശങ്ങൾക്കും വേണ്ടി അവർ നിലകൊണ്ടേമതിയാവൂ. അപ്പോൾ മാത്രമേ തങ്ങളുടെ അവകാശങ്ങൾക്കുമേൽ കൂടുതൽ കൂടുതലായി വിലങ്ങ്‌വെക്കപ്പെടുന്ന ജനസാമാന്യത്തോട് അതിന് നീതി പുലർത്താൻ കഴിയൂ.

വരവരറാവു :

സഖാവ് കാഞ്ചൻ കുമാർ പറഞ്ഞതിനോടനുബന്ധമായ ചില കാര്യങ്ങൾ ഞാനാദ്യമായി പറയട്ടെ. ജനതാപാർട്ടി അധികാരത്തിൽ വന്ന ഉടനെ ബോംബേയിൽവെച്ച് കൂടിയ ദേശീയ കൗൺസിൽ യോഗത്തിൽവെച്ച് എല്ലാ അവകാശങ്ങളും പുന:സ്ഥാപിച്ചതിനാൽ അത്തരമൊരു സംഘടനയുടെ ആവശ്യമില്ലെന്ന് ശ്രീ. M C ചഗ്ല പ്രസ്താവിച്ചിരുന്നു. പലരും അതിനെ എതിർത്തു. പിന്നീട് ഇന്ദിര തിരിച്ചുവന്നതിന് ശേഷം സജീവമായി തുടങ്ങിയ പ്രസ്ഥാനത്തിൽ അത്തരമാളുകൾ ഒന്നിച്ചുകൂടി PUCLDR ൽ നിന്നും DR എടുത്തു കളയാൻ തീരുമാനിച്ച് ജനതാപാർട്ടിയോട് ബന്ധപ്പെട്ടിരുന്നവർ അവരുടേതായ രീതിയിലാണ് കാര്യങ്ങൾ കൈകാര്യം ചെയ്തിരുന്നത്. സംഘടനയുടെ പേരിൽ നിന്നും ജനാധിപത്യാവകാശങ്ങൾ (DR) എടുത്തുകളയുക വഴി അവർ തനിനിറത്തോടെ പുറത്ത് വരികയാണ് ചെയ്തത്.

നാഗൻമാരുടെ പൗരസ്വാതന്ത്ര്യത്തിന്റെ പ്രശ്നം ഏറ്റെടുക്കാനോ, അതിനുവേണ്ടി സംസാരിക്കാനോ തയ്യാറില്ലാത്തവർ കോൺ(ഐ) ജനറൽ സിക്രട്ടറി മഹാപത്രയെ അതിന്റെ രണ്ടാം സമ്മേളനത്തിൽ ക്ഷണിക്കാൻ മനസ്സു കാണിച്ചു. ജനാധിപത്യവിശ്വാസികളുടെ എതിർപ്പുകാരണം അത് നടന്നില്ല.

ഞാൻ ആന്ധ്രപ്രദേശ് പൗരാവകാശ സമിതിയുടെ പ്രവർത്തകനാണ്. (APCLC) അതേസമയം PUCLന്റെ പ്രവർത്തനങ്ങളെ വീക്ഷിക്കുന്ന ഒരാളും. അതിന്റെ മദിരാശി സമ്മേളനത്തിൽ ചോ ഒരു പ്രശ്നമുന്നയിച്ചു; അതായത് പൗരസ്വാതന്ത്ര്യത്തിന്റെ പ്രശ്നം ഏറ്റെടുക്കുമ്പോൾ ഞങ്ങൾ നക്സൽഅക്രമങ്ങളെ തള്ളിപ്പറയണമെന്ന്. ഭരണകൂടത്തിന്റെ അക്രമങ്ങളെ കുററപ്പെടുത്തുമ്പോൾ അക്രമത്തിലേർപ്പെടുന്ന വിഭാഗങ്ങളേയും കുററപ്പെടുത്തണമെന്ന്. ഞാനങ്ങിനെ കരുതുന്നില്ല. ഒരു പൗരാവകാശ സംഘടനക്ക് എല്ലാ തരം അക്രമങ്ങളെയും കുറിച്ച് സംസാരിക്കേണ്ടതില്ല. കാരണം പൗരന്ന് ഭരണഘടനതന്നെ അനുവദിച്ച അവകാശങ്ങൾ ലഭ്യമാവുന്നുണ്ടോയെന്നാണ് അത് പരിശോധിക്കേണ്ടത്. എത്ര വലിയ കുററവാളിയാണെങ്കിൽ പോലും 24 മണിക്കൂറിലധികം പോലീസ് കസ്റ്റഡിയിൽ സൂക്ഷിക്കരുതെന്നും അയാളെ കോടതിയിൽ ഹാജരാക്കി വിചാരണചെയ്യണമെന്നും മററും സക്കാറിനോട വശ്യപ്പെടാൻ കഴിയണം. നിയമങ്ങൾ സംരക്ഷിക്കേണ്ട ഭരണകൂടം തന്നെ അത് ലംഘിക്കുമ്പോൾ അതിനുവേണ്ടി പോരടിക്കുകയാണ് പൗരാവകാശ പ്രസ്ഥാനം ചെയ്യേണ്ടത്. അല്ലാതെ പൗരൻമാർ അക്രമങ്ങൾ ചെയ്യുന്നോ എന്നു പരിശോധിക്കലല്ല. അവർക്ക് അക്രമവും അക്രമരാഹിത്യവും ശരിയും തെററും വേർതിരിച്ചെടുക്കാനുള്ള ഒരു ഉപകരണവുമില്ലല്ലോ.

ആന്ധ്രയിലെ പൗരാവകാശ പ്രസ്ഥാനമഭിമുഖീകരിക്കുന്ന ചില കാര്യങ്ങൾ ഞാൻ പറയട്ടെ. ''ഏററുമുട്ടലു''കളുടെ യഥാർത്ഥ കഥ വെളിപ്പെടുത്തുന്നതിന്ന് പലപ്പോഴും ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. ഏററുമുട്ടലുകളുടെ പേരിൽ ഭരണകൂടം നടത്തിയ അതിനീചമായ കൊലപാതകങ്ങളിലേക്ക് വെളിച്ചം വീശിയിട്ടുണ്ട്. ഭരണകൂടംനേരിട്ടിടപ്പെടുന്നവയിലേക്ക് മാത്രമേ വസ്തുതാന്വേഷണ സംഘങ്ങളെ ഞങ്ങളയച്ചിരുന്നുള്ളു. എന്നാൽ PUCL ആവട്ടെ കരിമണ്ണുയാർ ജില്ലയിൽ പീപ്പിൾസ്‌വാർ, ഗ്രൂപ്പുകാർ ഒരു ഭൂപ്രഭുവിനെ വധിച്ചപ്പോൾ വസ്തുതാന്വേഷണത്തിനു പോയിരുന്നു. ഒരു തെളിവും അവർക്ക് ലഭിക്കാത്തതിനാൽ റിപ്പോർട്ടുകളൊന്നുമുണ്ടായില്ല. PUCLഉംമായി നല്ലബന്ധം സ്ഥാപിക്കാൻ ഞങ്ങളാഗ്രഹിച്ചിട്ടും APCL നക്സലൈററ് സംഘടനയെന്ന് മുദ്രകുത്തി വിട്ടുനിർത്താനായിരുന്നു അവർ ശ്രമിച്ചത്. APCL 1970ൽ തന്നെ പ്രവർത്തനമാരംഭിച്ചിരുന്നു. ആദ്യഘട്ടത്തിൽ പ്രകടമായ രാഷ്ട്രീയ നിലപാടുകൾ അവക്കുണ്ടായിരുന്നു അതിന്റെ വേദിയിൽനിന്നുകൊണ്ട് എന്നെപ്പോലുള്ളവർ സായുധവിപ്ലവത്തിന്റെ പ്രസക്തി പ്രസംഗിച്ചിരുന്നു. '77ന്ശേഷം അത്തരം വേദികളിൽനിന്ന് രാഷ്ട്രീയ പ്രചരണം നടത്തുന്നത് ശരിയല്ലെന്ന് ഞങ്ങൾക്ക് ബോധ്യപ്പെട്ടു. അടിയന്തിരാവസ്ഥയിൽ വളരെ കാര്യങ്ങൾ ചെയ്ത സ: കർമ്മഭൂഷനാണ് അതിന്റെ പ്രസിഡണ്ട്.

ആന്ധ്രയിൽ ശ്രീകാകുളം സമരത്തിന്റെ ഘട്ടത്തിൽ 350പേരും അടിയന്തിരാവസ്ഥയിൽ 80പേരും കൊല്ലപ്പെട്ടിരുന്നു. അതിനുശേഷം എൺപതോളം 'ഏററുമുട്ടലു'കളുടെ തെളിവുകൾ ഞങ്ങൾക്കുണ്ടാക്കാനും അതന്വേഷിക്കാൻ നിയമിക്കപ്പെട്ട ഭാർഗ്ഗവകമ്മീഷനു് സമർപ്പിക്കാനും കഴിഞ്ഞു. ആദ്യത്തെ തെളിവ് നൽകിയപ്പോഴേക്കും തന്നെ കമ്മീഷൻ പ്രവർത്തനം നിർത്തിവെച്ചു. സുന്ദരയ്യയെപ്പോലുള്ളവർ ആദ്യം സഹകരിച്ചിരുന്നുവെങ്കിലും തെരഞ്ഞെടുപ്പ് കഴിഞ്ഞതോടെ അവർ മിണ്ടാതായി. കമ്മീഷൻ നിർത്തിവെച്ചപ്പോൾ ഒരു പ്രതിഷേധമറിയിക്കാൻ പോലും അവർ സന്നദ്ധരായില്ല ഏററുമുട്ടലുകളൊക്കെ സക്കാർ നടത്തിയ കൊലപാതകങ്ങളായിരുന്നു എന്ന് തെളിയിക്കപ്പെട്ടതിനുശേഷവും പിന്നേയുമത് നടക്കുന്നു. അടുത്തകാലത്തായി 18 പേരെ കൊന്നൊടുക്കി. ഈയടുത്തകാലത്ത് സൂര്യപേട്ട് താലൂക്കിൽ നടന്ന സംഭവത്തെകുറിച്ച് നിങ്ങളും കേട്ടിട്ടുണ്ടായിരിക്കും. അവിടെ വെച്ച് സ:പരശയ്യയെയുംഅറസ്റ്റ്ചെയ്തു. ഖമ്മത്ത് വെച്ച് രവീന്ദ്രറെഡ്ഡിയേയും. രണ്ടുപേരെയും ഖമ്മത്ത് കോടതിയിൽ ഹാജരാക്കുകയും ആ വാർത്ത പത്രങ്ങൾ റിപ്പോർട്ട് ചെയ്യുകയും ചെയ്തു. പിറേറന്ന് പത്രങ്ങൾ പുറത്തിറങ്ങിയത് അവരേററുമുട്ടലിൽ മരിച്ചുവെന്ന വാർത്തയുംകൊണ്ടായിരുന്നു. മജിസ്രേട്ടിന്റെ വീട്ടിൽനിന്നു പുറത്തിറങ്ങുമ്പോൾ അവരെ പോലീസ് വെടിവെച്ചു. യൂണിഫോറം ധരിച്ച പോലീസുകാരായിരുന്നു അത് ചെയ്തത്. പരശയ്യ സംഭവസ്ഥലത്ത് വെച്ചും രവീന്ദ്രറെഡ്ഡി ആസ്പത്രിയിൽ വെച്ചും മരിച്ചു. ഡോക്ടറോട് തങ്ങളെ വധിക്കാൻ ശ്രമമുണ്ടായതായി രവീന്ദ്രറെഡ്ഡി പറഞ്ഞു. ഇങ്ങനെ അനവധി സംഭവങ്ങൾ ഉണ്ടാവാറുണ്ട്. ഒരു ഹരിജൻ യുവാവിനെ അയാളുടെ ഗ്രാമത്തിൽവെച്ച് പോലീസ് അറസ്റ്റ് ചെയ്തു. ജന്മിയോടൊപ്പം ഒരു ജീപ്പിലാണ് പോലീസ് ചെന്നത്. ''ഹരിജനെ എനിക്ക് വിട്ടുതരിക. ഞാൻ പ്രതികാരം ചെയ്തുകൊള്ളാ'' മെന്ന് ജന്മിപോലീസിനോട് പറഞ്ഞത്രെ. യുവാവ് തന്നെ കൊല്ലാൻ ശ്രമിച്ചിരുന്നു എന്നായിരുന്നു ജന്മിയുടെ പരാതി. പോലീസ് ആദ്യം അനുസരിച്ചില്ല. പിന്നീട് എസ്സ്.ഐക്ക് ഇരുപത്തിഅയ്യായിരം ഉറുപ്പികകൊടുത്തുവെന്നും യുവാവിനെ ഏററുവാങ്ങി കൊന്നുവെന്നും ജനങ്ങളൊക്കെ പറയുന്നു. പോലീസ് കസ്ററഡിയിലുള്ള ഒരാളെ ജന്മിക്ക് കൊല്ലാൻ കൊടുക്കുന്ന നീതി നിലനില്ക്കുന്ന ഒരു സമൂഹത്തിൽ പൗരാവകാശപ്രസ്ഥാനം കൂടുതൽ ആഴത്തിൽ വേരു പിടിക്കേണ്ടിയിരിക്കുന്നു.

വിദ്യുത് ഭൌമിക്:

ഇന്ത്യയിലെ പൊതുവിലുള്ള പൗരവകാശ പ്രസ്ഥാനത്തെക്കുറിച്ച് നന്നായി എനിക്കറിയില്ല. പക്ഷേ ബംഗാളിലെ പ്രസ്ഥാനത്തെക്കുറിച്ച് ചിലകാര്യങ്ങൾ എനിക്ക് പറയാൻ കഴിയും. രണ്ടു പൗരാവകാശസംഘടനകളാണ് അവിടെയുള്ളത്. APDR (അസോസിയേഷൻ ഫോർ ദ പ്രൊട്ടൻഷൻ ഓഫ്ഡെമോക്രാററിക് റൈററ്സ്) UEDR (യൂണിയൻ ഫോർ എസ്ററാബ്ളിഷ്മെൻറ് ഓഫ് ഡെമോക്രാററിക് റൈററ്സ്.) പക്ഷേ ഇവ രണ്ടും ഇന്ന് വേണ്ടത്ര സജീവ മല്ല.

നക്സലൈററുകളുടെ മേൽ ക്രൂരമായ മർദ്ദനം അഴിച്ചുവിട്ടിരുന്ന ഘട്ടത്തിൽ ജയശ്രീറാണ, കപിൽ ഭട്ടാചാര്യ തുടങ്ങിയവർ ഇതിനെതിരെ പ്രതിഷേധിക്കുകയും ഒരുസംഘടനയുണ്ടാക്കുകയും ചെയ്തു. അവക്ക് കുറേ പ്രവർത്തിക്കാൻ കഴിഞ്ഞുവെങ്കിൽക്കൂടി ജനങ്ങളെ അണിനിരത്താൻ അവക്കായില്ല. ജനാധിപത്യാവകാശങ്ങൾ സ്ഥാപിക്കണോ, സംരക്ഷിക്കണോ, അവയുണ്ടോയില്ലയോ തുടങ്ങിയ പ്രശ്നങ്ങൾക്ക് മേൽ സംഘടന പിളരുകയും മറെറാന്നുണ്ടാവുകയും ചെയ്തു.

മറ്റൊരു സന്ദർഭത്തിൽ പശ്ചിമ ദിനാജ്പൂരിലെ ഇസ്ലാംപൂർ എന്ന ഗ്രാമത്തിൽ കൊള്ളക്കാരുടെ ശല്യം സഹിക്കവയ്യാഞ്ഞ് പ്രദേശത്തെ സബ്ഡിവിഷനൽ ആഫീസർക്ക് ജനങ്ങൾ പലതവണ മെമ്മോറാണ്ടങ്ങൾ നൽകുകയും പ്രതിനിധി സംഘങ്ങൾ ചെന്ന് സ്ഥിതി വിവരിക്കുകയുമൊക്കെ ചെയ്തിരുന്നു. പക്ഷെ, അധികൃതർ തിരിഞ്ഞു നോക്കിയില്ല. ഒരു ദിവസം ഒരു പോലീസ് പെട്രോൾ പാർട്ടി കടന്നുപോയപ്പോൾ നാട്ടുകാർ പിടിച്ചുവെച്ചു. അതിന്റെ ഫലം ആ ഗ്രാമത്തിലെ എല്ലാ വീടുകളും ഒന്നൊഴിയാതെ തീവെച്ച് നശിപ്പിക്കപ്പെട്ടുവെന്നതായിരുന്നു.

പിന്നീട് PUCL ഉം രൂപീകരിക്കപ്പെട്ടു.

ഈയടുത്തകാലത്ത് സുന്ദർബാനിലെ മാരിൻചപ്പിയിലെ അഭയാർത്ഥികളെ ഭീകരമായി അടിച്ചമർത്തിയ സംഭവങ്ങളുണ്ടായി. മധ്യപ്രദേശിലെ ഒരു ആദിവാസി ക്യാമ്പിൽനിന്നുവന്നവരായിരുന്നു അവിടെ താവളമടിച്ചിരുന്നത്. അവിടെഅവർ കൃഷിചെയ്തും മത്സ്യബന്ധനം നടത്തിയും ജീവിച്ചു പോരുന്നതിനിടയിലാണ്, അപകടകരമായ പ്രദേശമായി സർക്കാർ കണ്ടെത്തുകയും ജനങ്ങളെ അടിച്ചമർത്തുവാൻ പദ്ധതികളാവിഷ്കരിക്കുകയും ചെയ്തത്. ജനങ്ങൾ ചെറുത്തുനിന്നു. കര-നാവിക സേനകളെ സർക്കാർ ഉപയോഗപ്പെടുത്തി. ഭൂമിശാസ്ത്രപരമായി ജനങ്ങൾക്ക് അനുകൂലമയിരുന്ന ആ പ്രദേശം ബുൾഡോസർ ഉപയോഗിച്ചാണ് തകർത്തത്. എത്രപേർ അന്നവിടെ കൊല്ലപ്പെട്ടുവെന്ന് ആർക്കുമറിയില്ല. ശേഷിച്ചവരെമധ്യപ്രദേശിലെ 'മാന' ക്യാമ്പിലേക്ക് തിരിച്ചയക്കുകയും ചെയ്തു.

ഈയിടെയായി ഇടതുപക്ഷ മുന്നണി സർക്കാരിന്റെ പൌരാവകാശ ധ്വംസനങ്ങൾക്ക് ഒരു ദ്വിമുഖസ്വഭാവമുണ്ട്. കോൺഗ്രസ് ഐ) യുമായി കൂട്ടുചേർന്ന് കൊണ്ട് നക്സലൈറ്റുകൾക്കെതിരായി നടത്തുന്ന അടിച്ചമർത്തൽ നടപടികളാണ് ഒന്ന്. മറ്റത് നക്സലൈറ്റ് വിരുദ്ധസ്ക്വാഡുകൾ പോലീസ് വകുപ്പ് കൈകാര്യം ചെയ്യുന്നതല്ല എന്നതാണ് ബംഗാളിലെ ഒരു പ്രത്യേകത. അത് കോൺഗ്രസ്സ് (ഐ), പോലീസ്, സാമൂഹ്യവിരുദ്ധ ശക്തികൾ ഇവയുടെ ഒത്തുകളിയാണ്. രാത്രി സമയങ്ങളിൽ വീടുകളിൽച്ചെന്ന് തങ്ങൾക്കാവശ്യമുള്ളവരെ വലിച്ചു പുറത്തിട്ട് പ്രഹരിക്കുകയോ ചിലപ്പോൾ കൊല്ലുകയോ ചെയ്യുന്നു. ഇത്തരം ഹീനപ്രവൃത്തികൾക്കെതിരെ ജനാധിപത്യാവകാശങ്ങൾക്കുവേണ്ടിയുള്ള പോരാട്ടം ഒറ്റതിരിഞ്ഞും കൂട്ടായും നടക്കുന്നുണ്ട്. നാദിയ ജില്ലയിലാണ് ഈ സമരം കുറച്ചൊക്കെ ശക്തമായത്. മുകളിൽ പറഞ്ഞ ജനാധിപത്യാവകാശ സമിതികളാണ് ഈ സമരം സംഘടിപ്പിക്കുന്നത്. ഇവിടെ ഇത്തരം സംഘടനകളെല്ലാം തന്നെ ഒന്നിച്ചുനിന്നുകൊണ്ടാണ് പ്രവർത്തിക്കുന്നത് എന്ന കാര്യം ശ്രദ്ധേയമാണ്. അവർ ജനങ്ങളെ അവരവരുടെ വാസസ്ഥലങ്ങളിൽ പോയി സംഘടിപ്പിക്കുന്നു. അഞ്ചു തവണ അവർക്ക് ജനങ്ങളുടെ സഹായത്തോടെ പോലീസ് പിടിയിലകപ്പെട്ടവരെ വിടുവിക്കാൻ കഴിഞ്ഞു. ഈസ്റ്റേൺ ഫ്രോൺടിയർ റൈഫിൾസ് (EFR), ബി. എസ്. എഫ് എന്നീ സായുധസേനകളുമായി ചേർന്നുകൊണ്ട് നാദിയയിലെ പോലീസ് സകല നിയന്ത്രണങ്ങളും വിട്ട് പെരുമാറുകയാണ്. മറ്റു സ്ഥലങ്ങളിൽ ഇതു് അത്രയധികമില്ല. നാദിയയിൽ ജനകീയ സമരമുണ്ട്. ഈ സമരം എല്ലാ വിപ്ലവശക്തികളും ഒന്നിച്ചാണ്സംഘടിപ്പിക്കുന്നതു്. അസിസുൽഹക്കിന്റേയും നിഷിത് ഭട്ടാചാര്യയുടെയും നേതൃത്വത്തിലുള്ള ഗ്രൂപ്പിന്റെ (രണ്ടാം കേന്ദ്രക്കമ്മിറ്റി അഥവാ ലിൻപിയോ അനുകൂലഗ്രൂപ്പ്) സാന്നിദ്ധ്യം അവിടത്തെ ഒരു പ്രത്യേകതയാണ്. അവർ ഉന്മൂലനത്തിന്നുവേണ്ടി നിലകൊള്ളുന്നു. ഇപ്പോഴും വർഗ്ഗശത്രുക്കളെ ഉന്മൂലനം ചെയ്യാറുണ്ട്. '70 കളുടെ ആദ്യത്തിൽ നടന്ന രീതിയിലുള്ള ഉന്മൂലനങ്ങൾ തന്നെയാണിപ്പോഴും നടത്തുന്നത്. അക്കാരണത്താൽ നാദിയയിലെ അടിച്ചമർത്തലിന്നു് ശക്തികൂടും. ജനാധിപത്യാവകാശങ്ങൾക്കു വേണ്ടിയുള്ള പൊതുമുന്നണികളേയും സർക്കാർ ആക്രമിക്കുന്നു. ഇടക്കിടെ അവയുടെ സജീവ പ്രവർത്തകരെ അറസ്റ്റ് ചെയ്യുന്നു. അവർക്കെതിരായും ചാർജ്ജ് ചെയ്യപ്പെടുന്ന കേസുകൾ കൂട്ടായ്മക്കവർച്ചയും കൊലപാതകവുമൊക്കെത്തന്നെ. പശ്ചിമ ബംഗാളിലെ എഴുത്തുകാരുടെയും കലാകാരന്മാരുടേയും വിപ്ലവ സംഘടനയുടെ പ്രിപ്പറേറ്ററി കമ്മറ്റിയുടെ മാർഗ്ഗദർശനത്തിൽ പ്രവർത്തിക്കുന്ന പ്രവർത്തകരെ ഭയപ്പെടുത്താനുള്ള ശ്രമം 1981 മുതൽ സർക്കാർ ആരംഭിച്ചിരിക്കുന്നു. വീടുകളിൽചെന്ന് പരിശോധന നടത്തിയും പുറത്തുകൊണ്ടുവന്ന് മർദ്ദിച്ചുമൊക്കെ അവർ അടിച്ചമർത്താൻ ശ്രമിക്കുന്നു. സാംസ്കാരിക സൃഷ്ടികളേയും വെറുതെ വിടുന്നില്ല. രണ്ടു പ്രാവശ്യമായി അവർ രണ്ടു നാടകങ്ങളെ ആക്രമിച്ചു. കൽക്കത്ത മെഡിക്കൽ കോളേജിൽ ഞങ്ങളുടെ പ്രവർത്തകർ ഒരു നാടകം കളിച്ചുകൊണ്ടിരുന്നപ്പോൾ കോൺ (ഐ) യിൽപെട്ട ചിലയാളുകൾ വന്ന് ബഹളമുണ്ടാക്കുകയും നാടകം ദേശീയവിരുദ്ധമാണെന്ന് ആരോപിച്ചുകൊണ്ട് കളി നിർത്തിവെക്കാൻ നിർബ്ബന്ധിക്കുകയും ചെയ്തു. അവർ ഇന്ത്യൻ പ്രസിഡണ്ടിനുപോലും കത്തുകളയച്ചു. സാംസ്കാരിക പ്രവർത്തകരായ ഞങ്ങൾ ഇത്തരം പ്രവൃത്തികൾക്കെതിരായി ജനങ്ങളെ അണിനിരത്താൻ ശ്രമിക്കുന്നുണ്ട്. മറ്റൊരവസരത്തിൽ നാദിയ ജില്ലയിൽ തൊഴിലാളികൾ പണിമുടക്കു സമരത്തിലേർപ്പെട്ട ഒരു ഫാക്ടറിയുടെ മുന്നിൽ ഞങ്ങൾ ഒരു നാടകം കളിക്കുകയായിരുന്നു. പോലീസ് വന്ന് ഏഴ് നടന്മാരെ അറസ്റ്റ് ചെയ്തു. അങ്ങിനെ കളി നിന്നു. പതിനഞ്ചു ദിവസങ്ങൾക്കു ശേഷമാണ് അവർ വിട്ടയക്കപ്പെട്ടത്. ഇക്കഴിഞ്ഞ മെയ് 13-ാംനു- മറ്റൊരു സംഭവമുണ്ടായി. 24 പർഗാനാ ജില്ലയിലെ ഹസ്രാബാദ് എന്ന സ്ഥലത്തു് ഷുകാന്തൊ ഭട്ടാചാര്യ എന്നു പേരുള്ള മഹാനായ ഒരു വിപ്ലവകവിയുടെ ചരമവാർഷികം ഞങ്ങൾകൊണ്ടാടുകയായിരുന്നു. 13-ാം മത്തെ വയസ്സിൽ കവിത എഴുതാൻ തുടങ്ങിയ അദ്ദേഹം 20-ാംമത്തെ വയസ്സിൽ മരണമടഞ്ഞു. അദ്ദേഹത്തിന്റെ കവിതകൾ ടാഗോറിന്റേതിനേക്കാൾ മികച്ചവയായിരുന്നു. ക്ഷയരോഗം ബാധിച്ചാണ് അദ്ദേഹം മരിച്ചത്. ഞങ്ങളുടെ പരിപാടി നടന്നുകൊണ്ടിരുന്നപ്പോൾ കുറച്ചു സി. പി. എം. കാഡർമാർ വന്നു പ്രതിഷേധമറിയിച്ചു. ഞങ്ങളും ജനങ്ങളെ ആശയക്കുഴപ്പത്തിലാഴ്ത്താനും അക്രമം സൃഷ്ടിക്കാനും ശ്രമിക്കയാണെന്ന് ആരോപിച്ചുകൊണ്ട് ആ പ്രദേശത്ത് ഞങ്ങൾക്ക് നടത്താൻ കഴിയുന്ന അവ

സാനത്തെ പരിപാടിയായിരിക്കും അതെന്നും ഇനിയും ഇത്തരം പരിപാടികൾ അനുവദിക്കപ്പെടുകയില്ലെന്നും അവർ ഭീഷണിപ്പെടുത്തുകയുണ്ടായി.

ഇതൊരു തുടക്കമാണെന്ന് ഞാൻ കരുതുന്നു. അതിന് തുടർച്ചയുണ്ടാകും. സത്യത്തിൽ പശ്ചിമബംഗാളിൽ പൌരസ്വാതന്ത്ര്യപ്രസ്ഥാനം ഇനിയും കെട്ടിപ്പടുക്കപ്പെടേണ്ടതായാണിരിക്കുന്നത്. അതെങ്ങനെയാണ് ചെയ്യേണ്ടതെന്ന് ഇപ്പോൾ പറയുക സാദ്ധ്യമല്ല. മുകളിൽ പറഞ്ഞ സംഘടനകളിലൂടെ ജനാധിപത്യാവകാശങ്ങൾ നേടിയെടുക്കുകയോ സ്ഥാപിക്കുകയോ ചെയ്യുന്ന രൂപമെടുത്തേക്കാം. വിപ്ളവകാരികളാൽ സംഘടിപ്പിക്കപ്പെടുന്ന ഈ മുന്നണികളുടെ കൂട്ടായ പ്രവർത്തനങ്ങളിലാണ് പ്രസ്ഥാനത്തിന്റെ ഭാവി കിടക്കുന്നത്.

ദേവബ്രതപാണ്ഡെ:—

നക്സലൈറ്റുകളുടെനേതൃത്വത്തിലുള്ള സംഭവങ്ങളോടു മാത്രമല്ല, മാർക്സിസ്റ്റ്, നേതൃത്വത്തിലുള്ള. സർക്കാർശക്തിയായി പ്രതികരിക്കുന്നത്. ജനങ്ങൾ എവിടെ ഉണർന്നെഴുന്നേൽക്കുന്നുവോ, നീതിക്കു വേണ്ടി എവിടെയൊക്കെ അവർ മുൻകൈയെടുക്കുന്നുവോ അവിടെയെല്ലാംനിർദ്ദാക്ഷിണ്യം മർദ്ദിച്ചൊതുക്കുകയാണ് അവർ ചെയ്യുന്നത്. ഉദാഹരണത്തിന് മിഡ്നാപൂർ ജില്ലയിലെ നന്ദിഗാർ എന്ന ഗ്രാമത്തിൽ ഇരുപതോളം വർഷങ്ങളായി യാതൊരു വികസനവും നടന്നിട്ടില്ല. അവിടെ ഒരു മെഡിക്കൽകോളേജ് സ്ഥാപിക്കാൻ സർക്കാർ തീരുമാനിച്ചു. ജനങ്ങൾ പ്രതിഷേധിച്ചു. തിരഞ്ഞെടുപ്പിനുമുമ്പ് ആ പ്രദേശത്തെ ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ സർക്കാറിന്റെ ശ്രദ്ധയിൽ പെടുത്താൻ ഒരു കൗൺസിൽ രൂപീകരിക്കപ്പെട്ടു. അതിന്റെ തലപ്പത്തുണ്ടായിരുന്നത് കോൺ (ഐ) യും, എസ്. യു. സി. ഐ യുമായിരുന്നു. കോൺഗ്രസ് (ഐ)യും ജനങ്ങൾ ധീരതയോടെ സമരത്തിലേർപ്പെടുന്നത് അത്ര ഇഷ്ടമുള്ള കാര്യമല്ല. പക്ഷെ ജനങ്ങൾ തങ്ങളുന്നയിച്ച പ്രശ്നങ്ങൾക്കു ചുറ്റും രാഷ്ട്രീയപാർട്ടികൾ തങ്ങൾക്കിടയിലുണ്ടാക്കിയ പിളർപ്പുകൾ മറന്ന് യോജിച്ചു. അതിനാൽ കോൺ (ഐ) യും എസ്. യു. സി. ഐയുമായിരുന്നു നേതൃത്വത്തിലെങ്കിലും ജനങ്ങൾ ആ പ്രദേശത്തുമാത്രമായ ഒരു ബന്തിന് ആഹ്വാനം ചെയ്തു. അവരെ കൈകാര്യം ചെയ്യാൻ ഒരു പോലീസ് സേന അയക്കപ്പെട്ടു. അതൊരു വിഭജനവാദി പ്രസ്ഥാനമാണെന്ന പ്രചരണം 'മാർക്സിസ്റ്റ്'' പാർട്ടി കെട്ടഴിച്ചുവിട്ടു. പുതുതായി വളർന്നുവരുന്ന ഒരു തുറമുഖ പട്ടണമായ ഹൽദിയയുടെ വളരെ അടുത്താണ് ഈ പ്രദേശം. അത് എല്ലാവശത്തും നദികളാൽ വലയം ചെയ്യപ്പെട്ടിരിക്കുന്നതിനാൽജലമാർഗ്ഗമല്ലാത്തമറ്റൊരു ഗതാഗതമാർഗ്ഗവുമില്ലായിരുന്നു. പോലീസ് എത്തിയപ്പോൾ ജനങ്ങൾ വളഞ്ഞു. തീരത്ത് ഇറങ്ങാൻ ആദ്യം അവർ പോലീസിനെ അനുവദിച്ചില്ല. അൽപസമയത്തിനുശേഷം ഇറങ്ങാനനുവാദം ലഭിച്ചു. ഈ പോലീസ് വിഭാഗത്തെ എട്ടുമണിക്കൂറുകളോളം അവർ ഘെരാവോ ചെയ്തു. കുറച്ചു കൂടി വലിയ പോലീസ് സേനയെ അയച്ചപ്പോൾ അതും ഘെരാവോ ചെയ്യപ്പെട്ടു. വലിയൊരു വിഭാഗം ബി. എസ്. എഫ് അയക്കപ്പെട്ടു, അതിനേയും ജനങ്ങൾ വിട്ടില്ല. അപ്പോഴേക്കും ഒരു ലക്ഷത്തോളം ജനങ്ങൾ അവിടെ തടിച്ചു കൂടിയിരുന്നു. ധാരാളം ജനങ്ങൾ ഉണ്ടായിരുന്നതിനാലും തിരഞ്ഞെടുപ്പുകൾ അടുത്തിരുന്നതിനാലും സായുധസേനകൾക്ക് വെടിവെക്കാൻ താല്പര്യമുണ്ടായിരുന്നില്ല. പക്ഷെ, ഇതിന്നിടയിൽ ജനങ്ങളിൽ ചിലർ തോക്കുകൾ പിടിച്ചെടുക്കാൻ ശ്രമിച്ചു. ഗത്യന്തരമില്ലാതെ പോലീസ് വെടിവെച്ചു. ആദ്യം ജനങ്ങളെ വിരട്ടിയോടിക്കാൻ ആകാശത്തേക്കു് വെടിവെച്ചിട്ടും ഫലമില്ലാതിരുന്നതിനാലാണ് വെടിവെച്ചത്. പ്രീഡിഗ്രി രണ്ടാം വർഷത്തിന് പഠിക്കുന്ന ഒരു വിദ്യാർത്ഥി വെടിയേററ് മരണമടഞ്ഞു. സ്വയംഭൂവായി ഉണ്ടായ ഒരു ഉയർത്തെഴുന്നേല്പായതിനാൽ ഇതിന് ജനതമാനസികമായി തയ്യാറായിരുന്നില്ല. ആ സന്ദർഭത്തിൽ നാലുപാടും ജനങ്ങൾ ചിന്നിച്ചിതറിയപ്പോൾ എങ്ങിനേയോ പോലീസ് തടിരക്ഷപ്പെടുത്തി തിരിച്ചുപോയി.

മറെറാരു സന്ദർഭത്തിൽ പശ്ചിമ ദിനാജ്പൂരിലെ ഇസ്ലാംപൂർ എന്ന ഗ്രാമത്തിൽ കൊള്ളക്കാരുടെ ശല്യം സഹിക്കവയ്യാഞ്ഞ് പ്രദേശത്തെ സബ്ഡിവിഷനൽ ആഫീസർക്കു് ജനങ്ങൾ പലതവണ മെമ്മോറണ്ടങ്ങൾ നൽകുകയും പ്രതിനിധി സംഘങ്ങൾ ചെന്ന് സ്ഥിതി വിവരിക്കുകയുമൊക്കെ ചെയ്തിരുന്നു. പക്ഷെ, അധികൃതർ തിരിഞ്ഞു നോക്കിയില്ല. ഒരു ദിവസം ഒരു പോലീസ് പട്രോൾ പാർട്ടി കടന്നു പോയപ്പോൾ നാട്ടുകാർ പിടിച്ചുവെച്ചു. സാധാരണ ഡ്യൂട്ടി ചെയ്യാൻ റോന്തുചുററുക മാത്രമാണ് അവരുടെ ഉദ്ദേശമെന്ന് മനസ്സിലായ നാട്ടുകാർ ക്ഷുഭിതരായി. അവർ പോലീസുകാരിൽ നിന്ന് തോക്കുകൾ തട്ടിയെടുത്തശേഷം ഇങ്ങനെ അധിക്ഷേപിച്ചു: ''വിസ്സികളെ ഞങ്ങൾക്കു് കൊള്ളക്കാരുടെ ശല്യമുണ്ടായിട്ടും അതൊന്നും പ്രശ്നമാക്കാതെ നിങ്ങൾ റോന്തുചുററുകയാണ് അല്ലേ?'' ജനങ്ങൾക്ക് താൽക്കാലിക ക്ഷോഭത്തിലുണ്ടായ ഒരു പ്രതികരണം മാത്രമായിരുന്നതിനാൽഅവർ തോക്കുകൾ പിന്നീട് മടക്കിക്കൊടുക്കേണ്ടിവന്നു. പിന്നീട് ഒരു വലിയ സംഘം പോലീസ് വന്ന് പെട്രോളും മണ്ണെണ്ണയും ഉപയോഗിച്ച് ആ ഗ്രാമത്തിലെ എല്ലാവീടുകളും ഒന്നൊഴിയാതെ തീവെച്ച് നശിപ്പിച്ചുകളഞ്ഞു. ഈ സംഭവം നടന്നിട്ട് ആറു മാസമായിട്ടേയുള്ളു. സർക്കാർ വല്ലാത്ത ഒരു അങ്കലാപ്പിലായി. കോൺ (ഐ) യും മററ് പ്രതിപക്ഷപാർട്ടികളും കിട്ടിയ സന്ദർഭം പാഴാക്കാതെ ശക്തിയായ പ്രചരണമാരംഭിച്ചു. തിരഞ്ഞെടുപ്പിലെ ഒരു പ്രധാന പ്രശ്നമാക്കി അവർ അതിനെ പൊക്കിക്കാണിച്ചു. സർക്കാർ പോലീസിന്നെതിരായി ഒരു നടപടിയുമെടുക്കാൻ ഇഷ്ടപ്പെട്ടില്ല. പോലീസിന്റെ അതിക്രമങ്ങൾ എപ്പോഴെല്ലാം റിപ്പോർട്ടുചെയ്യപ്പെട്ടുവോ അപ്പോഴെല്ലാം സർക്കാറിന്റെ നയം ഇതുതന്നെയായിരുന്നു. പക്ഷെ, ഇവിടെ മുഴുവൻ ഗ്രാമവും നശിപ്പിക്കപ്പെട്ടിരുന്നതിനാൽ അവർക്ക് മിണ്ടാതിരിക്കാൻ കഴിഞ്ഞില്ല. കോൺ (ഐ)യേക്കാൾ സമർത്ഥമായി പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നത് ഇടതുപക്ഷ സർക്കാരാണെന്നതിൽ തർക്കമില്ല. ഈ സംഭവം ബുദ്ധിജീവികൾക്കിടയിൽ ഒരു പ്രതികരണവുമുണ്ടാക്കിയില്ലെങ്കിലും സമീപപ്രദേശത്തെ ഗ്രാമവാസികൾ തങ്ങളുടെ ശക്തിയായ പ്രതിഷേധമറിയിച്ചു. കുററവാളികളെ ശിക്ഷിക്കാൻ സർക്കാറിനോട് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രചരണമാരംഭിച്ചു. കോൺ(ഐ) അടക്കമുള്ള എല്ലാ പ്രതിപക്ഷപ്പാർട്ടികളും ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ടു. ജ്യോതിബാസുവിന്റെ മറുപടി ഇതായിരുന്നു, ''എന്തിനാണ് ഒരു ജുഡീഷ്യൽ അന്വേഷണം? പൊറുക്കാനാവാത്ത ഒരു പാതകമാണിതെന്ന് ആർക്കാണ് സംശയമുള്ളത്. നിയമപാലകർ തന്നെ നിയമം കയ്യിലെടുത്തിരിക്കയല്ലേ''. സസ്പെൻഷൻ തുടങ്ങിയ ചില ശിക്ഷാനടപടികൾ ആദ്യത്തിൽ എടുക്കുകയുണ്ടായെങ്കിലും പിന്നീട് ഈ ഉദ്യോഗസ്ഥന്മാരെയെല്ലാം സ്ഥലമാററംചെയ്ത് ജ്യോതിബാസു പ്രശ്നം പരിഹരിച്ചുകളഞ്ഞു. ആരെല്ലാം എവിടെ

ശേഷം 14-ാംപേജിൽ

സ്വാതന്ത്ര്യം

മുരളി കെ. മുകുന്ദൻ

സ്വാതന്ത്ര്യം
ഇന്ന്
വിശുദ്ധന്റെ കൈകളിൽ തത്തികളിക്കുന്ന
ഒരു മാടപ്രാവല്ല.
കടലോരങ്ങളിൽ വീശിയടിക്കുന്ന കൊടുങ്കാറ്റുകളോ,
സമതലങ്ങളിൽ ഇരച്ചുപെയ്യുന്ന തീമഴയോ,
പർവ്വതങ്ങളിൽ പിളർപ്പുണ്ടാക്കുന്ന മഞ്ഞുവീഴ്ചയോ,
ആകാശത്തുനിന്നും അനുവദിക്കുന്ന നീതികളോ,
ആഴക്കടലിൽ നിന്നും ഉയർന്നു വരുന്ന സന്ദേശങ്ങളോ,
സ്വാതന്ത്ര്യം
ഉറപ്പുവരുത്തുന്നില്ല.
സ്വാതന്ത്ര്യം
മനോഹരമായ ഒരു ഭ്രാന്തല്ല.
മണൽക്കാടുകൾ പൂക്കുന്ന മനസ്സിൽ ഉദിക്കുന്ന
വെളിപാടിന്റെ ആദ്യനക്ഷത്രങ്ങളുമല്ല.
അന്ത്യമില്ലാത്ത പ്രത്യാശകളും,
പേക്കിനാവുകളുടെ കലാപങ്ങളും,
പോർക്കലികളുടെ അലർച്ചകളും,
തിളക്കുന്ന സൂര്യൻ നിൽക്കും ചിന്തകളും,
സ്തുതി പാടുന്നവന്റെ പ്രാസഭംഗിയും
ജീവിതത്തെ ഞെരുക്കുന്ന പീഡനങ്ങളാകുമ്പോൾ
അവസാനത്തെ മുഴക്കത്തിന്
കാതോർത്തു നിൽക്കുന്നവരുടെ ഹൃദയം പിളർക്കുന്ന
മിസൈലുകളുമല്ല; സ്വാതന്ത്ര്യം.
ദുഃഖം ഭീതിയുണർത്തുന്ന മൗനമാകുമ്പോഴും,
നിഷേധികളുടെ വികാരങ്ങൾക്ക് താപമേറുമ്പോഴും,
വിലാപങ്ങൾ ആക്രോശങ്ങളിൽ അമരുമ്പോഴും,
സത്യസന്ധത ശ്മശാനത്തിലെ അസ്ഥിക്കഷ്ണങ്ങളെപ്പോലെ
ചിരിക്കുമ്പോഴും,
വെളിച്ചത്തിന്റെ ചേരിയിലേക്ക്
നിർഭയനായി നടന്നെത്തുന്ന
മനസ്സാണ്; സ്വാതന്ത്ര്യം.
മോഹഭംഗ ചർച്ചകൾക്കും,
പൊള്ളയായ പൊട്ടിച്ചിരികൾക്കും,
യന്ത്രങ്ങളുടെ അലർച്ചകൾക്കും, മീതെ
മനുഷ്യന്റെ കാലൊച്ചകൾ സംഗീതമാവുന്ന
നിമിഷങ്ങളാണ്; സ്വാതന്ത്ര്യം.
സ്വാതന്ത്ര്യം; വളർച്ചയുടെ താളമാണ്
മനസ്സിന്റെ ആരോഗ്യമാണ്.
രക്തം പൊടിക്കുന്ന ഒരാനന്ദമാണ്,
നമ്മുടെ സ്വാതന്ത്ര്യം
വെള്ളപ്പൊക്കത്തിലമർന്നുപോയ നെല്പാടങ്ങളിൽ
വഞ്ചികളിക്കുന്ന കുട്ടികളുടെ ആഹ്ലാദത്തിമർപ്പാണ്.
സ്വാതന്ത്ര്യം
ദുഃഖത്തെ കരുത്താക്കുന്നു,
വർത്തമാനകാലത്തെ വസന്തഗീതങ്ങളാക്കുന്നു,

ഒരു കീറപ്പാട്ട്

എം. രാമചന്ദ്രൻ

എ. അയ്യപ്പനു്

ആണ്ടറുതിയ്ക്കു്
കണ്ണീരും ചോരയുമർപ്പിച്ചു്
മണ്ണിൽ ചവിട്ടുമ്പോൾ
ജ്ഞാനത്തിനു മുള്ളുപാട്ടം
കരുതിയ്ക്കു് ആത്മാവും തരുന്ന നീ.
കാമത്തിന്റെ
കറുത്ത കണ്ണട ധരിച്ചവൻ
സത്യത്തിന്റെ ബലിമൃഗം.
മറവിയുടെ ഹൃദയത്തിൽ നിന്നും
കത്തിയൂരുന്നവൻ.
സ്മൃതികൾക്കു് നിന്റെ കവിതയും
മുറിവിനു് നിന്റെ നന്ദിയുടെ
പച്ചില മരുന്നുകളും.
ചാരായത്തിൽ പതയുന്ന വാക്കുകളും
ജീവനിൽ തിളയ്ക്കുന്ന സ്നേഹവും
നിന്റെ കീറക്കാഴ്ചകൾ
ഭാഷയറിയാത്തവനു് ചിത്രം,
നെഞ്ചിലെ നെരിപ്പോട്ടു്
തണുപ്പുകാലത്തിനു് പുതപ്പു്,
വിരലിന്റെ വിറയൽ
വേനലിനു വായ്ക്കരി,
എന്റെ
ഉറപ്പില്ലാത്ത ഉടലിനു്
അസ്ഥികൾ.

വരം

കെ. കെ. ബാബുരാജ്

ഇന്നു്, ഒരു ഭ്രാന്തന്റെ വ്യാമോഹങ്ങൾക്കു്
വരം ലഭിച്ചു.
അറുപത്തിനാലു് ചതുരംഗക്കളങ്ങളുടെ
രാജാവു് അവനായി.
ശിരസ്സിനു് മുകളിൽ വാൾതൂങ്ങുന്ന
സിംഹാസനം അവന്റേതായി.
ദന്തത്തിൽ നിർമ്മിച്ച ആന, കുതിര, കാലാളുകൾ
അവനെ കാത്തുരക്ഷിക്കും.
ഇന്നു്, ഒരു ഭ്രാന്തന്റെ തപശ്ശക്തിയ്ക്കു്
നന്മതിന്മകളുടെ അളവുകോൽലഭിച്ചു.
ഇനിയവൻ ജീവന്റെ ഘനമളക്കും,
അമ്മയുടെ വേദന അളക്കും
മരണത്തിന്റെ അർത്ഥമളക്കും
എഴുതപ്പെടാത്ത വിധിപുസ്തകത്തിൽ
രക്തത്തിന്റെ നിറം രേഖപ്പെടുത്തും
പ്രതിജ്ഞയുടെ പര്യായങ്ങളെഴുതി ചേർക്കും,
വെട്ടിപ്പിടിക്കപ്പെട്ട ഭൂമിയുടെ
ചാൺ അളന്നു് കുറിച്ചു്വെക്കും,
വിചാരണയും, ന്യായവിധിയും
അവൻ തന്നെ നടത്തും
ഇന്നു്, ഒരു ഭ്രാന്തന്റെ സ്വപ്നങ്ങൾക്കു്
കരുണയുടെ സ്മാരകങ്ങൾ ലഭിച്ചു.
വചനം നിറച്ച ഒരു പാനപാത്രം
ഏകാന്തതയുടെ ഒരു പിടി പൂഴിമണ്ണു്
ഓർമ്മിക്കാനാവാത്ത പ്രതീക്ഷകളുടെ
ശവപ്പൂക്കൾ
മറവിയുടെ ഒരു ശവക്കച്ച

റിപ്പോർട്ട്

സമരം.....ാം ദിവസം

കേരളത്തിലെ ഓട്ടുവ്യവസായത്തിന്റെ സിരാകേന്ദ്രമായ ഫറോക്ക് ഇന്ന് തണുത്ത് കിടക്കുകയാണ്. വർഷകാലത്തിന്റെ വറുതിയും വല്ലായ്മയും മാത്രമല്ല കാരണം; കഴിഞ്ഞ നൂറിലധികം ദിവസങ്ങളായി 2500ലധികം ഓട്ടുതൊഴിലാളികൾ ബോണസിന് വേണ്ടി സമരമാരംഭിച്ചിട്ട്. കഴിഞ്ഞ വർഷത്തെ അതേ തോതിലെങ്കിലും ബോണസ് കിട്ടാനായാണ് തൊഴിലാളികൾ സമരം ചെയ്യുന്നത്.

നൂററിഇരുപത്തിഅഞ്ചോളം വർഷം പഴക്കമുള്ള ഫറോക്കിലെ ഓട്ടുവ്യവസായ രംഗത്ത് ഇന്ന് പതിനഞ്ച് കമ്പനികളാണുള്ളത്. ഇവയിലാകെ അയ്യായിരത്തോളം തൊഴിലാളികൾ ജോലി ചെയ്യുന്നു. ഇവയിൽ തന്നെ, തൊഴിലാളികൾ ഏററെടുത്ത് നടത്തുന്ന സ്റ്റാർ, സ്റ്റാൻേറർഡ് എന്നീ കമ്പനികൾക്കു പുറമേ ഈ രംഗത്തെ ഏററവും പ്രമുഖനായ കോമൺ വെൽത്തടക്കം 3 കമ്പനികളിൽ കഴിഞ്ഞ വർഷത്തെ തോതിലോ അതിലും അല്പം ഉയർന്ന തോതിലോ ബോണസ് വിതരണം നടക്കുകയുണ്ടായി. ഇതിൽ കോമൺവെൽത്ത് കമ്പനിയുടെ കാര്യത്തിൽ മാനേജ്മെന്റിന്റെ ഹൃദയവിശാലതയല്ല മറിച്ച് 1980ൽ ഉണ്ടാക്കിയ 3 വർഷ ദീർഘകാല കരാറനുസരിച്ചാണ് ബോണസ് നൽകപ്പെട്ടത്. മററു കമ്പനികളാകട്ടെ ചെറുകിടമേഖലയിൽ പെടുന്നതാണ്താനും.

വയലിലെ ചളി ലോറിയിലും തോണിയിലുമായി ഫാക്ടറികളിലെത്തിക്കുന്നതോടെ അത് ചവിട്ടിക്കുഴച്ച് പ്രസ്സിലെത്തിച്ച്, ചൂളകളിൽ കയററി ചുട്ടെടുത്ത് തരം തിരിച്ച് അടുക്കിവെക്കുന്ന ജോലിവരെ ചെയ്യുന്ന തൊഴിലാളികളെ A B C D E എന്നീ അഞ്ച് കാററഗറികളായി തരം തിരിച്ചിരിക്കുന്നു. ഈ തരം തിരിവ് അദ്ധ്വാനഭാരത്തിന്റെ അടിസ്ഥാനത്തില്ല, മറിച്ച് തൊഴിൽ വൈദഗ്ധ്യം കണക്കിലെടുത്താണ് നടത്തിയിരിക്കുന്നത്. ചൂളയിൽപണിയെടുക്കുന്ന 'എ' ഗ്രേഡ് തൊഴിലാളിക്ക് 520 രൂപയും താരതമ്യേന അവിദഗ്ധനായ E ഗ്രേഡ് തൊഴിലാളിക്ക് 480 രൂപയുമാണ് ശമ്പളം. ഓരോ ഗ്രേഡിന്റെയും വർദ്ധനവ് വ്യത്യാസം പത്തു രൂപയാണ്.

1000 ഓട്ടുല്പാദിപ്പിക്കാൻ പരമാവധി വേണ്ടിവരുന്ന തൊഴിലാളികൾ 14 ആണ്. പ്രതിദിനം ഈ ഫാക്ടറികളിലെല്ലാമായി 10,000 മുതൽ 35,000 വരെ ഓട്ടുല്പാദിപ്പിക്കപ്പെടുന്നുണ്ട്. പല കമ്പനികളിലും സ്റ്റോക്കില്ല എന്നു മാത്രമല്ല പലപ്പോഴും ആവശ്യക്കാർക്ക് മുൻകൂർ പണമടച്ച് മാസങ്ങളോളം കാത്തിരിക്കേണ്ട അവസ്ഥയും കഴിഞ്ഞവർഷം ഉണ്ടായിട്ടുണ്ട്. 1980ൽ 1000 ഓടിന് അഞ്ഞൂറോളം ഉറുപ്പിക വില വർദ്ധനവ് ഉണ്ടായിട്ടുണ്ട് താനും.

ഈ വ്യവസായ മേഖലയിൽ സി. ഐ. ടി. യു, ഐ. ടി. യു. സി , ഐ. എൻ. ടി. യു. സി (ഐ), (എസ്), യു. ടി. യു. സി എന്നീ ട്രേഡു യൂണിയനുകളാണുള്ളത്. ഇവയിൽ തന്നെ ഏററവും പ്രബലമായത് സി. ഐ. ടി. യു വാണ്.

1946 മുതൽ ഓട്ടുമേഖലയിൽ ടൈൽ വർക്കേഴ്സ് യൂണിയൻ നിലവിലുണ്ടായിരുന്നു. 1952ലെ പണിമുടക്കിൽ വളരെ കാര്യമായ പങ്കാണ് ഇവിടത്തെ തൊഴിലാളികൾ വഹിച്ചിരുന്നത്. 1957 വരെ കോമൺവെൽത്ത് തൊഴിലാളികൾ ഒരു പ്രത്യേകയൂണിയനായി നിലകൊള്ളുകയാണ് ചെയ്തിരുന്നത്. 1973 മുതൽ ഈ മേഖലയിലെ പ്രശ്നങ്ങളെല്ലാം കൈകാര്യം ചെയ്യുന്നത് ടൈൽ വർക്കേഴ്സ് കോ-ഓർഡിനേഷൻ കമ്മററിയാണ്. മററുമേഖലകളിലെ ട്രേഡ് യൂനിയനുകളിൽനിന്നും വ്യത്യസ്തമായ ഒരനുഭവമാണിത്. 1973ൽ രൂപീകരിക്കപ്പെട്ട എല്ലായൂനിയനുകളുടെയും പ്രാതിനിധ്യമുള്ള ഈ കോ-ഓർഡിനേഷൻ കമ്മററി ഒരു സ്ഥിരം ഏർപ്പാടായാണ് പ്രവർത്തിക്കുന്നത്. ഒരു പൊതുഫണ്ടും കൂട്ടായ എക്കൗണ്ടും ഇവർക്കുണ്ട്. ഏതെങ്കിലും പ്രത്യക പ്രശ്നങ്ങൾക്കായി ഐക്യവേദി ഉണ്ടാക്കുകയും ആ പ്രശ്നം പരിഹരിക്കുന്നതോടെ യൂനിയനുകൾ തമ്മിലുള്ള മത്സരവും അടിപിടിയും ആരംഭിക്കുകയും ചെയ്യുകയെന്ന പതിവ് ഇവിടെ ഇല്ല എന്നുപറയാം.

ഫാക്ടറികളിലെ ഓഫീസ് ജീവനക്കാർക്ക് അവരുടെതായ ഒരു അസോസിയേഷനാണുള്ളത്. മെർക്കൻറയിൽ എംപ്ലോയീസ് അസ്സോസിയേഷനിൽ അഫിലിയേററ് ചെയ്യപ്പെട്ടവയാണവ.

1955 ലെ മിനിമം വേജസ് നടപ്പാക്കിയതോടെയാണ് ഈ മേഖലയിലെ തൊഴിലാളികൾക്ക് അല്പം ആശ്വാസം കിട്ടിയത്. അതിന് മുൻപ് ഓട്ടുതൊഴിലാളികളെഏററവും താണവരുമാനമുള്ളവരായാണ് കണക്കാക്കിയിരുന്നത്. മറെറാരു തൊഴിലും ലഭിക്കാത്ത അവസ്ഥയിൽ മാത്രം ഓട്ടുകമ്പനിയുടെ പടി വാതില്ക്കലെത്തിപ്പെടുന്നവരായിരുന്നുകൂടുതലും. ഇന്ന്ഈ അവസ്ഥതികച്ചും മാറിയിട്ടുണ്ട്. 1973ന് ശേഷം പലപ്പോഴും സമരങ്ങളുടെ ഫലമായി വേതവർദ്ധനവോ, ഇടക്കാലാശ്വാസമോ ലഭിക്കുകയുണ്ടായിട്ടുണ്ട്. 1980 നവംബറിലാണ് ആഴ്ച്ചകൂലി സമ്പ്രദായം മാററി ശമ്പള വ്യവസ്ഥ അംഗീകരിക്കപ്പെട്ടത്, അതും ഒരു നീണ്ട സമരത്തിന് ശേഷം. ശമ്പളവ്യവസ്ഥ അംഗീകരിക്കപ്പെട്ടതോടെ തൊഴിലാളിയുടെ വരുമാനത്തിൽ 33%ത്തോളം വർദ്ധനവുണ്ടായിട്ടുണ്ട്. ഇത് മാനേജ്മെന്റിന് വലിയ ഭാരമാണെന്നാരും സംശയിക്കേണ്ട കാര്യമില്ല. മററു മേഖലകളിലെ E കാററഗറി തൊഴിലാളിയെക്കാൾ 2 രൂപ 2പ മാത്രമാണ് ഇവിടെ വർദ്ധനവുണ്ടായിട്ടുള്ളത്. ഫറോക്കിലെ ഓട്ടുവ്യവസായികളാകട്ടെ മററു മേഖലകളിലേതിനേക്കാൾ അഞ്ഞൂറുരൂപയോളം ആയിരം ഓടിന് വില വർദ്ധിപ്പിക്കുകയും ചെയ്തു. കുറച്ചുകൂടി വ്യക്തമാക്കിയാൽ ആയിരം ഓട് ഉല്പാദിപ്പിക്കാൻ പരമാവധിപേർ 14 തൊഴിലാളികൾക്കു കൂടുതൽ വരുന്ന വേതനം 28 രൂപ 28 പൈസയും ഓട്ടുവിലയിൽ വരുത്തിയവർദ്ധനവ് 500രൂ. യുമാണ്.

ഫറോക്ക്മേഖലയിലെ മാത്രം കാര്യമെടുത്താലും ചിത്രം ഒട്ടും വ്യത്യസ്തമല്ല. 1980 ൽ E കാററഗറി തൊഴിലാളിക്ക് ദിനംപ്രതി ലഭിച്ചിരുന്ന വേതനം 13. 98 പൈസക്ക് പകരം ശമ്പളവ്യവസ്ഥ അംഗീകരിച്ചപ്പോൾ ഒരു ദിവസത്തെ വരുമാനം 16 രൂപ 66പൈസയായി. 2രൂപ 68പൈസയുടെ വ്യത്യാസം മാത്രം. എന്നിട്ടും ഈ പേരും പറഞ്ഞ് ഓട്ടുവിലയിൽ വ്യവസായികൾ 450 രൂപ വർദ്ധനവുണ്ടാക്കി.

കഴിഞ്ഞവർഷം 36ശതമാനം മുതൽ 40 ശതമാനംവരെ ബോണസ് നൽകിയിരുന്ന ഉടമകളാണ് ഈ വർഷം 20% എന്ന പിടിവാശിയിൽ നിൽക്കുന്നത്. മലബാർ ടൈൽസ്, കാലിക്കററ് ടൈൽസ്, കേരളടൈലറി, കേരളാ സിറാമിക്സ് ഏൻറ്ടൈൽസ്, ഭാരത് ടൈൽസ്, വെസ്ററ് കോസ്ററ് ടൈൽസ് ഹിന്ദുസ്ഥാൻ ടൈൽസ്, നാഷനൽ ടൈൽസ്, സ്വദേശി ടൈൽസ് എന്നീ ഒൻപത് വ്യവസായികളാണ് തൊഴിലാളികളെ സമര രംഗത്തിറക്കിയിരിക്കുന്നത്.

ഈ വ്യവസായികളും ഒററക്കൊററക്കല്ല തൊഴിലാളികളെ നേരിടുന്നത്. ടൈൽ മാനുഫാക്ചറേഴ്സ് അസോസിയേഷൻ എന്ന പേരിൽ സംഘടിച്ചു നിന്നാണ് ഇവരും പയററുന്നത്. മുൻപൊക്കെ വായിൽ തോന്നിയത് വിളിച്ചു പറയാറുള്ള മുതലാളിമാർ കോൺഫറൻസുകളിൽ ഇപ്പോൾ ഒരു പ്രതിനിധിയിയെ കൊണ്ടുമാത്രം സംസാരിപ്പിക്കുന്നു. വളരെ വിദഗ്ധമായി തന്നെ സംഘടിത തൊഴിലാളികളെ നേരിടാൻ പരിശീലിക്കുന്നു. തിരുവനന്തപുരത്ത് നടക്കുന്ന മന്ത്രിതല കോൺഫറൻസുകളിൽ മക്കളെയും പങ്കെടുപ്പിക്കുന്നു, ഭാവിമുതലാളിമാരെ പരിശീലിപ്പിക്കുന്നു.

പണിമുടക്കത്തിനു മുമ്പായി ഏപ്രിൽ 6, 7, 8 തീയതികളിൽ ജോയൻറ് ലേബർ കമ്മീഷണർ വിളിച്ചുചേർത്ത കോൺഫറൻസ് പരാജയപ്പെട്ടതോടെയാണ് സമരം ആരംഭിച്ചത്.

ഏപ്രിൽ ഒൻപതിനാരംഭിച്ച പണിമുടക്ക് സമരത്തിൻെറ സ്വഭാവം ഇന്നുവരേയും മാറിയിട്ടില്ല എന്നു തന്നെ പറയാം. ജൂലായ് 12മുതൽ അസോസിയേഷൻ പ്രസിഡണ്ടിൻെറയും മററും വീട്ടുപടിക്കൽ സത്യാഗ്രഹംകൂടി ആരംഭിച്ചിട്ടുണ്ടെന്നതല്ലാതെ സമരംമുതലാളിമാരുടെ ഉറക്കം നഷ്ടപ്പെടുത്തുന്ന ഒന്നായി മാറിയിട്ടില്ല.

വീട്ടുപടിക്കൽ സത്യാഗ്രഹം നടത്തുന്ന തൊഴിലാളികളെപ്പോലുംഅറസ്റ്റ് ചെയ്ത് ജയിലിലടക്കുന്ന നയമാണ് മന്ത്രിസഭക്കുള്ളത്. സത്യാഗ്രഹികളെ അറസ്റ്റ് ചെയ്യുന്നതിൽ വെപ്രാളം പൂണ്ട ഭരണകക്ഷി യൂണിയൻകാർക്ക് ആഭ്യന്തര മന്ത്രി നേരിട്ടുതന്നെ കാര്യങ്ങൾ ബോധ്യപ്പെടുത്തി കൊടുത്തുവത്രെ. ''ജീവൻെറയും സ്വത്തിൻെറയും വില...'' പ്രസംഗിച്ചു നടന്നവർക്ക് മറിച്ചൊന്നും പറയാനുമുണ്ടായിരുന്നില്ല.

തൊഴിലാളികളുടെ പട്ടിണിയും ദുരിതവും തുടർന്നുകൊണ്ടിരിക്കേ ട്രേഡ് യൂണിയൻ നേതൃത്വം തികച്ചും വൃത്തികെട്ടതും ഉപജാപപരവുമായ രീതിയിലാണ് കാര്യങ്ങൾ നടത്തുന്നത്. ഇവരിലേററവും മുൻപിലുള്ളത് സി. ഐ. ടി. യു. തന്നെ. സി. ഐ. ടി യു ജില്ലാ പ്രസിഡണ്ടും (ഒരു സ്ഥാനാർത്ഥിയായിരുന്നസമയത്ത്) പിന്നീട് ബേപ്പൂർ എം. എൽ എ. യുമായിരുന്ന മൂസക്കുട്ടി മെയ് 17-ാംനു- വ്യവസായികളെ ഒരു ചർച്ചക്ക് ക്ഷണിക്കുകയുണ്ടായി. തിരഞ്ഞെടുപ്പിലെ ജയാപജയങ്ങൾക്കുശേഷമാകാം കോൺഫറൻസെന്ന തീരുമാനത്തിൽ വ്യവസായികൾ മെയ് 22-ാംനു- ചർച്ചക്കൊരുങ്ങി. ബേപ്പൂർ എം. എൽ എ യും ഫറോക്ക് പഞ്ചായത്ത് പ്രസിഡണ്ടും മററൊരു മാർക്സിസ്റ്റ് പാർട്ടി നേതാവും 'മഹാമാർക്സിസ്റ്റു'മായ ചെറുവണ്ണൂർ പഞ്ചായത്തു പ്രസിഡണ്ടുമാണ് ചർച്ച നയിച്ചിരുന്നത്. 20% ബോണസ്സ് നൽകുകയും ബാക്കി കാര്യങ്ങൾ അഡ്ജൂഡിക്കേഷനു വിടുകയും ചെയ്യുകയെന്ന ഒരു 'മദ്ധ്യസ്ഥാഭിപ്രായം' ശ്രീ. മൂസ്സക്കുട്ടി മുന്നോട്ടുവെക്കുകയുണ്ടായി. തൊഴിലാളി പ്രതിനിധികൾ ഈ നിർദ്ദേശം പാടെ തള്ളിക്കളയുകയുണ്ടായി. അന്നു മുതലാളിമാർക്കും ഇത് സ്വീകാര്യമായിരുന്നില്ല. അല്പം കഴിഞ്ഞ് ബോധം വന്ന മുതലാളിമാർ ശ്രീ. മൂസ്സക്കുട്ടിയുടെ മദ്ധ്യസ്ഥനിർദ്ദേശം സ്വീകാര്യമാണെന്നരീതിയിൽ പത്രങ്ങളിലൂടെ പരസ്യം ചെയ്തു. തിരുവനന്തപുരത്ത് മൂന്നു മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ വെച്ചുനടന്ന കഴിഞ്ഞ യോഗത്തിലും മുതലാളിമാർ മൂസക്കുട്ടിയുടെ നിർദ്ദേശം ഉയർത്തിപ്പിടിക്കുകയുണ്ടായത്രെ !

ഇത്തരം തൊഴിലാളിനേതാക്കന്മാരാൽ നയിക്കപ്പെടുന്ന സമരങ്ങൾ അനാവശ്യമായി നീണ്ടുപോകയും അവസാനം തൊഴിലാളികളുടെ ദുരിതം വർദ്ധിപ്പിക്കുകയും ചെയ്യാൻ മാത്രമേ ഉതകൂ എന്ന സത്യം നിലനിൽക്കുമ്പോൾ തന്നെ, തൊഴിലാളികൾ പലരും ഇനിയെങ്ങോട്ട് എന്നറിയാതെ വഴിമുട്ടി നിൽക്കുകയാണ്. സമരത്തിൻെറ ഈ തണുത്തഗതിയിൽഅവർക്ക് അസംതൃപ്തിയുണ്ട്. നേതാക്കന്മാരുടെ വഞ്ചനാ സ്വഭാവത്തെക്കുറിച്ചവർക്കറിയാം. പണം പലിശക്ക് കൊടുക്കുകപോലും ചെയ്യുന്ന ചില ഫാക്ടറി കമ്മററി നേതാക്കന്മാരുടെതൊഴികെ, സാധാരണ തൊഴിലാളികളുടെ ജീവിതം ദുസ്സഹമായി തീർന്നിരിക്കുന്നു. മക്കളുടെ പഠിത്തം നിർത്തിയവരും, വീടുകെട്ടാത്തവരും എത്രയോ.

ഇത്തരം തൊഴിലാളിനേതാക്കന്മാരാൽ നയിക്കപ്പെടുന്ന സമരങ്ങൾ അനാവശ്യമായി നീണ്ടുപോകയും അവസാനം തൊഴിലാളികളുടെ ദുരിതം വധിപ്പിക്കുകയും ചെയ്യാൻ മാത്രമേ ഉതകൂ എന്ന സത്യം നിലനിൽക്കുമ്പോൾ തന്നെ, തൊഴിലാളികൾ പലരും ഇനിയെങ്ങോട്ട് എന്നറിയാതെ വഴിമുട്ടിനിൽക്കുകയാണ്. സമരത്തിൻെറ ഈ തണുത്ത ഗതിയിൽ അവക്ക് അസംതൃപ്തിയുണ്ട്. നേതാക്കന്മാരുടെ വഞ്ചനാസ്വഭാവത്തെക്കുറിച്ചവർക്കറിയാം. പണം പലിശക്ക് കൊടുക്കുകപോലും ചെയ്യുന്ന ചില ഫാക്ടറി കമ്മററി നേതാക്കന്മാരുടെതൊഴികെ, സാധാരണ തൊഴിലാളികളുടെ ജീവിതം ദുസ്സഹമായി തീർന്നിരിക്കുന്നു. മക്കളുടെ പഠിത്തം നിർത്തിയവരും വീട് കെട്ടാത്തവരും, എത്രയോ.

ഇപ്പോഴും ഒരു പരിഹാരവും കണ്ടെത്തപ്പെടാതെ കിടക്കുന്ന ഈ സമരത്തിൻെറ അനിശ്ചിതത്വത്തിൽ നിന്നു് എങ്ങിനെ രക്ഷപ്പെടുത്തുമെന്നറിയാത്ത തൊഴിലാളികൾ, ട്രേഡ്‌യൂണിയൻ വ്യാവസായികളോടും, ഒപ്പം അതു കണ്ട് നിസ്സഹായരായി ഒന്നുംചെയ്യാൻ കഴിയാതിരിക്കുന്ന നമ്മോടുമുള്ള ചോദ്യ ചിഹ്നമായി നിലനിൽക്കുന്നു.

അടുത്തകാലത്തായി വീണ്ടും കേരളത്തിലെ ചെറുകിട മുതലാളിമാർ ഉപയോഗിക്കുന്ന'പരമാവധി നീട്ടികൊണ്ടുപോവുക, കീഴ്പ്പെടുത്തുക'യെന്ന തന്ത്രത്തിൽ മേൽ തറഞ്ഞു കിടക്കുകയാണ് ഫറോക്കിലേയും സമരം. ഇത്തരമൊരവസ്ഥയിൽ സോഷ്യലിസ്ററ് സമൂഹത്തിലെ മനുഷ്യപീഡനങ്ങളെ കുറിച്ചും സാംസ്ക്കാരികവിപ്ലവത്തിൻെറ പരാജയകാരണങ്ങളെ കുറിച്ചും തർക്കിച്ചുകൊണ്ടിരിക്കുന്നവർക്ക് സ്വന്തം കൺമുമ്പിലെ കൊച്ചു സമരങ്ങളെപോലും നയിക്കാനൊ എന്തുകൊണ്ട് അത് സംഭവിക്കുന്നുവെന്നും എങ്ങിനെ അത് പരിഹരിക്കാമെന്നും മനസ്സിലാക്കുവാനോ എന്തെങ്കിലും സജീവമായ പങ്ക് വഹിക്കാനോ കഴിയുന്നില്ല എന്നതാണ് സത്യം.

—രണദേവൻ

സാംസ്ക്കാരിക പ്രവർത്തകരെ സർക്കാർ നേരിടുന്നത് രണ്ടു തരത്തിലാണ്. യാതൊരു വിവേചനവുമില്ലാതെ അവരെ നേരിടുന്നുവെന്ന് പറയാൻ സാദ്ധ്യമല്ല. ആദ്യം അവർ രാഷ്ട്രീയമായി ഒററപ്പെടുത്താൻ ശ്രമിക്കുന്നു. പിന്നീട് ലളിതമായ സർക്കാർ നടപടികൾ ആരംഭിക്കുന്നു. അവസാനത്തിൽ മാത്രമേ അറസ്റ്റും മററും പ്രയോഗിക്കുകയുള്ളു. മാത്രമല്ല, സാംസ്ക്കാരിക പ്രവർത്തകർക്ക് കയ്യയച്ച് ഗ്രാൻറുകളും അവാർഡുകളും സബ്സിഡികളും മററും നൽകി പ്രീണിപ്പിക്കുന്ന നയവും അവരുപയോഗിക്കുന്നു.

ക്കെല്ലാമാണ് പോയതെന്ന് അറിയാൻ ജനങ്ങൾക്ക് ഒരു മാർഗ്ഗവുമില്ലല്ലോ. തുടർന്ന് സി. പി. എം. ഒരു പ്രചരണമാരംഭിച്ചു, ''ജനങ്ങൾ ചെയ്തത് ഒട്ടും ശരിയായില്ല. അവർ പോലീസുകാരുടെ തോക്കുകൾ പിടിച്ചെടുക്കുക മാത്രമല്ല, ഒരു പോലീസുകാരനെ കൊല്ലുകകൂടി ചെയ്തു. അതിൻെറ സ്വാഭാവികമായ പ്രതികരണമാണ് ഈ സംഭവം.'' പ്രശ്നമതല്ല, സർക്കാരിന് പങ്കുണ്ടായാലും ഇല്ലെങ്കിലും തക്കതായ ശിക്ഷ ഉത്തരവാദപ്പെട്ടവർക്കു നൽകേണ്ടതു് ആത്മാർത്ഥതയുള്ള ഒരു സർക്കാരിൻെറ കടമയാണ്. ഞാനിവിടെ പറയാനുദ്ദേശിച്ചതു് ഒരു പ്രത്യേക പ്രശ്നമാണ്. അതായതു്, എവിടെയൊക്കെ ജനങ്ങൾ സ്വാഭാവികമായോ, മററു പാർല്ലിമെൻററി പാർട്ടികളുടെ നേതൃത്വത്തിലോ അനീതിക്കെതിരായി ഉണർന്നെഴുന്നേൽക്കുകയാണെങ്കിൽ ഇടതുപക്ഷ സർക്കാർ വകതിരിവില്ലാതെ അതിനെഅടിച്ചമർത്തുന്നുവെന്നതാണത്.

സാംസ്ക്കാരിക പ്രവർത്തകരെ സർക്കാർ നേരിടുന്നത് രണ്ടുതരത്തിലാണ്. യാതൊരുവിവേചനവുമില്ലാതെഅവരെ നേരിടുന്നുവെന്ന് പറയാൻ സാദ്ധ്യമല്ല. ആദ്യം അവർ രാഷ്ട്രീയമായി ഒററപ്പെടുത്താൻ ശ്രമിക്കുന്നു. പിന്നീട് ലളിതമായ സർക്കാർ നടപടികൾ ആരംഭിക്കുന്നു. അവസാനത്തിൽ മാത്രമേ അറസ്റ്റും മററും പ്രയോഗിക്കുകയുള്ളു. മാത്രമല്ല, സാംസ്ക്കാരിക പ്രവർത്തകർക്ക് കയ്യയച്ച് ഗ്രാൻറുകളും അവാർഡുകളും സബ്സിഡികളും മററും നൽകി പ്രീണിപ്പിക്കുന്ന നയവും അവരുപയോഗിക്കുന്നു. '70കളിൽവിപ്ലവ പ്രസ്ഥാനത്തിനുനേരെ ശക്തിയായ അടിച്ചമർത്തലുകൾ നടന്നപ്പോൾ പോലും ബുദ്ധിജീവികളിൽ ഭൂരിപക്ഷവും മൗനം പാലിച്ചു. അപ്പോൾ പിന്നെ ഇടതുപക്ഷ സർക്കാരിനെതിരായി അവരെങ്ങിനെ ശബ്ദമുയർത്തും?

കാഞ്ചൻകുമാർ : ഡെൽഹിയിൽഇയ്യിടെയായി ഏർപ്പെടുത്തപ്പെട്ടനാടകങ്ങൾക്കിടയിലുള്ള സെൻസർഷിപ്പിൻെറ പ്രശ്നം. ഡെൽഹി വളരെ നീണ്ട കാലത്തോളം ബൂർഷ്വാ-ഫ്യൂഡൽ സംസ്കാരത്തിൻെറ കോട്ടയായിരുന്നു. എങ്കിലും അടിയന്തിരാവസ്ഥയിൽ ധാരാളം മദ്ധ്യവർഗ്ഗവിഭാഗങ്ങളും മററു ജനവിഭാഗങ്ങളൊടൊപ്പം അടിച്ചമർത്തപ്പെട്ടിരുന്നതിനാൽ ഇന്ത്യയിൽ ജനാധിപത്യമില്ലെന്ന ഒരു ബോധം അവരിൽ വ്യാപകമായി. ധാരാളം സാംസ്ക്കാരിക പ്രവത്തകർ ചിന്തിക്കാൻ തുടങ്ങി. ഇടതുപക്ഷ ചിന്താഗതിയിലുള്ള തെരുവുനാടക സംഘങ്ങൾ ഡെൽഹിയിൽ വളരാൻ തുടങ്ങി. സർക്കാർ ഈ ഇടതുപക്ഷചായ്വുള്ള സാംസ്കാരിക പ്രവർത്തനങ്ങളിൽ ഭീതി പൂണ്ട് ഒരു പുതിയ നിയമം പാസാക്കി. അതുപ്രകാരം ഒരു നാടകം കളിക്കുന്നതിനു മുമ്പ് അതിൻെറ സ്ക്രിപ്ററ്'' ഒരു പോലീസുദ്യോഗസ്ഥൻെറ സെൻസർഷിപ്പിന് വിധേയമാക്കേണ്ടിയിരുന്നു. ആ ഉദ്യോഗസ്ഥൻ എതിർത്താൽ ആ നാടകം കളിക്കാൻപററുമായിരുന്നില്ല. എല്ലാവിഭാഗം സാംസ്കാരിക പ്രവർത്തകരും ഈ നിയമത്തെ ശക്തിയുക്തം എതിർത്തു. ഈ പ്രതികരണം കാരണം സർക്കാർ തൽക്കാലം ആ നിയമം നടപ്പിലാക്കുന്നില്ലെങ്കിലും കാലക്രമേണ അതു് നടപ്പിലാക്കുമെന്ന് തന്നെ എനിക്ക് തോന്നുന്നു. പോലീസുദ്യോഗസ്ഥന്മാരുമായി സംഭാഷണങ്ങൾ പലതും നടന്നു. തല്ക്കാലം പോലീസുദ്യോഗസ്ഥൻെറ സെൻസർഷിപ്പ് ഉണ്ടാകുമെങ്കിലും ഭാവിയിൽ ഇതിന്നായി ബുദ്ധിജീവികളുടെ ഒരു പാനൽ സർക്കാർ ഉണ്ടാക്കുമെന്ന് പറയുകയുണ്ടായി. അതിനേയും എല്ലാവരും എതിർത്തു. ഒരു സാംസ്കാരിക സൃഷ്ടിയെ വിലയിരുത്താൻ സർക്കാരിൻെറ പാനലിന്നെന്തവകാശം? ബോംബെയിൽ ഈ സെൻസർഷിപ്പ് ഉണ്ടെന്ന ഒരു ഉദാഹരണമാണ് സർക്കാർ പറഞ്ഞത്. ബോംബെയിൽ പറയത്തക്ക ഇടതുപക്ഷ പ്രസ്ഥാനമില്ലാത്തതിനാൽ ഇതു് പ്രശ്നമല്ല. പക്ഷെ, ഡൽഹിയിൽ അതു് പുതുതായി ഉയർന്നുവരുന്നുണ്ട്. ഇടതുപക്ഷ പ്രസിദ്ധീകരണങ്ങൾ അസാദ്ധ്യമാക്കുംവിധത്തിലുള്ള അറസ്റ്റുകളും റെയ്ഡുകളും മററു നടപടികളും സർക്കാർ സ്വീകരിക്കുന്നു. പുതിയ മാസികകൾക്ക് അനുവാദം ലഭിക്കാനും പ്രയാസമാണ്.

ഈ സെൻസർഷിപ്പ് ആന്ധ്രയിലുമുണ്ട്. 'മരീചിക' എന്ന നോവൽ ഒരു പോലീസുദ്യോഗസ്ഥനാണ് പ്രസിദ്ധീകരണത്തിൽ നിന്ന് തടഞ്ഞുവെച്ചത്. അതൊരു നല്ല നോവലൊന്നുമല്ല. ഒരു ഹിപ്പിയേയും ഒരു നക്സലൈററിനേയും ചിത്രീകരിക്കുന്ന ആ നോവൽ അവസാനം രണ്ടു പേരും പരാജയപ്പെടുന്നതായികാണിക്കുന്നു. പ്രശ്നമതല്ല. നിങ്ങളുടെ സൃഷ്ടിയെ സെൻസർ ചെയ്യാനുള്ള അവകാശം ഒരു പോലീസുദ്യോഗസ്ഥനുണ്ടെന്നതാണ് ഏററവും ഭീകരമായ പ്രശ്നം അതെ, അതുതന്നെയാണ് പ്രശ്നം.

ജോസഫ് എന്തുകൊണ്ട് ആത്മഹത്യ ചെയ്തു?



ജോയ് മാത്യു

പള്ളിമണികളുടെ ദുസ്സഹമായ മുഴക്കങ്ങളും
മൃതിയുടെ മന്ത്രധാരയും നമ്മുടെ കാതുകളിൽ
ആർത്തലക്കുമ്പോൾ
അഭിനയിക്കാനൊരുങ്ങിവന്നവർ
അരങ്ങൊരുക്കുവാനാരംഭിക്കുന്നു.
വിതുമ്പിയൊടുങ്ങുന്ന പള്ളിമണികൾക്കിടയിലൂടെ
തെന്നിത്തെറിച്ചെത്തുന്ന മന്ത്രധാര,
അരങ്ങൊരുക്കിതീരുവോളം
ഇങ്ങിനെ തുടരുന്നു :

''ജോസഫ് എന്തുകൊണ്ട് ആത്മഹത്യ ചെയ്തു എന്ന് നമുക്കാർക്കുമറിയില്ല. അവന്റെ മരണകാരണം നമുക്കു കണ്ടെത്താനാകുന്നുമില്ല. രഹസ്യങ്ങളുടെ ഇഷ്ടികകൾ പാകി, ചതുരങ്ങളുടെ ഓരോ വിടവുകളിലും ചളിപതിച്ച് തന്റേത് മാത്രമായ സമാധാനത്തിന്റെ പച്ചപ്പുൽമേടുകൾക്കധിപനായ് അവൻ നമുക്ക് മുന്നിൽ നിന്നും പറന്നുപോയി. അവനെ നിത്യജീവനു് അർഹനാക്കി തീർക്കുവാൻ, അവന്റെ അമരത്വം ഉറപ്പ് വരുത്തുവാൻ, നമുക്കവന്റെ മരണകാരണം കണ്ടെത്തേണ്ടിയിരിക്കുന്നു. അവനോടൊപ്പം അവന്റെ മരണകാരണവും മണ്ണായ് തീരുംമുമ്പേ നമുക്കത് കണ്ടെത്താം. വിഷണ്ണമായ ഈ ആകാശത്തിന്ന് ചുവട്ടിൽ അവൻ നമുക്കായി നൽകുന്നത് അവന്റെ ജഡം മാത്രമാകുന്നു. നമുക്കത് സ്വീകരിക്കാം.''

നിലാവ് വററിപ്പോയ അരങ്ങിൽ ഭ്രാന്തമായ മുദ്രകളോടെ സ്തോത്രം വിളിയുയർത്തി അവർ മൃതശരീരത്തിന്ന് സ്വാഗതമോതുന്നു.

ധൂപക്കുററികളിലേയ്ക്ക് കനൽ ചൊരിയപ്പെടുന്നു.
മെഴുകുതിരികൾ ആത്മാഹുതിക്കായ് ഒരുക്കപ്പെടുന്നു.
അവ്യക്തമായസ്തമിക്കുന്ന പള്ളിമണിയുടെ മുഴക്കങ്ങളും
പറന്നകലുന്ന പ്രാവുകളുടെ ചിറകടിയൊച്ചയും
അടുത്ത്‌വരുന്ന അന്തിയുടുപ്പുകളുടെ അലോരസങ്ങളും
നമുക്ക് കേൾക്കാറാകുന്നു.
നടന്മാർ തങ്ങളുടെ ഭാഗം പങ്കിട്ടെടുക്കുന്നു.
അവർ ഗുരുവും ശിഷ്യരുമായി മാറുന്നു.
നിലച്ചുപോകാനൊരുമ്പെടുന്ന മന്ത്രധാരയുടെ
കണ്ണികൾ ഗുരു ഇങ്ങിനെ വിളക്കി ചേർക്കുന്നു.
''നമുക്കത് സ്വീകരിക്കാം.''
ശിഷ്യന്മാർ : ''സ്തോത്രം ! സ്തോത്രം ! ''
ആഭിചാരങ്ങളുടെ ഘോഷയാത്രക്കായ് രംഗവേദി ഒരുങ്ങുന്നു.
കുന്തിരിക്കത്തിന്റെ നീലനദിനിറഞ്ഞൊഴുകു-
വാന ാരംഭിക്കുന്നു.
* കുരിശുമേശയൊരുങ്ങുന്നു.
ഇതാ, സ്തോത്രങ്ങളുടെ ബഹളമയമായ വേദിയിലേക്കു്
ശവക്കോടിയാൽ ബന്ധനസ്ഥനായ്, അന്ധനായ് തന്റെ
പ്രിയപ്പെട്ടവക്കരികിലേയ്ക്ക്
നടന്നണയുന്ന മൃതനായജോസഫ്.
ആർത്തനാദങ്ങളും അലമുറകളും അവനു് അകമ്പടിയാകുന്നു.
അന്ധമായ നേത്രങ്ങളോടെ തനിക്കായൊരുക്കപ്പെട്ട
കിടക്ക തിരഞ്ഞുഴറുന്ന ജോസഫ്.
പ്രിയപ്പെട്ടവർ കരിശിലേക്കു കയറാനവന്ന് സഹായഹസ്തങ്ങൾ നൽകുന്നു.
അവന്ന് കിടക്കയൊരുക്കുന്ന അവന്റെ പോയകാല സൗഹൃദങ്ങൾ.

*കരിശിന്റെ രൂപാകൃതിയോട് കൂടിയ മേശ

ഗുരുവിന്റെ കാൽമ്മികത്വത്തിൽ അവരവന്റെ വസ്ത്രം
ഉരിഞ്ഞു മാററുന്നു.
നഗ്നമാക്കപ്പെട്ട ജഡത്തിന്നരികിലേയ്ക്ക് കാരിരുമ്പാണികളും
ചുററികകളുമായി അവർ ഓടിയണയുന്നു.
അവന്റെ തുവൽപോലെ വെണ്മയേറിയ കൈകളേയും
വേരു പോലെ ഇളം ചുവപ്പാർന്ന പാദങ്ങളേയും
കരിശിങ്കലേയ്ക്ക് വലിച്ചുനീട്ടി യഥാസ്ഥാനങ്ങളിൽ
ചേർത്ത്വെക്കുന്നു.
ഒരു കണ്ണിമയുടെ ചലന വേഗതയിൽ ആർത്തണയുന്ന -
ചുററികയുടെ പ്രഹരത്തിൽ ഞരമ്പുകളൊടുക്കി
മാംസത്തെ മരത്തോട് പററിചേർത്തുന്ന കാരിരുമ്പാണി.
സൗഹൃദങ്ങളുടെ കരുത്തേറിയ ഒരു പ്രഹരത്തിന്ന് പോലും
ജോസഫിൽ നിന്നുമൊരു നിശ്വാസമെങ്കിലും കൈപ്പററാനാ
കുന്നില്ല.
ശാന്തനായ് നിശബ്ദനായ് ജോസഫ് കിടക്കുന്നു.

ഗുരു : "നമുക്ക് പഠിപ്പിക്കാനും കണ്ടെത്തുവാനുമായി
ഒരു പാട് കാര്യങ്ങളാണുള്ളത്. അതിനാൽ
പ്രിയരേ, അവിശ്വാസത്തിന്റെയും അശ്രദ്ധ
യുടേയും പുതപ്പുകൾ ഉരിഞ്ഞ് കളഞ്ഞ്
നമുക്കിവങ്കലേയ്ക്ക് തിരിയാം."

ശിഷ്യ : സ്തോത്രം! സ്തോത്രം!

ഗുരു വചനങ്ങളൊപ്പിയെടുക്കാൻ കാതുകളും അവ പകത്തി
യെടുക്കാൻ ഒലിവിലകളുമായി ശിഷ്യന്മാരൊരുങ്ങുന്നു.

ഗുരു : നശ്വരമായ ഈ ലോകത്ത് ഇരുപത്തിരണ്ട്
സംവത്സരം അവൻ കഴിച്ചുകൂട്ടി

ശിഷ്യ : "ഇരുപത്തിരണ്ട് സംവത്സരം! സ്തോത്രം

ഗുരു : രഹസ്യങ്ങളുടെ മാളങ്ങൾ പതിയിരിക്കുന്ന
ഇവന്റെ തലച്ചോറും ഓരോ മാളത്തിലും
ചുരുണ്ടുകിടക്കുന്ന സ്വപ്നഗ്രന്ഥികളും നമുക്ക
ടർത്തിയെടുക്കണം നമ്മുടെ പ്രിയ സഹോദര
ന്റെ മരണകാരണം എന്താകുന്നു എന്നു നാം
അറിയേണ്ടതിലേയ്ക്ക് നമ്മുടെ സഹോദരന്റെ
തലയോട്ടി പിളന്ന് സൗഹൃദത്തിന്റെ കണ്ണു
നീരാൽ കഴുകി, അവന്റെതലച്ചോർ പരി
ശോധിക്കേണ്ടതാകുന്നു.

ശിഷ്യ : സ്തോത്രം ! സ്തോത്രം !
ഹാലേലൂയ്യാ... ഹാലേലൂയ്യാ
തലയോട്ടി പിളരേണ്ടതാകുന്നു.
തലയോട്ടി പിളരേണ്ടതാകുന്നു.

അവർ ചുററികയും കോടാലിയുമായി
ജോസഫിന്നരികിലേക്കാർത്തണയുന്നു.
ഗുരു വചനാനുസരണം അവർ തലയോട്ടി
പിളർക്കാനൊരുമ്പെടുന്നു.
അവർ കോടാലിയുടെ തിളങ്ങുന്ന മൂർച്ച തലയോടിന്റെ
നേർ പകുതിയിൽ നിർത്തുന്നു.
പിന്നെ ചുററിക വീശിയുയർത്തുന്നു.
വീശി വീഴുന്ന ചുററികയുടെ ഓരോ പ്രഹരത്തിലുംകോടാലി
തലയോട്ടിയുടെ ആഴമളക്കുന്നു.

സ്തോത്രങ്ങളും കന്തിരക്കവും പുകഞ്ഞുയരുന്നു.
മെഴുകുതിരികൾ ഉഷ്ണിച്ചുരുകിയൊലിക്കുന്നു.
ചുററികയുടെ ഒടുവിലത്തെ ആഞ്ഞുലച്ചലിൽ
തലയോട്ടി പിളരുന്നു;
വളരെ സൗഭാഗ്യത്തോടെ നേർപകുതികളായിത്തന്നെ
ശിഷ്യൻമ്മാർ ഇരുചേരികളായി തലയോട്ടി
ഇരുപാതികളായി പൊളിച്ചടർത്തുന്നു.
ചോര കിനിയുന്ന ചുററികയും കോടാലിയുമായ് മാന്ത്രിക
ഘോഷയാത്രയാരംഭിക്കുന്ന ഗുരുവും ശിഷ്യന്മാരും
അദ്ധ്വാനത്തിന്റെ പരിക്ഷീണിത വിങ്ങിയുരുകി നെററി
കളിൽ ഉഷ്ണനീരിന്റെ വട്ടക്കറ വിടർത്തുമ്പോൾ

ഗുരു : ഭാരമേറിയ ലോഹതകിടുകൾ പോലെ
എന്ത് കഠിനമായിരുന്നു സഹോദരന്റെ
തലയോട് എന്നു നാം കണ്ടു.
നിരന്തരമായ ആഘാതങ്ങളാൽ
അവ കഠിനപ്പെട്ടതാകാം.

ശിഷ്യ : നിരന്തരമായ ആഘാതങ്ങളാൽ അവ
കഠിനപ്പെട്ടതാകാം.
(ഒലിവിലകളിലേക്കവരത് പകർത്തുന്നു)

ഗുരു : പ്രിയരേ...
ക്ഷീണിതനായ ശരീരത്തിന്നും
ക്ഷീണിതയായ ഈ രാവിന്നും വേണ്ടി
നമുക്ക് അത്താഴമുണ്ടതിന്നു ശേഷം
തിരുവചന നിവൃത്തിക്കായ്
വീണ്ടും പഠനമാരംഭിക്കാം.

ശിഷ്യ : ആമേൻ ....

ഒലിവിലകളും തുവലുകളും ഉപേക്ഷിക്കപ്പെടുന്നു.
അവർ തീൻമേശയൊരുക്കുവാനാരംഭിക്കുന്നതോടെ
ജോസഫിന്റെ ജഡവും അവനെ തറച്ചകുരിശുമേശയും
നമ്മുടെ ദൃഷ്ടിയിൽനിന്നും മറഞ്ഞ് ഇരുളിലാണ്ട് പോകുന്നു
ഭക്ഷണപൊതികളും പാത്രങ്ങളും നിരത്തിവെച്ചിരിക്കുന്ന
തീൻമേശക്ക് ചുററുമിരിക്കുന്നവർ മാത്രമെ അരങ്ങിലെ
പ്രകാശത്തവൃത്തിൽ നമുക്ക് കാണുമതായുള്ളു
അവർ വട്ടമിട്ടിരിക്കുകയും രക്തക്കറ പുരണ്ട കൈപ്പത്തികൾ
ഉടുപ്പുകളിൽ തുടച്ച് വെടിപ്പാക്കുകയും, ദീപത്തിന്ന്
പ്രകാശം കൂട്ടുകയും കുശുകുശുക്കുകയും അപരന്റെ
ഭക്ഷണത്തിൽ കണ്ണുവെക്കുകയും ചെയ്യുന്നു.
അത്താഴമുണ്ണുന്നവരുടെ എരിവിന്റെ നീററലും
മധുരത്തിന്റെ ചവർപ്പുംകൊണ്ട് അന്തരീക്ഷം
ബഹളാമയ മാകുമ്പോൾ
പെട്ടെന്ന് ഒരുവൻ അത്താഴമേശമേൽ കൈമുട്ടുകളൂന്നി
കുനിഞ്ഞ് തന്റെ സ്വന്തം ഭക്ഷണത്തിലേക്ക് മൂക്കുചേർത്ത്
മണത്ത് നോക്കി തൃപ്തി വരുത്തി.
അപരന്റെ പാത്രത്തിലേക്ക് സംശയഗ്രസ്തമായി നോക്കി
കൊണ്ട് പറയുന്നു : "നിന്റെ മീനിന്റെ അളിഞ്ഞ നാററം
എനിക്ക് സഹിക്കാനാവുന്നില്ല."
അപരന്റെ പ്രക്ഷുബ്ധമായ മുഖം ഒരു നിമിഷം സ്വന്തം
ഭക്ഷണത്തിലേക്കവനെ അടുപ്പിക്കുന്നു.
അവൻ മണത്ത് നോക്കുന്നു, സ്വന്തം ഭക്ഷണത്തിലവനു

വിശ്വാസം വരുന്നു :

''എന്റെ മീനല്ല നാററമുണ്ടാക്കുന്നത്
ഇവളുടെ തൈരിന്റെ വാടയാണ്''

ഇപ്പോൾ നാലു കണ്ണുകളും അപരയുടെ ഭക്ഷണത്തിലാണ്
തറച്ചു നിൽക്കുന്നത്
ക്ഷോഭത്തിന്റെ ചുവപ്പ് മിന്നിമറയുന്ന അവൾക്കുറപ്പാണ്
സ്വന്തം ഭക്ഷണത്തിന്റെ വിശ്വാസ്യതയെപ്പററി.
എങ്കിലും ഒരു നിമിഷം സ്വന്തം ഭക്ഷണം മണത്ത് നോക്കാൻ
അവളും നിർബ്ബന്ധിതയാകുന്നു.

! '' എന്റെ തൈരല്ല ദുർഗ്ഗന്ധം പരത്തുന്നത്
ഇവന്റെ കെട്ട മുട്ടയുടെ ചീഞ്ഞ നാററമാണ്''

ഇപ്പോൾ ആറു കണ്ണുകൾ ഒന്നായ് നാലാമതൊരുവന്റെ
ഭക്ഷണത്തിലാണ് തറച്ചുനിൽക്കുന്നത്.
അവനും സ്വന്തം ഭക്ഷണത്തിന്റെ വിശ്വാസ്യത
ഉറപ്പു വരുത്തുന്നു.
ദുർഗ്ഗന്ധത്തിന്റെഉറവയന്വേഷിക്കുന്ന കണ്ണുകൾ എട്ടും പത്തും
പന്ത്രണ്ടുമായി വദ്ധിക്കുന്നു.
ഓരോ ഭക്ഷണ പാത്രത്തിലേയ്ക്കും കുതിച്ചു ചാടുന്ന കണ്ണുകൾ
അതിനൊപ്പം നീണ്ടു ചെല്ലുന്ന മൂക്കുകൾ
ഒടുവിൽ ഇരുപത്താറു കണ്ണുകൾ അന്യോന്യവും തലങ്ങും
വിലങ്ങുമായും അന്വേഷണങ്ങളായ് ഓടിനടക്കുന്നു.
മൂക്കുകൾ ഓരോ മുക്കും മൂലയും അരിച്ചുപെറുക്കി മണക്കുന്നു.
ദുസ്സഹമായ ദുർഗ്ഗന്ധത്താൽ പരസ്പരം കുററം പറയുകയും
പഴിചാരുകയും ശണ്ഠകൂടുകയും
മുഖം ചുളിക്കുകയും ചിറി കോട്ടുകയും
ഒളിച്ചും പതുങ്ങിയും സ്വന്തം ഭക്ഷണം പരിശോധിച്ച്
തൃപ്തിവരുത്തുകയും ചെയ്യുന്ന വക്കിടയിലേക്ക്
ഒരദൃശ്യശക്തിയായ് ദുർഗ്ഗന്ധം
തന്റെ സാന്നിദ്ധ്യം അറിയിക്കുന്ന
ഇരിപ്പിടങ്ങളിലേയ്ക്ക്, വസ്ത്രങ്ങളിലേയ്ക്ക്, തൊലിയിലേയ്ക്ക്
ആമാശയത്തിലേക്കിഴഞ്ഞ് ചെന്ന് ഓക്കാനത്തിന്റെ
പൂട്ട് തുറക്കുന്ന വൃത്തികെട്ട നാററം.
നാററത്തിന്റെ അസഹ്യമായ സാന്നിദ്ധ്യം അരങ്ങ് മുഴുവനും
നിറയുന്നു
മനം പുരട്ടൽ ഒരു ചതഞ്ഞരഞ്ഞ ഹൃദയമായ്
കുടലിലൂടെ തുള്ളി തികിട്ടി വായിൽ വന്നു നിറയുന്നതായി
അവർക്കനുഭവപ്പെടുന്നു.
കണ്ണുകൾ സൂചി മുനയിലെന്നപോലെ ഏതു നിമിഷവും
താഴേക്കുരുണ്ട് വീഴുവാൻ തയ്യാറെടുക്കുന്നു.
മുടി ചുരുളുകൾ ഉണന്നെണീക്കുന്നു.
ഹതാശയനായ ഒരുവന്റെ നിലവിളി നമ്മുടെ കെട്ടുപോയ
പ്രജ്ഞയ്ക്ക് തിരി കൊളുത്തുന്നു.

''ഇതാ...നോക്കൂ......''

ദുർഗ്ഗന്ധത്തിന്റെ ഉറവ് കണ്ടെത്തുന്ന അവന്റെ കണ്ണുകൾ.
അത് ചൂണ്ടിക്കാണിക്കുന്ന അവന്റെ വിരലുകൾ.

: ''നോക്കൂ...ജോസഫിന്റെ തലച്ചോർ
ജോസഫിന്റെ തലച്ചോറിൽ നിന്നാണ്
ദുർഗ്ഗന്ധം പൊട്ടിയൊലിക്കുന്നത് ''

അവൻ ചൂണ്ടികാണിച്ചിടത്തേക്ക്
കൃഷ്ണമണികളുടെ അമ്പരന്ന മുനമൊട്ടുകളെല്ലാം.
വന്നുതറച്ചു നിൽക്കുന്നു.
അത് നാടകം കാണാനെത്തിയ നമ്മളിലാണല്ലോ
വന്നു തറക്കുന്നത് !
അവർ നാടകം കാണാനെത്തിയവരെ ജോസഫിന്റെ
തലച്ചോറാക്കി മാററുന്നു.
ഇവിടം മുഴുവനും ദുർഗ്ഗന്ധത്തിന്റെ വിത്തുപാകിയത്
ജോസഫിന്റെ തലച്ചോർ തന്നെയാണെന്നും
അത് കാണികളായ നമ്മൾ നിറഞ്ഞ ഈ നാടകശാല
യാണെന്നും അവർ ഉറപ്പ് വരുത്തുന്നു.
അവരുടെ പരിഭ്രാന്തവും വ്യാമിശ്രിതവുമായ സംഭാഷണം
നമുക്ക് കേൾക്കാറാകുന്നു:

: ഗുരോ...കാണുക, തലച്ചോറിന്റെ വെണ്മ
കെട്ടുപോയിരിക്കുന്നു. അവിടമാസകലം
മഞ്ഞനിറം വ്യാപിച്ചിരിക്കുന്നു.
:അയ്യേ...ആ കാഴ്ച എന്നിൽ അറപ്പുളവാക്കുന്നു
:എനിക്ക് പേടിയാവുന്നു
:ഈ ദുർഗ്ഗന്ധം സഹിക്കാനാവുന്നില്ലല്ലോ.
: എന്താണത് ?
:എന്ത് ?
: ആ മഞ്ഞ നിറം
: എവിടെ ?
: അയ്യോ...ചലം
: ഹെന്ത് ?
: അല്ല ചോര !
: ചോരയും ചലവും ! എനിക്കിത് കാണാൻ
വയ്യ.
: അയ്യോ...അത് പുറത്തോക്കൊഴുകി ഒലിക്കു
കയാണല്ലോ...
(ഒരു കൂട്ട നിലവിളി നെടുകെ ചീന്തുന്നു)

സംഭീതമായ സംഭാഷണങ്ങൾ ഉരുവിടുകയും
പരസ്പരം ആശ്വസിപ്പിക്കുകയും അന്യോന്യം
ഉററു നോക്കുകയും
ഒരാശ്വാസത്തിന്നായി പരക്കം പായുകയും
ചെയ്യുന്നവക്കിടയിലേക്ക് ആർത്തണയുന്ന
ദുർഗ്ഗന്ധപ്രവാഹത്തിൽ സുഗന്ധത്തിന്റെ കോട്ടകൾ
തകർക്കപ്പെടുന്നു
വീണ്ടും കണ്ടെത്തലുകൾ

:അയ്യോ..എനിക്കിത് സഹിക്കാനാവുന്നില്ല
:ഇതാ...നോക്കൂ.
: എവിടെ ?
: എന്താണ്? എന്താണത്?
: പുഴക്കൾ
: പുഴക്കൾ
: നോക്കൂ...മൊട്ടുകൾ പോലെ
: അയ്യോ...അമ്മേ...

ഭയത്തിന്റെയും ഭീതിയുടേയും അലമുറകൾനൃത്തം
വെച്ചോടുന്ന അരങ്ങിൽ കരച്ചിലിന്റെ വക്കിൽ നിന്നുമടന്ന്
വീഴുന്നവരുടെ എണ്ണം പെരുകുന്നു.

: അതാ...പുഴക്കൾ നുരക്കുന്നു

: എന്താണിത് ? തലച്ചോറിൽ നിന്നും
പുഴക്കളോ ?
: എനിക്കന്റെ കണ്ണുകളെ വിശ്വസിക്കാമോ
: അയ്യോ...അവ നരയ്ക്കുന്നു.
: പുറത്തേയ്ക്കുളയിടുന്നു
: ഞാനിപ്പോഠം മരിച്ചുപോകും.
: മിണ്ടരുത്
: എനിക്ക് പേടിയാവുന്നു.
: അയ്യോ...ഇനി ഒരു നിമിഷം എനിക്കിത്
സഹിക്കാനാവില്ല...

''സഹിക്കാനാവില്ല, സഹിക്കാനാവില്ല'' എന്നുച്ചത്തി ലാർത്ത് കൊണ്ടു് നടന്മാർ തങ്ങളുടെ നാടകവേഷങ്ങഠം അഴിച്ചു വലിച്ചെറിഞ്ഞ് അരങ്ങിൽ നിന്നും ദുർഗ്ഗന്ധത്തിന്റെ വേലിയേററത്തിൽ നിന്നും... രക്ഷപ്പെട്ടോടുന്നു.

അവർ അരങ്ങിൽ നിന്നും രക്ഷപ്പെട്ടോടുന്നതിനിടയിൽ ''കുമ്പസാരം, കുമ്പസാരം '' എന്ന് ഉച്ചത്തിൽ നിലവിളിച്ച് കൊണ്ടു് ഗുരു അരങ്ങ് മുഴുവനും ഓടുകയും തന്റെ നാടകവേഷം വലിച്ചൂരി മാററാൻ ശ്രമിക്കുന്നതിന്നിടയിൽ ജോസഫിന്റെ തലച്ചോറിൽ നരക്കുന്ന പുഴക്കളെ നോക്കി

ഉറക്കെ :

നിങ്ങഠം പാപമില്ലാത്ത രക്തത്തെ
ഒററു കൊടുത്തിരിക്കുന്നു.
കളങ്കമില്ലാത്ത കുഞ്ഞാടിനെ നിങ്ങഠം
കുരുതികൊടുത്തിരിക്കുന്നു.
ജോസഫിന്റെ മരണകാരണം ആയവൻ
ആരോ, അവന്ന് ഹാ ! കഷ്ടം
അവന്റെ കുമ്പസാരത്തിൽ അവന്ന്
പുഴവിൽ നിന്നു മോചനം.
ജോസഫിന്റെ തലച്ചോറിൽ കൂടു കൂട്ടി
യിരിക്കുന്ന പുഴകളെ ...
കുമ്പസാരിക്കുവിൻ കുമ്പസാരിക്കുവിൻ''

ഒടുവിൽ അയാളും തന്റെ നാടക വേഷം വലിച്ചൂരിയെറി ഞ്ഞ് ദുർഗ്ഗന്ധം നിറയുന്ന അരങ്ങ് വിട്ടോടുന്നതോടെ നാടകം രംഗത്ത് അവസാനിക്കയും കാഴ്ചക്കാരായ നമ്മഠംക്കുമേൽ പ്രകാശം വീഴുകയും ചെയ്യുന്നു.

പൊടുന്നനെ ജോസഫിന്റെ തലച്ചോറിൽ നിന്നും ഒരു നിലവിളി ഉയരുന്നു.
നിലവിളിച്ചവർ തന്റെ ഇരിപ്പിടത്തിൽ നിന്നുമെഴുന്നേററ് വിലപിക്കുകയും തന്റെ മുടി വലിച്ചുപറിക്കയും ചെയ്തു കൊണ്ടു്, ''ഞാൻ കററമില്ലാത്ത രക്തത്തെ കാണിച്ചു കൊടുത്തു, ഞാൻ കുററമില്ലാത്ത രക്തത്തെ കാണിച്ചുകൊടുത്തു'' എന്നുപറഞ്ഞ് സങ്കടപ്പെടുകയും ചെയ്യുന്നു.

പിന്നെ താഴെ വീണു പിടയുകയും, ഇഴയുകയും ചെയ്യുന്നു.
ക്രമേണ അവന്റെ ചലനങ്ങഠം മനുഷ്യനിൽനിന്നു അവനെ വ്യത്യസ്ഥനാക്കുന്നു.
അവൻ പുളയുന്നു.
നരയുകയും ഇഴയുകയും ചെയ്യുന്നു.
ഒടുവിലൊരു പുഴവായ് നരഞ്ഞ് പുളഞ്ഞ്
അവൻ നാടകശാല വിട്ടു് പുറത്തേക്കു് ഊളയിട്ടു് മറയുമ്പോഠം
ജോസഫിന്റെ തലച്ചോറിൽനിന്നും
വീണ്ടും ഒരു നിലവിളിയുയരുന്നു.
നിലവിളിച്ചവൻ മുൻപ് പുഴവായ് മാറിയവന്റെ
ചേഷ്ടകഠം തന്നെ ആവർത്തിക്കുന്നു.
അവനും ''കുററമില്ലാത്ത രക്തത്തെ കാണിച്ചുകൊടുത്തവൻ ഞാൻതന്നെ'' എന്ന് ഏററു പറഞ്ഞ് സങ്കടപ്പെടുകയും
ഇഴഞ്ഞ് പുളഞ്ഞ് മറെറാരു പുഴവായ് നാടകശാല
വിട്ടു പുറത്തേയ്ക്കുളയിടുകയും ചെയ്യുമ്പോഠം
വീണ്ടും മുൻപന്നെപോലെ ജോസഫിന്റെ തലച്ചോറിൽ നിന്നും ഒരു നിലവിളികൂടി ഉയരുന്നു.
വീണ്ടും വീണ്ടും പുഴക്കഠം ജനിക്കുകയും അവ നാടകശാല വിട്ട് പുറത്തേയ്ക്കുളയിടുകയും ചെയ്യുന്നു.
ഒടുവിൽ നമ്മളും ജോസഫിന്റെ തലച്ചോർ വിട്ടിറങ്ങുവാനായി ഇരിപ്പിടങ്ങളിൽനിന്നും നരഞ്ഞു പൊന്തുന്നു.
[redacted] നാം പുറത്തേയ്ക്കുളയിടുന്നതോടെ '' ജോസഫ് എന്ത് കൊണ്ടു് ആത്മഹത്യ ചെയ്തു''എന്ന നാടകം അവസാനിക്കുന്നു.

ജനകീയപ്രസ്ഥാനങ്ങൾ....

ജനവിരുദ്ധപ്രസ്ഥാനങ്ങൾ....

കെ. പി. മുഹമ്മദ് ഹാരിസ്

അതേ, മറെറന്തിൻെറയൊക്കെ അഭാവമുണ്ടെങ്കിലും 'സംഘടിതശക്തി'കളും 'ജനകീയ പ്രസ്ഥാന'ങ്ങളും വേണ്ടുവോളമുള്ള ഒരു സമൂഹമാണ് കേരളത്തിൽ നിലനിൽക്കുന്നത്. രാഷ്ട്രീയ, സാംസ്കാരിക മേഖലകളിൽ എത്രമാത്രം കൊടിതോരണങ്ങളാണ് നമുക്കുള്ളത്. തൊഴിലാളി വർഗ്ഗസർവ്വാധിപത്യം സ്ഥാപിക്കാനും മോക്ഷം നേടാനും ആർഷ ഭാരതം പുനഃസൃഷ്ടിക്കാനും ഉദാത്ത സാഹിത്യമുണ്ടാക്കാനും ഇവിടെ സംഘടിത പ്രസ്ഥാനങ്ങളുണ്ട്. പലപ്പോഴും ലോകത്തിൽ തന്നെ ഏററവും ഗാഢമായി ക്രിസ്തീയാചാരങ്ങളും മുസ്ലിം അനുഷ്ഠാനങ്ങളും ഹിന്ദുധർമ്മവും പുത്തനിടതുപക്ഷവും ആധുനികോത്തര കവിതയുമൊക്കെ കേരളീയ സാംസ്കാരികാവബോധത്തിൽ സഞ്ചരിക്കുന്നു. ഇതിനോടൊക്കെ ബന്ധപ്പെട്ടിരിക്കുന്ന സംഘടനകൾക്ക് രാഷ്ട്രീയ പാർട്ടിയുടേയോ, പുരോഹിതൻെറയോ, പ്രഭാഷകൻെറയോ ഗ്രൂപ്പിൻെറയോ തലത്തിൽനിന്നുകൊണ്ട് സംഘടനാധർമ്മം അനുഷ്ഠിക്കുകയും വീണ്ടും ശക്തിയാർജ്ജിക്കുവാൻ പണിപ്പെടുകയും ചെയ്യുന്നു. ഇങ്ങനെയുള്ള സംഘടിത പ്രസ്ഥാനങ്ങൾ വിഭിന്ന മേഖലകളിലായും വലുതും ചെറുതുമായും വിഭജിച്ചു നിൽക്കുന്നു. എങ്കിലും എല്ലാവരും സംസാരിക്കുന്നത് ജനങ്ങളുടെ പേരിലാണ്. ജനങ്ങൾക്ക് വേണ്ടിയാണ് എല്ലാവരും പണിയെടുക്കുന്നത്. ജനങ്ങൾക്കിടയിലെ അപകവികാരങ്ങൾ മുതൽ അവരുടെ മഹാസ്വപ്നങ്ങൾവരെ ഉപയോഗപ്പെടുത്തി നിലനിൽക്കുകയും വളരുകയും ചെയ്യുന്ന ഈ സംഘടിത, ശക്തികൾ ജനങ്ങൾക്കുമേൽ പർവ്വതങ്ങളായി വീണുകിടക്കുന്നു. ഏത് വിഭിന്നവും വിരുദ്ധവുമായ വസ്തുതകൾക്കുമേലും 'സംഘടിത' ശക്തികൾ രൂപംകൊള്ളുന്ന നമ്മുടെ സാമൂഹ്യാന്തരീക്ഷത്തിൽ അത് സംഘടിത ശക്തിയുടെ ഭാഗമാവുന്നവരും അല്ലാത്തവരുമായ സാധാരണ മനുഷ്യൻെറ താല്പര്യങ്ങളെ എത്രമാത്രം സേവിക്കുന്നുണ്ട്? 20-ാം നൂററാണ്ടിൽ കേരളീയ സമൂഹത്തിലുണ്ടായ രാഷ്ട്രീയ രംഗത്തെ ജനകീയ പ്രസ്ഥാനങ്ങളുടെ ഗതിവിഗതികളെ കുറിച്ച് നമുക്കിനിയും വേണ്ടത്ര ധാരണയുളവായിക്കഴിഞ്ഞിട്ടില്ലെന്ന് തോന്നുന്നു. ഈ കുറിപ്പിലൂടെ അതിനുവേണ്ടിയുള്ള ആഴമേറിയ ഒരു പഠനത്തിനുവേണ്ടിയല്ല മറിച്ച് വെറുമൊരു രേഖാചിത്രത്തിനുവേണ്ടിയാണ് ശ്രമിക്കുന്നത്.

''സർപ്പങ്ങളുടേയും രത്നങ്ങളുടേയും' രാജ്യമായ ഇന്ത്യ കണ്ടെത്തുവാനുള്ള യൂറോപ്യൻ നാടുകളുടെ സാഹസികവും ദീർഘിച്ചതുമായ യത്നങ്ങൾ പുതിയ വിതാനത്തിലേക്കുയരുന്നത് പോർച്ചുഗീസുകാർ വാസ്കോഡിഗാമയുടെ നേതൃത്വത്തിൽ കോഴിക്കോടിനടുത്ത കാപ്പാടെത്തുന്നതോടുകൂടിയാണ്. അതിനുശേഷം പല യൂറോപ്യൻ ശക്തികളുമെത്തുകയും ഇന്ത്യയെ കീഴടക്കാൻ പ്രയത്നിക്കുകയും ചെയ്തു. അവർ തമ്മിലുള്ള പരസ്പര മൽസരത്തിൽ വ്യാവസായിക വിപ്ലവത്തിൻെറ ഫലങ്ങൾ മറേറത് യൂറോപ്യൻ ശക്തിയേക്കാളുമേറെ അനുഭവിക്കാൻ കഴിഞ്ഞ ബ്രിട്ടൻ അവസാന വിജയം നേടിയെടുത്തു. 1792 ആവുമ്പോഴേക്കും ബ്രിട്ടൻ നാട്ടുരാജ്യങ്ങളെ കീഴ്പ്പെടുത്തി സ്വന്തം ഭരണം സ്ഥാപിച്ചു തുടങ്ങുകയോ രാജാക്കൻമാരെ തങ്ങളുടെ വരുതിയിലാക്കുകയോ ചെയ്തിരുന്നു. കൊച്ചിയിലും തിരുവിതാംകൂറിലും ഉണ്ടായിരുന്ന രാജാക്കൻമാർ ബ്രിട്ടൻെറ അധികാരത്തിന് വിധേയരായി നാടുഭരിച്ചപ്പോൾ മലബാർ നേരിട്ട് അവരുടെ കീഴിലായിരുന്നു. പൂർണ്ണമായ അധികാരം സ്ഥാപിക്കുന്നതിനിടയിൽ അനവധി എതിർപ്പുകൾ ബ്രിട്ടീഷുകാർക്ക് നേരിടേണ്ടിവന്നു. പഴശ്ശിരാജയുടേയും വേലുത്തമ്പിദളവയുടേയും നേതൃത്വത്തിൽ മലബാറിലും തിരുവിതാംകൂറിലുമായി നടന്നയുദ്ധങ്ങളും 1809ൽ കൊച്ചിയിൽ നടന്ന 'നായൻമാരുടെ ലഹളയും' ഒപ്പം തന്നെ കൃഷിക്കാരുടെ നിരന്തരമുള്ള കലാപങ്ങളും അവർക്ക് അഭിമുഖീകരിക്കേണ്ടിവന്നു. അവർ അധികാരം സ്ഥാപിച്ചതിനുശേഷം ഇവിടെ നടപ്പിൽ വരുത്തിയിരുന്ന ഭൂനിയമങ്ങൾ യൂറോപ്യൻ ഫ്യൂഡലിസത്തിൻെറ യാന്ത്രികാവർത്തനമായിരുന്നു. അന്നോളം നിലവിലുണ്ടായിരുന്ന ഭൂമിയുടെ അവകാശത്തെക്കുറിച്ചും വർഗ്ഗബന്ധങ്ങളെക്കുറിച്ചും അജ്ഞരായിരുന്ന ബ്രിട്ടീഷുകാർ തങ്ങളുടെ താൽപര്യങ്ങൾക്ക് മുൻഗണന നൽകി നടപ്പിൽ വരുത്തിയ പരിഷ്ക്കാരങ്ങൾ നിലവിലുണ്ടായിരുന്ന ഉൽപാദന മണ്ഡലത്തിൽ ചെലുത്തിയ സ്വാധീനം യഥാർത്ഥ കൃഷിക്കാരന് പ്രതികൂലമായിട്ടായിരുന്നു. കൃഷിക്കാരനെ സംബന്ധിച്ചേടത്തോളം തങ്ങളുടെ ജീവിതത്തെ കൂടുതൽ ദുസ്സഹമാക്കുകയായിരുന്നു ബ്രിട്ടീഷുകാർ ചെയ്തത്. യജമാനന്മാരുടെ വരുതിയിൽ നിൽക്കുന്ന ജന്മിമാർക്ക് അധികാരവും സമ്പത്തും വർദ്ധിച്ചപ്പോൾ കൃഷിഭൂമിയിൽ അസ്ഥിരതയും വർദ്ധിക്കുന്നകടബാധ്യതകളുമായിരുന്നു കൃഷിക്കാരന് ലഭിച്ചത്. അതുവരെ ഈ നാട്ടിനകത്തെ ഉപരിവർഗ്ഗചൂഷണമനുഭവിച്ചിരുന്നവർ അന്യശക്തിയുടെ ചൂഷണത്തിനുകൂടി വിധേയരാവേണ്ടിവന്നു. അതിൻെറ സ്വാഭാവികപ്രതികരണമെന്ന നിലക്ക് കൃഷിക്കാർ ജന്മികൾക്കും ബ്രിട്ടീഷുകാർക്കും എതിരായി നിരന്തരം കലാപങ്ങൾ സൃഷ്ടിച്ചുകൊണ്ടിരുന്നു. ഒററപ്പെട്ടതും അനാസൂത്രിതവുമായ ഇത്തരം കലാപങ്ങൾ പഴശ്ശിയുടെയും വേലുത്തമ്പി ദളവയുടെയും കുറേക്കൂടി ആസൂത്രിത യുദ്ധ സംരംഭങ്ങളേക്കാൾ ബ്രിട്ടീഷുകാർക്ക് തലവേദനയുണ്ടാക്കിക്കൊണ്ടിരുന്നു. അത്തരത്തിലുള്ള എതിർപ്പുകളെ 'ആധുനിക' യന്ത്രങ്ങളും തന്ത്രങ്ങളും ഉണ്ടായിരുന്ന ബ്രിട്ടന്ന് പരാജയപ്പെടുത്താൻ കഴിഞ്ഞു.

പിന്നീട് ഉയർന്നുവന്ന ദേശീയ പ്രസ്ഥാനത്തിൻെറ ഭാഗമായുള്ള പ്രവർത്തനങ്ങളിലാണ് വിപുലമായ ജനകീയവും സംഘടിതവുമായ പ്രസ്ഥാനങ്ങൾ രൂപപ്പെട്ടുവന്നത്. ബ്രിട്ടീഷുകാരാൽ സ്ഥാപിക്കപ്പെട്ട ആധുനിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ചേർന്നുപഠിച്ചിരുന്ന കേരളീയർ കേരളത്തിൽ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുൻപു തന്നെ കോൺഗ്രസ്സിൽ പ്രവർത്തിച്ചുവന്നിരുന്നു. ഔപചാരികമായി കേരളത്തിൽ കോൺഗ്രസ്സ് പ്രവർത്തനമാരംഭിക്കുന്നത് 1903ൽ കോഴിക്കോട്ട് ചേർന്ന ഒരു യോഗത്തോടു കൂടിയായിരുന്നു. സേലം വിജയരാഘവാചാരി അതിലദ്ധ്യക്ഷത വഹിച്ചു. ഉയർന്ന വിദ്യാഭ്യാസം ലഭിച്ചിരുന്നവരും വൻകിട കച്ചവടക്കാരും ജന്മികളുമായിരുന്നു ആദ്യകാലങ്ങളിൽ കോൺഗ്രസ്സിൻെറ യോഗങ്ങളിൽ പങ്കെടുത്തിരുന്നത്. ആദ്യമായി ഒരു സംഘടനാചട്ടക്കൂട് രൂപപ്പെടുന്നത് 1910ൽ മല

ഇതിനോടൊക്കെ ബന്ധപ്പെട്ടിരിക്കുന്ന സംഘടനകൾ രാഷ്ട്രീയ പാർട്ടിയുടെയോ, പുരോഹിതന്റെയോ, പ്രഭാഷകന്റെയോ, ഗ്രൂപ്പിന്റെയോ തലത്തിൽ നിന്നുകൊണ്ട് സംഘടനാധർമ്മം അനുഷ്ഠിക്കുകയും വീണ്ടും ശക്തിയാർജ്ജിക്കുവാൻ പണിപ്പെടുകയും ചെയ്യുന്നു. ഇങ്ങനെയുള്ള സംഘടിത പ്രസ്ഥാനങ്ങൾ വിഭിന്ന മേഖലകളിലായും വലുതും ചെറുതുമായും വിഭജിച്ചു നിൽക്കുന്നു. എങ്കിലും എല്ലാവരും സംസാരിക്കുന്നത് ജനങ്ങളുടെ പേരിലാണ്. ജനങ്ങൾക്ക് വേണ്ടിയാണ് എല്ലാവരും പണിയെടുക്കുന്നത്. ജനങ്ങൾക്കിടയിലെ അപകവികാരങ്ങൾ മുതൽ അവരുടെ മഹാസ്വപ്നങ്ങൾവരെ ഉപയോഗപ്പെടുത്തി നിലനിൽക്കുകയും വളരുകയും ചെയ്യുന്ന ഈ 'സംഘടിത' ശക്തികൾ ജനങ്ങൾക്കുമേൽ പർവ്വതങ്ങളായി വീണുകിടക്കുന്നു.

ബാർഡിസ്ട്രിക്റ്റ് കോൺഗ്രസ്സ് കമ്മിറ്റിയുടെ സ്ഥാപനത്തോടു കൂടിയായിരുന്നു, അപ്പോഴും അത് പ്രവർത്തനക്ഷമമായി മാറിക്കഴിഞ്ഞിരുന്നില്ല. സാധാരണമനുഷ്യന് അപ്രാപ്യമായ മണ്ഡലങ്ങളിലായിരുന്നു ആ കാലങ്ങളിൽ കോൺഗ്രസ്സ്. 1914ൽ ഒന്നാം ലോകമഹായുദ്ധമാരംഭിച്ചതിന് ശേഷം കോൺഗ്രസ്സ് സാവധാനം പ്രായോഗികരംഗത്തേക്കിറങ്ങിത്തുടങ്ങി. യുദ്ധം അവശ്യസാധനങ്ങളുടെ വിലക്കയററവും ക്ഷാമവും സൃഷ്ടിച്ചു. അതോടൊപ്പം യുദ്ധത്തിന്റെ പ്രത്യേക പരിതഃസ്ഥിതിയിൽ സംഭവിച്ച ആധുനിക ദേശീയ വ്യവസായങ്ങളുടെ ത്വരിതവികാസവും ജീവിതത്തിന്റെ അടിയൊഴുക്കിൽ സംഭവിച്ചുകൊണ്ടിരുന്ന ഗതിമാററങ്ങളുമൊക്കെ പുതുതായി ചിന്തിക്കാനും ആ ചിന്തക്കനുസൃതമായി പ്രവർത്തിക്കാനും ആളുകളെ നിർബന്ധിച്ചു തുടങ്ങി. പുതുതായി പ്രത്യക്ഷപ്പെട്ട വർത്തമാനപത്രങ്ങളും ആധുനിക വിദ്യാഭ്യാസത്തിന്റെ വർദ്ധിച്ചുവന്ന പ്രചരണവും ജാതിക്കും അയിത്തത്തിനുമെതിരായി വളർന്ന വീക്ഷണങ്ങളും നമ്പൂതിരി സമുദായത്തിലെ ജീർണ്ണതക്കെതിരായി അവക്കകത്തു നിന്നു തന്നെ ഉയർന്ന സമരങ്ങളുമെല്ലാംകൂടി സൃഷ്ടിച്ച പുതിയ അന്തരീക്ഷത്തിൽ മെല്ലെയാണെങ്കിൽ പോലും ചെറുപ്പക്കാർ കോൺഗ്രസ്സിലേക്ക് ആകർഷിക്കപ്പെട്ടു തുടങ്ങി. 1916 ൽ പാലക്കാട് വെച്ച് ആനിബസന്റിന്റെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിലുള്ള ഒരു കോൺഗ്രസ്സ് സമ്മേളനം കൂടിചേർന്നു. അതായിരുന്നു കേരളത്തിലെ ആദ്യത്തെ ശ്രദ്ധിക്കപ്പെട്ട രാഷ്ട്രീയ സമ്മേളനം.

രണ്ടും മൂന്നും നാലും സമ്മേളനങ്ങൾ കോഴിക്കോട്, തലശ്ശേരി, വടകര എന്നിവിടങ്ങളിൽ വെച്ച് ചേർന്നിരുന്നുവെങ്കിലും ചില പ്രമേയങ്ങൾ പാസ്സാക്കി പിരിയുകയാണുണ്ടായത്. ആ സമ്മേളനങ്ങളിൽ പങ്കെടുത്തിരുന്നവരുടെ ദൗർബല്യങ്ങൾ അക്കാലങ്ങളിലെ തീരുമാനങ്ങളിലും നിർജ്ജീവതയിലും തെളിഞ്ഞുകാണാമായിരുന്നു. ഈ നിർജ്ജീവത തകർത്തത് 1920ൽ മഞ്ചേരിയിൽ ചേർന്ന 5ാംഅഖില മലബാർ കോൺഫറൻസായിരുന്നു. 1919ൽ നടപ്പിൽവരുത്തിയ മൊണ്ടേഗു—ചെംസ്ഫോർഡ് പരിഷ്ക്കാരങ്ങൾ ഇന്ത്യയൊട്ടുക്കും അനുകൂലവും പ്രതികൂലവുമായ പ്രതികരണങ്ങളുളവാക്കിയതിന്റെ പ്രതിഫലനങ്ങൾ ഈ സമ്മേളനത്തിലും കാണപ്പെട്ടു. 'മേൽപരിഷ്ക്കാരങ്ങൾ ഇന്ത്യയുടെ യഥാർത്ഥ താത്പര്യങ്ങളെ അവഗണിച്ചുവെന്നാക്ഷേപിക്കുന്ന പ്രമേയമവതരിപ്പിക്കപ്പെട്ടു. ആനിബസന്റും മററും പ്രമേയത്തെ ശക്തിയായി എതിർത്തു. പക്ഷേ മഹാഭൂരിപക്ഷത്തോടെ ആ പ്രമേയം പാസ്സാക്കിയപ്പോൾ മറെറാരു പ്രമേയം –പരിഷ്കരണങ്ങളേർപ്പെടുത്തി ഇന്ത്യയെ സഹായിച്ചവരോട് നന്ദി പ്രകാശിപ്പിക്കുന്നത്—തള്ളപ്പെടുകയും ചെയ്തു. ഇതേ സമ്മേളനത്തിൽ തന്നെ കേരളത്തിലാദ്യമായി ഫ്യൂഡൽപരിഷ്ക്കരണങ്ങളാവശ്യപ്പെടുന്ന ജന്മിമാർ ശക്തിയായി പ്രതിഷേധിച്ച ഒരു പ്രമേയവും പാസ്സാക്കുകയുണ്ടായി.

1920 ഡിസംബറിൽ നാഗ്പ്പൂരിൽ ചേർന്ന എ. ഐ. സി. സി. സമ്മേളനം 'സ്വരാജ്യം' നേടുകയാണ് അതിന്റെ ലക്ഷ്യമെന്ന് പ്രഖ്യാപിച്ചിരുന്നു. ആ ലക്ഷ്യം നേടിയെടുക്കുന്നതിന് നാട്ടുരാജ്യങ്ങളിലേക്കുകൂടി പ്രവർത്തനങ്ങൾ വ്യാപിപ്പിക്കണമെന്ന് തീരുമാനിക്കുകയും ചെയ്തു. കൊച്ചിയിലും തിരുവിതാംകൂറിലും കോൺഗ്രസ്സ്കമ്മിററികൾ രൂപീകരിക്കപ്പെട്ടു. 1921 ഏപ്രിൽ മാസത്തിൽ ഒററപ്പാലത്തു വെച്ച് ആദ്യത്തെ അഖിലകേരളകോൺഗ്രസ്സ് യോഗം ചേർന്നു. അന്നാദ്യമായിരുന്നു മലബാറിലേയും തിരുവിതാംകൂറിലേയും കൊച്ചിയിലേയും പ്രതിനിധികൾ കേരളീയരെന്ന പൊതുവികാരത്തിന്റെ ഊഷ്മളതയിൽ ഒന്നിച്ചുചേർന്നിരുന്ന് സ്വന്തം നാടിന്റെയും നാട്ടുകാരുടെയും കാര്യങ്ങൾ സംസാരിച്ചത്.

മലബാറിലങ്ങോളമിങ്ങോളം കോൺഗ്രസ്സ് കമ്മററികളും ഖിലാഫത്ത് കമ്മിററികളും രൂപീകരിക്കപ്പെട്ടു. അതിന്റെ ആവേശകരമായ മുന്നോട്ടു പോക്കിൽ 1921ൽ സുപ്രസിദ്ധമായ മലബാറിലെ കലാപം പൊട്ടിപ്പുറപ്പെട്ടു. മലബാറിലെ മാപ്പിള കർഷകർ സായുധരായി ബ്രിട്ടീഷുകാരോടും അവരുടെ അനുബന്ധങ്ങളോടും പോരാടുകയും തങ്ങളുടെ അധികാരം സ്ഥാപിക്കുകയും ചെയ്തു. മുമ്പ് നിരന്തരമായി നടന്നുകൊണ്ടിരുന്ന മലബാറിലെ മാപ്പിളമാരുടെ കലാപങ്ങൾ അനുകൂല സാഹചര്യത്തിൽ വീണ്ടും ഉയർന്നുവന്നപ്പോൾ അത് 'ബോൾഷെവിക്' (അന്ന് കമ്മ്യൂണിസമറിയപ്പെട്ടിരുന്നത് അങ്ങിനെയായിരുന്നു.) സ്വാധീനത്തിലുള്ളതാണെന്ന് അന്നത്തെ മലബാർ കലക്ടർ തോമസ് മദ്രാസിലെ തന്റെ മേലധികാരികൾക്ക് റിപ്പോർട്ട് ചെയ്തിരുന്നു. ആ കലാപം മൃഗീയമായി അടിച്ചമർത്തപ്പെട്ടു.

ദീർഘകാലം മൗഢ്യം നിലനിന്നിരുന്ന തിരുവിതാംകൂറിൽ കോൺഗ്രസ്സിന്റെ പ്രവർത്തനം വളരെ മെല്ലെയാണ് വ്യാപിച്ചിരുന്നത്. വേലുത്തമ്പി ദളവയുടെ പതനത്തിനുശേഷം ജനകീയമായ ഒരു ചലനം സംഭവിക്കുന്നത് 1891 നടന്ന മലയാളി മെമ്മോറിയൽ പ്രക്ഷോഭണത്തിലാണ്. തിരുവിതാംകൂർ സർക്കാറിന്റെ ജോലികളിൽ അന്യനാട്ടുകാരെ നിയമിക്കുന്നതിൽ പ്രതിഷേധിക്കാനും അത് തിരുവിതാംകൂറുകാർക്ക് തന്നെ നൽകണമെന്നപേക്ഷിക്കാനുമായിരുന്നു പ്രക്ഷോഭണം. പതിനായിരത്തി ഇരുപത്തിയെട്ടുപേർ ഒപ്പിട്ട ഒരപേക്ഷ സർക്കാറിന് നൽകിയതിനപ്പുറം അത് മുന്നോട്ടുപോയില്ലെങ്കിൽകൂടി പിന്നീടുയർന്നുവന്ന സംഘടിത പ്രസ്ഥാനങ്ങളുടെ ആദ്യഘട്ടമെന്ന നിലയിൽ അവക്ക് പ്രാധാന്യമുണ്ടായിരുന്നു. കോൺഗ്രസ്സിന്റെ തിരുവിതാംകൂർ കൊച്ചിഭാഗങ്ങളിലെ പ്രവർത്തനങ്ങൾ പ്രധാനമായും സാമൂഹ്യപരിഷ്ക്കരണങ്ങൾക്കും അയിത്താചരണത്തിനുമെതിരായിട്ടായിരുന്നു ആരംഭിച്ചത്. ശ്രീനാരായണ ഗുരുവിന്റെയും സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടേയും താന്താങ്ങളുടെ മേഖലകളിലെ പ്രവർത്തനങ്ങൾ നാട്ടിൽ പുതി

യ വെളിച്ചം നൽകിക്കൊണ്ടിരുന്നതിന്റെ പശ്ചാത്തലത്തിലാണ് 1924 ൽ കേരളാകോൺഗ്രസ്സ് കമ്മിററി വൈക്കം സത്യാഗ്രഹമാരംഭിക്കുവാൻ തീരുമാനമെടുക്കുന്നത്. അയിത്താചരണം നിന്ദ്യമാണെന്നും അവർണ്ണർക്കും ക്ഷേത്രങ്ങളിൽ പോവാനും പ്രാർത്ഥിക്കാനും അവകാശമുണ്ടെന്നും അത്കൊണ്ടു തന്നെ ക്ഷേത്രങ്ങൾ അവർക്ക്കൂടി തുറന്നുകൊടുക്കണമെന്നും സത്യാഗ്രഹികൾ ആവശ്യപ്പെട്ടു.

‘ഈഴവശിവന്റെ’ പ്രതിഷ്ഠയും സ്വദേശാഭിമാനിയുടെ നാടുകടത്തപ്പെടലുമൊക്കെ തകർത്ത നിശ്ചലതക്ക് പിറകിലായി ഉയർന്നുവന്ന ഈ സമരം എല്ലാ ഉൽപ്പതിഷ്ണുക്കളുടേയും സജീവമായ പിന്തുണയോടെ മുന്നോട്ടുപോയി. രാജ്യവ്യാപകമായി ജനങ്ങളിൽ ദേശീയവും പുരോഗമനപരവുമായ വികാരങ്ങൾ കെട്ടഴിച്ചുവിടാനും തങ്ങൾക്ക് ചുററും എന്താണ് നടന്നുകൊണ്ടിരിക്കുന്നതെന്ന് ചിന്തിപ്പിക്കാനും പ്രേരിപ്പിച്ച വൈക്കം സത്യാഗ്രഹം നേരിട്ടൊരു രാഷ്ട്രീയ സമരമായിരുന്നില്ലെങ്കിൽപ്പോലും തിരുവിതാംകൂറിലെ ജനകീയ പ്രസ്ഥാനങ്ങളുടെ വികാസത്തിൽ ഒരു പ്രധാന നാഴികക്കല്ലായിരുന്നു.

കേരളവ്യാപകമായി സംഭവിച്ചുകൊണ്ടിരുന്ന ചലനങ്ങൾ കർഷകർക്കിടയിലേക്ക് വ്യാപിച്ചു. 1928 ൽ എറണാകുളത്ത് വെച്ച് കേരളത്തിൽ ആദ്യമായി ഒരു കർഷകസമ്മേളനം ചേർന്നു. അത് കാർഷിക രംഗത്ത് ഭൂവുടമാവകാശ പരിഷ്കരണം, കുടിയൊഴിപ്പിക്കൽ നിരോധിക്കുക, ഭൂവുടമസ്ഥതയിൽ സുരക്ഷിതത്വം തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചു. ഭൂവുടമാസമ്പ്രദായത്തിന്റെ അഴിച്ചുപണിയലിനായി ഏകകണ്ഠമായി സമ്മേളനമാവശ്യപ്പെട്ടു. അതിനുശേഷം ചേർന്ന ജനകീയ സ്റ്റേററ് കോൺഫറൻസ് വിഭജിക്കപ്പെട്ടു കിടന്ന കേരളത്തെ സംയോജിപ്പിക്കണമെന്ന് ആവശ്യപ്പെടുകയും നാട്ടുരാജ്യങ്ങളുടെ പ്രശ്നങ്ങൾ അവഗണിക്കുന്നകോൺഗ്രസ്സിന്റെ അഖിലേന്ത്യാനയത്തോട് പ്രതിഷേധം പ്രകടിപ്പിക്കുകയും ചെയ്തു. ആ സമ്മേളനം തന്നെ ഉത്തരവാദഭരണം നടപ്പിൽ വരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു. മലബാറിലും ഒരു കുടിയാൻ പ്രക്ഷോഭം രൂപപ്പെടുന്നുണ്ടായിരുന്നു. വസ്തു കൈവശമുള്ള കുടിയാൻമാർക്ക് സ്ഥിരാവകാശം നൽകുക തുടങ്ങിയ ആവശ്യങ്ങളോട് ബന്ധപ്പെട്ടായിരുന്നു അത് വികസിച്ചുവന്നത്. ആ പ്രക്ഷോഭത്തിന്റെ നേതാക്കൻമാരും കോൺഗ്രസ്സുകാരും പരസ്പരം സഹകരിച്ചു പ്രവർത്തിച്ചു വന്നു.

1928ൽ പയ്യന്നൂരിൽവെച്ച് കോൺഗ്രസ്സിന്റെ നാലാം സംസ്ഥാന സമ്മേളനം നടന്നു. അത് കോൺഗ്രസ്സിന്റെ കേന്ദ്ര കമ്മിററിയോട് ‘കോൺഗ്രസ്സിന്റെ ലക്ഷ്യം ഇന്ത്യയുടെ സ്വരാജ്യ പ്രാപ്തിയാണെന്ന് വിവരിച്ചിട്ടുള്ളത്, പരിപൂർണ്ണ സ്വാതന്ത്ര്യമെന്ന നിലയിൽ ഭേദഗതി ചെയ്യുവാൻ’ ആവശ്യപ്പെട്ടു. അതോടൊപ്പം മററു പല മർമ്മപ്രധാനമായ ആവശ്യങ്ങളും മുന്നോട്ടുവെക്കുകയും സമരം മുന്നോട്ടുകൊണ്ടു പോവാൻ തീരുമാനിക്കുകയും ചെയ്തു. പയ്യന്നൂർ സമ്മേളനത്തിന് ശേഷം ദക്ഷിണേന്ത്യയെ മുഴുവൻ ഇളക്കിമറിച്ച റെയിൽവേ തൊഴിലാളികളുടെ പണിമുടക്കമാരംഭിച്ചു. പിരിച്ചുവിട്ടവരെ തിരിച്ചെടുക്കണമെന്നും തൊഴിലാളികളുടെ ദുസ്സഹമായ ജീവിതപരിതഃസ്ഥിതി മാററിയെടുക്കാൻ സൗകര്യമുണ്ടാക്കണമെന്നും ആവശ്യപ്പെട്ടായിരുന്നു സമരം. കേരളത്തിലെ കോൺഗ്രസ്സുകാരും സമരത്തിന് സജീവമായ പിന്തുണ നൽകി. ഈ പൂർണ്ണ വിജയം നേടിയ സമരത്തിന് ശേഷമാണ് കേരളത്തിൽ ട്രേഡ്യൂനിയൻ സംഘടനകൾ രൂപപ്പെട്ടത്. ആലപ്പുഴ, കോഴിക്കോട്, തലശ്ശേരി തുടങ്ങിയ സ്ഥലങ്ങളിൽ ട്രേഡ്യൂനിയനുകൾ പൊട്ടിമുളക്കാൻ തുടങ്ങി. പിന്നീട് വികസിച്ചുവന്ന തൊഴിലാളിവർഗ്ഗസംഘടനകളുടെ പ്രാഥമിക രൂപങ്ങൾ എന്നനിലയിൽ ഇവയുടെ പ്രാധാന്യം വളരെയധികമാണ്.

1930 ജനുവരി 26ന് ഇന്ത്യയിലങ്ങോളമിങ്ങോളമാഘോഷിച്ച ‘പൂർണ്ണ സ്വാതന്ത്ര്യദിന’ത്തിനു ശേഷവും പ്രതികരണമൊന്നുമില്ലാതിരുന്ന ബ്രിട്ടീഷ് സർക്കാറിനെതിരായി ഗാന്ധിയുടെ നേതൃത്വത്തിൽ ‘നിയമലംഘനപ്രസ്ഥാന’മാരംഭിച്ചു. ഏപ്രിൽ 6ന് ദണ്ഡിയാത്രക്ക് ശേഷം കടലിൽ നിന്ന് വെള്ളമെടുത്തു കുറുക്കി ഉപ്പുണ്ടാക്കി. നിയമലംഘനസമരങ്ങൾ കേരളത്തിലും സജീവമായ പ്രതികരണങ്ങളുണ്ടാക്കി. കോഴിക്കോട്ട് നിന്ന് പയ്യന്നൂരിലേക്കും പാലക്കാട് നിന്ന് കോഴിക്കോട്ടേക്കും കാൽനട പ്രചരണജാഥകളായി ഉപ്പു കുറുക്കുന്നതിനുവേണ്ടി സത്യാഗ്രഹികൾ യാത്രയാരംഭിച്ചു. ദീർഘദൂരം സഞ്ചരിച്ച് ഉപ്പു കുറുക്കി നിയമം ലംഘിക്കുന്ന ആ സമര രൂപം ജനങ്ങളെ ആഴത്തിൽ സ്വാധീനിച്ചു. ജാഥകൾക്ക് നാടുനീളെ സ്വീകരണങ്ങളും സംഭാവനകളും ലഭിച്ചത് ചൂണ്ടിക്കാണിച്ചതതായിരുന്നു. ഏപ്രിൽ 13 മുതൽ നിയമലംഘനമാരംഭിച്ചെങ്കിലും ആദ്യം ആരേയും അറസ്റ്റു ചെയ്തില്ല. മെയ് 12-ാം തിയ്യതി കോഴിക്കോട് കടപ്പുറത്ത് ഉപ്പു കുറുക്കുകയായിരുന്ന സത്യാഗ്രഹികളെ പോലീസ് കടന്നാക്രമിച്ചു. ഉപ്പുകുറുക്കുന്ന ഉപകരണങ്ങളും ദേശീയ പതാകയും വിട്ടുകൊടുക്കാതിരുന്ന സത്യാഗ്രഹികളെ ഭീകരമായി മർദ്ദിച്ചു. വളരെയധികം പേർക്ക് പരിക്കുപററി. പോലീസിന്റെ കിരാതമായ മർദ്ദനത്തിലും സത്യാഗ്രഹികൾ തലയുയർത്തിനിന്നു. അവസാനം അറസ്റ്റു ചെയ്യുകയും ഒമ്പത് മാസത്തെ കഠിന തടവിനു ശിക്ഷിക്കുകയും ചെയ്തു.

ഈ സംഭവം ഉയർന്നുകൊണ്ടിരുന്ന ജനകീയാവേശത്തെ പുതിയൊരു തലത്തിലേക്കുയർത്തി. അതിനു ശേഷം നിരന്തര നിയമലംഘന സമരപരിപാടികൾ ആവിഷ്ക്കരിക്കപ്പെട്ടു. അറസ്റ്റും മർദ്ദനവും ലാത്തിച്ചാർജ്ജുമൊക്കെ ഒരു സാധാരണ സംഭവമായിരുന്നുവെങ്കിലും ആബാലവൃദ്ധം ജനങ്ങളിലുണ്ടായ പുത്തനുണർവ്വ് തകർക്കാൻ അവക്കൊന്നിനും കഴിഞ്ഞില്ല. അനവധി രഹസ്യസംഘടനകളും പത്രങ്ങളും പ്രത്യക്ഷപ്പെട്ടു. ബംഗാളിലെ വിപ്ലവകാരികൾ ചിററഗോങ്ങിലെ ആയുധപ്പുര ആക്രമിച്ചതും, അതുപോലെ കോൺഗ്രസ്സിന് നിയന്ത്രിക്കാനാവാതെ ഇന്ത്യയിലാകമാനമുയർന്നുവന്ന വിപ്ലവകാ

‘ഈഴവശിവന്റെ’ പ്രതിഷ്ഠയും സ്വദേശാഭിമാനിയുടെ നാടുകടത്തപ്പെടലുമൊക്കെ തകർത്ത നിശ്ചലതക്ക് പിറകിലായി ഉയർന്നുവന്ന ഈ സമരം എല്ലാ ഉൽപ്പതിഷ്ണുക്കളുടേയും സജീവമായ പിന്തുണയോടെ മുന്നോട്ടുപോയി. രാജ്യവ്യാപകമായി ജനങ്ങളിൽ ദേശീയവും പുരോഗമനപരവുമായ വികാരങ്ങൾ കെട്ടഴിച്ചുവിടാനും തങ്ങൾക്ക് ചുററും എന്താണ് നടന്നുകൊണ്ടിരിക്കുന്നതെന്ന് ചിന്തിപ്പിക്കാനും പ്രേരിപ്പിച്ച വൈക്കം സത്യാഗ്രഹം നേരിട്ടൊരു രാഷ്ട്രീയ സമരമായിരുന്നില്ലെങ്കിൽപ്പോലും തിരുവിതാംകൂറിലെ ജനകീയ പ്രസ്ഥാനങ്ങളുടെ വികാസത്തിൽ ഒരു പ്രധാന നാഴികക്കല്ലായിരുന്നു.



രികളുടെ പ്രവർത്തനങ്ങളും കേരളത്തിലേയും ഉല്പതിഷ്ണുക്കളായ യുവജനങ്ങളെ ഇളക്കിമറിച്ചു. കോഴിക്കോട്ടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത് ഒരു 'യുദ്ധകൗൺസിൽ' ആയിരുന്നു. കണ്ണൂരിലാവട്ടെ 'സമരസമിതി'യും. കോഴിക്കോട് നിത്യവുമെന്നോണം കല്ലച്ചിലടിച്ച് 'കോൺഗ്രസ്സ്ബുള്ളറ്റിൻ' എന്നപത്രം രഹസ്യമായി വിതരണംചെയ്യപ്പെട്ടു.

ബ്രിട്ടീഷിന്ത്യ — മലബാറുൾപ്പടെ— തിളച്ചുമറിഞ്ഞു കൊണ്ടിരുന്നപ്പോൾ തിരുവിതാംകൂർ, കൊച്ചി ഭാഗങ്ങൾ നിർജീവമായി നില കൊണ്ടു. അഖിലേന്ത്യാ കോൺഗ്രസ്സ് കമ്മററി നാട്ടുരാജ്യങ്ങളിലേക്കു് നിയമലംഘന സമരങ്ങൾ വ്യാപിപ്പിക്കേണ്ടതില്ലായെന്നു് തീരുമാനമെടുത്തിരുന്നു. 1931 ജനുവരിയിൽ ഗാന്ധി വിമോചിക്കപ്പെട്ടതിനു ശേഷം നീണ്ടുനിന്ന കൂടിയാലോചനകളിലൂടെ ഗാന്ധി -ഇർവിൻസന്ധി ഒപ്പുവെച്ചു. ആ സന്ധിയുടെ ഉപാധികളിൻമേൽ നിയമലംഘന പ്രസ്ഥാനം പിൻവലിക്കപ്പെടുകയും കേരളത്തിലേതടക്കം ജയിലിലുണ്ടായിരുന്നവർ പുറത്തുവരികയും ചെയ്തു. പുറത്തുവന്നപ്രവർത്തകരെ അഭിമുഖീകരിച്ചത് കൂടുതൽ വിക്ഷുബ്ധമായ പരിതഃസ്ഥിതികളായിരുന്നു,

1931 മെയ് മാസത്തിൽ വടകര വെച്ച് ചേർന്ന അഞ്ചാം കേരള സംസ്ഥാന കോൺഗ്രസ്സ് കമ്മററി മുൻകാല പ്രവർത്തനങ്ങൾ പരിശോധിക്കുകയും പല പ്രധാനപ്പെട്ട പ്രമേയങ്ങളും-നാട്ടുരാജ്യങ്ങൾക്ക് ഉത്തരവാദഭരണമനുവദിക്കണമെന്ന് മുതൽ സർക്കാർജീവനക്കാരന്ന് മിനിമം മുപ്പത്‌രൂപയെങ്കിലും നൽകണമെന്നു വരെ—പാസ്സാക്കി. ഒപ്പം തന്നെ അവർണ്ണക്ക് പ്രവേശനം നിഷേധിക്കുന്ന ഹൈന്ദവ ക്ഷേത്രങ്ങളിൽ അവർക്ക് പ്രവേശനമനുവദിക്കണമെന്നു് ആവശ്യപ്പെടുന്ന പ്രമേയവുമുണ്ടായിരുന്നു. അത് അനുവദിക്കുന്നതിനു വേണ്ടി ഗുരുവായൂർ ക്ഷേത്രനടയിൽ നവംബർ 1-ാം തിയ്യതി മുതൽ സത്യാഗ്രഹമാരംഭിക്കണമെന്ന് ആഗസ്റ്റ് ആദ്യം ചേർന്ന കോൺഗ്രസ്സ് കമ്മിററി തീരുമാനിച്ചു. സപ്തംബർ 25 'ക്ഷേത്രസത്യാഗ്രഹദിന'മായി കൊണ്ടാടപ്പെട്ടു. കണ്ണൂരിൽ നിന്നും കാൽനടയായി പുറപ്പെട്ട സത്യാഗ്രഹികളുടെ ജാഥ ഗുരുവായൂരെത്തി നവംബർ 1നു് സത്യാഗ്രഹമാരംഭിച്ചു.

എല്ലാദിവസവും കുളിച്ച് കൃഷ്ണനാമം ജപിച്ച് അവർണ്ണരുൾപ്പെടെയുള്ള സത്യാഗ്രഹികൾ ക്ഷേത്രനടയിലേക്ക് പോവും. ക്ഷേത്രഭാരവാഹികൾ തടയും. മിക്ക ദിവസങ്ങളിലും കാര്യങ്ങൾ ജനങ്ങളോട് വിശദീകരിക്കുന്ന തിന്നു് യോഗങ്ങൾ ചേരും. ഇങ്ങിനെ പത്തു് മാസത്തോളം കടന്നുപോയി- ഇതിനിടയിൽ മതഭ്രാന്തരും മററും സത്യാഗ്രഹികളെ ആക്രമിക്കുകയും എല്ലാവിധത്തിലും തടസ്സങ്ങളുണ്ടാക്കുകയും ചെയ്തു. എന്നിട്ടും ക്ഷേത്രം അവർണ്ണർക്കായി തുറന്നു കൊടുക്കപ്പെടാതിരുന്നതിനാൽ ശ്രീ. കെ. കേളപ്പൻ ക്ഷേത്രനടയിൽ നിരാഹാരസത്യാഗ്രഹമാരംഭിച്ചു. നാടെങ്ങും ചേർന്ന യോഗങ്ങൾ സാമൂതിരിപ്പാടിനോട് (സാമൂതിരിപ്പാടായിരുന്ന ക്ഷേത്രത്തിൻെറ മുഴുവൻ അധികാരവും കൈയാളിയിരുന്നത്) ക്ഷേത്രം തുറന്നു കൊടുക്കാൻ ആവശ്യപ്പെട്ടുങ്കിലും അത് നടന്നില്ല. ആ പരിത:സ്ഥിതിയിൽ ഗാന്ധി കേളപ്പനു് വ്രതം നിർത്തിവെക്കാൻ കമ്പിയടിക്കുകയും അതിൻെറ അടിസ്ഥാനത്തിൽ നിരാഹാരമവസാനിപ്പിക്കപ്പെടുകയും ചെയ്തു. ഗുരുവായൂർ സത്യാഗ്രഹവും ജനങ്ങളിൽ വമ്പിച്ച പ്രതികരണമുണ്ടാക്കി.

കേരളത്തിലെ കോൺഗ്രസ്സ്കമ്മിററി ഗുരുവായൂർ സത്യാഗ്രഹം നടത്തിക്കൊണ്ടിരിക്കുന്നതിനിടയിൽ 1932ൽ അഖിലേന്ത്യാതലത്തിൽ ചില സംഭവങ്ങൾ ഉണ്ടായി. ആകസ്മികമായി ഗാന്ധിയടക്കമുള്ള കോൺഗ്രസ്സ് നേതാക്കളെ അറസ്റ്റ് ചെയ്തു. കോൺഗ്രസ്സിനെ നിയമ വിരുദ്ധമാക്കി. നിഷ്ഠുരമായ മർദ്ദനം ആരംഭിച്ചു. ഇതിനൊക്കെയെതിരായി രാജ്യവ്യാപകമായി പ്രക്ഷോഭങ്ങൾ അലയടിച്ചുയർന്നു. നിയമ വിരുദ്ധമായ പിക്കററിംഗുകളും പ്രകടനങ്ങളുമൊക്കെ മലബാറിലാകമാനം രൂപംകൊണ്ടു, വളരെയധികം പേർ അറസ്റ്റ് ചെയ്യപ്പെട്ടു. ഇത്തരത്തിലുള്ള വിക്ഷുബ്ധമായ ചുററുപാടിൽ പരസ്യമായി കോൺഗ്രസ്സിൻെറ ആറാം സംസ്ഥാന സമ്മേളനം കോഴിക്കോട്ട്‌വെച്ച് മെയ് 15-ാം തിയ്യതി കൂടി. കേരളത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്ന് നാനൂറോളം പ്രതിനിധികൾ പങ്കെടുത്തു. പലരും അറസ്റ്റ് ചെയ്യപ്പെട്ടു. മർദ്ദിക്കപ്പെടുകയും അപമാനിക്കപ്പെടുകയും ചെയ്തു. തിരുവനന്തപുരത്ത് മദ്യഷാപ്പുകൾക്ക് മുൻപിൽ സത്യാഗ്രഹമനുഷ്ഠിക്കുക തുടങ്ങിയ സമര രൂപങ്ങൾ പ്രത്യക്ഷപ്പെട്ടിരുന്നുവെങ്കിലും സർക്കാർ 'തനിനിറ' ത്തിൽ പുറത്തുവന്നതിനുശേഷം പ്രവർത്തനങ്ങൾ നിർജ്ജീവമാക്കപ്പെടുകയാണുണ്ടായത്.

1932ൽ ശ്രീ ചിത്തിരതിരുനാൾ മഹാരാജാവ് തിരുവിതാംകൂർ രാജാവായി സ്ഥാനമേറെറടുക്കുമ്പോൾ ചെയ്ത പ്രഖ്യാപനത്തിനനുസൃതമായി ചില ഭരണ പരിഷ്ക്കരണ നടപടികൾ പ്രസിദ്ധപ്പെടുത്തി. ജനങ്ങളുടെ യഥാർത്ഥ താൽപര്യങ്ങളെ സേവിക്കുന്ന ഒന്നായിരുന്നില്ല. പകരം 'ഉത്തരവാദ' ഭരണത്തിനു വേണ്ടിയുള്ള ജനാഭിലാഷങ്ങളെ വഴി തെററിക്കാനായിരുന്നു, ഈ പരിഷ്ക്കരണങ്ങൾ പ്രഖ്യാപിക്കപ്പെട്ടത്. എന്നാൽ ഈ പരിഷ്ക്കരണങ്ങളെ അതിൻെറ യഥാർത്ഥമായ രൂപത്തിലല്ല ജാതീയവും മതപരവുമായ വീക്ഷണങ്ങളിലൂടെയാണ് പരിശോധിക്കപ്പെട്ടത്. അത് നടപ്പിൽ വരികയാണെങ്കിൽ തങ്ങളുടെ താൽപര്യം സംരക്ഷിക്കപ്പെടുകയില്ലെന്നും നായർ സമുദായം കൂടുതൽ ആനുകൂല്യങ്ങൾപിടിച്ചുപററുമെന്നും കരുതിയഈഴവ ക്രിസ്ത്യാനി, മുസ്ലീം നേതൃത്വങ്ങൾ അതിനെതിരായി സമരം ചെയ്യാനായി മുന്നോട്ടുവന്നു. (തീർച്ചയായും പുതിയ പരിഷ്ക്കരണങ്ങൾക്ക് അങ്ങിനെയൊരു സ്വഭാവമുണ്ടായിരുന്നു.)

അവഗണിക്കപ്പെട്ടുവെന്നു തോന്നിയ വിഭാഗങ്ങളെല്ലാം കൂടി തങ്ങളുടെ അവകാശസംരക്ഷണത്തിനായി ഒരു സം



ഘടനതൃപ്തീകരിച്ചു. സംയുക്ത രാഷ്ട്രീയ സഭ, അതിന്റെ നേതൃത്വത്തിൽ പ്രക്ഷോഭം തിരുവിതാംകൂർ മുഴക്കെ ഉയർന്നുവന്നു. ആദ്യം സർക്കാർ അവഗണിക്കാനാണ് ഒരുമ്പെട്ടതെങ്കിലും പിന്നീട് സംയുക്തരാഷ്ട്രീയ സഭ ഉന്നയിച്ച ആവശ്യങ്ങൾ അംഗീകരിക്കേണ്ടിവന്നു. സർക്കാർ ഉദ്യോഗങ്ങളിലും നിയമസഭയിലും പ്രാതിനിധ്യമില്ലാത്ത സമുദായങ്ങൾക്ക് സൗജന്യങ്ങളേപ്പെടുത്തിയും കാര്യക്ഷമത നിലനിത്താൻ പ്രവേശന പരീക്ഷകൾ നടത്തുവാൻ സർക്കാർ തീരുമാനിച്ചു. എല്ലാ മേഖലകളിലും ഈഴവ, ക്രിസ്ത്യൻ, മുസ്ലിം വിഭാഗങ്ങൾക്ക് ജനസംഖ്യാനുപാതികമായി ഉദ്യോഗങ്ങൾ സംവരണം ചെയ്യപ്പെടുകയും ചെയ്തു. സംയുക്ത രാഷ്ട്രീയസഭയുടെ നേതൃത്വത്തിൽ നടന്ന സമരം ജനങ്ങളെ സംബന്ധിച്ചിടത്തോളം സ്വന്തം കഴിവുകളെ ബോധ്യപ്പെടുത്തിക്കൊടുത്ത ആദ്യത്തെ സമരമെന്ന നിലയിൽ ചരിത്രപ്രാധാന്യമുള്ള ഒന്നായിരുന്നു. അതേ സമയം തന്നെ മത—ജാതി പരിഗണനകൾ രാഷ്ട്രീയ സമരത്തിന്റെ ഉപാധിയാവുന്ന അപകടവും നിവർത്തന പ്രക്ഷോഭത്തിലൂടെ സംഭവിച്ചു കഴിഞ്ഞിരുന്നു.

1634ൽ അഖിലേന്ത്യാ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി രൂപീകരിക്കപ്പെട്ടതിനെതുടന്ന് കേരളത്തിലും അതിന്റെ ശാഖ ഉണ്ടായിക്കഴിഞ്ഞിരുന്നു. അത് കോൺഗ്രസ്സിന്റെ പട്ടക്കൂട്ടിൽ ഒരു പ്രത്യേക ഗ്രൂപ്പായി പ്രവത്തിച്ചുവന്നു. നിയമലംഘന പ്രസ്ഥാനം നിർത്തി വെക്കപ്പെട്ടതിനുശേഷം കേരളത്തിൽ തൊഴിലാളികളുടേയും കർഷകരുടേയും സമരങ്ങൾ പൊട്ടിമുളക്കാൻ തുടങ്ങി. പ്രധാനമായും അതിന്റെ നേതൃത്വപരമായ പങ്ക് വഹിച്ചത് കേരള കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയുമായി ബന്ധപ്പെട്ടവരായിരുന്നു. 1934—35ൽ വ്യാപകമായി ഉയർന്നുവന്ന തൊഴിലാളികളുടെ പണിമുടക്കങ്ങളുടെ സ്വാഭാവിക ഫലമെന്ന നിലക്ക് 1935 മേയ്മാസത്തിൽകേരളത്തിലാദ്യമായി കോഴിക്കോട് വെച്ച് അഖില കേരള തൊഴിലാളി സമ്മേളനം നടന്നു. കമ്മ്യൂണിസ്റ്റാശയങ്ങൾ വ്യാപകമായി പ്രചരിക്കാനും തുടങ്ങിക്കഴിഞ്ഞിരുന്നു. ലഘുലേഖകളും നാടകങ്ങളും കവിതകളും പ്രത്യക്ഷപ്പെട്ടുതുടങ്ങി. നാട്ടിൻപുറങ്ങളിൽ കർഷകജനവിഭാഗങ്ങളും അവകാശസംരക്ഷണത്തിനായി മുന്നോട്ടിറങ്ങിവന്നു. കമ്മ്യൂണിസ്റ്റാശയങ്ങളാൽ പ്രചോദിക്കപ്പെട്ടവരുടെ സമര വീര്യവും വളർന്നുകൊണ്ടിരുന്നു. പാട്ടംകൊടുക്കാൻ വിസ്സമ്മതിക്കുകയും ജന്മിമാരെ ബഹിഷ്കരിക്കുകയും ബ്രഷ്ട് കല്പിക്കുകയും ചെയ്തു കൊണ്ട് കർഷകർ മുന്നോട്ടുവന്നു. ജന്മിമാരും സർക്കാറും അടിച്ചമർത്താൻ ശ്രമിച്ച എന്നത് കൊണ്ട് കർഷകപ്രസ്ഥാനം തകരുകയല്ല, പകരം കൊച്ചി തിരുവിതാംകൂർ ഭാഗങ്ങളിലേക്ക് വ്യാപിക്കുകയാണ് ചെയ്തത്.

കേന്ദ്ര നിയമസഭയിലേക്ക് തിരഞ്ഞെടുപ്പ്നടക്കുന്നതിനു മുൻപ് 1934ൽ ഷൊർണ്ണൂറിൽവെച്ച് ഏഴാമത്തും 1935ൽ കോഴിക്കോട്ട് വെച്ച് എട്ടാമത്തും കോൺഗ്രസ്സിന്റെ സംസ്ഥാന സമ്മേളനങ്ങൾ ചേർന്നു. ഇതിനിടയിൽ 'പുതിയഭരണഘടന' നടപ്പിൽവരികയും അതിന്റെ അടിസ്ഥാനത്തിൽ മലബാറിൽ മദിരാശി സംസ്ഥാനനിയമസഭയിലേക്ക് തിരഞ്ഞെടുപ്പ് നടക്കുകയും ചെയ്തു. 1937ൽ മദ്രാസ് സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയായി സി. രാജഗോപാലാചാരി അധികാരമേറ്റെടുക്കുകയും ചെയ്തു. അപ്പോഴേക്കും രൂപീകരിക്കപ്പെട്ടുകഴിഞ്ഞിരുന്ന ഇന്ത്യൻകമ്മ്യൂണിസ്റ്റ്പാർട്ടിയുടെ അഞ്ചുപേരുള്ള ഒരു ഗ്രൂപ്പ്കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയുടെ നേതൃനിരയിൽ പ്രവത്തിച്ചുതുടങ്ങിയിരുന്നു.

നിലച്ചുപോയിരുന്ന കോൺഗ്രസ്സിന്റെ പ്രവർത്തനം 1938ൽ തിരുവനന്തപുരത്ത്പുന:സ്ഥാപിക്കപ്പെടുകയും യോഗം ചേർന്ന് ചില പ്രമേയങ്ങൾ പാസ്സാക്കുകയും ചെയ്തിരുന്നു. എങ്കിലും ഹരിപുരയിൽവെച്ച് ചേർന്ന ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിന്റെ അഖിലേന്ത്യാ സമ്മേളനം നാട്ടുരാജ്യങ്ങളാൽ ഉത്തരവാദഭരണം സ്ഥാപിക്കുന്നതിനായി കോൺഗ്രസ്സിനെ ഉപയോഗപ്പെടുത്തേണ്ടതില്ലെന്ന് തീരുമാനിച്ചിരുന്നു. അതുകൊണ്ട്തന്നെ തിരുവനന്തപുരം യോഗത്തിന്റെ തീരുമാനങ്ങൾ കടലാസ്സിൽതന്നെ കിടന്നു. അതേസമയം ഉത്തരവാദഭരണത്തിന്വേണ്ടിയുള്ള ജനങ്ങൾക്കിടയിലെ താത്പര്യവും വർദ്ധിച്ചുവരികയായിരുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് സമരമേറ്റെടുക്കാത്ത ചുറ്റുപാടിലാണ്. ഫെബ്രുവരിയിൽ സ്റ്റേറ്റ് കോൺഗ്രസ്സ് ജന്മമെടുക്കുന്നത് 'നീതിപൂർണ്ണവും സമാധാനപരവുമായ മാർഗ്ഗങ്ങളിലൂടെ പ്രായപൂർത്തി വോട്ടവകാശത്തോടുകൂടിയ ഉത്തരവാദഭരണം സ്ഥാപിക്കുക'യായിരുന്നു അതിന്റെ ലക്ഷ്യം. മുൻപ് 'നിവർത്തന' പ്രക്ഷോഭത്തിൽ പങ്കെടുത്തിരുന്നവരും മാറിനിന്നിരുന്നവരുമായ എല്ലാവിഭാഗങ്ങളും കൂടിയാണ് സ്റ്റേറ്റ് കോൺഗ്രസ്സ് രൂപീകരിച്ചിരുന്നത്. ഭരണ പരിഷ്ക്കാരങ്ങളിലൂടെ കിട്ടുന്ന സൗജന്യങ്ങളോ, ആ സൗജന്യമുറപ്പുവരുത്തുന്ന നിയമസംവിധാനമോ തങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കയില്ലെന്ന് കണ്ടെത്തിയവരായിരുന്നു അതിന്റെ മുൻപന്തിയിലുണ്ടായിരുന്നത് തിരുവിതാംകൂറിൽ മുമ്പൊരിക്കലും സംഭവിച്ചിട്ടില്ലാത്ത വിധം ഉത്തരവാദ ഭരണപ്രക്ഷോഭം വളർന്നുവരാൻ തുടങ്ങി. ഈ സമരത്തിൽ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയിൽ പ്രവർത്തിച്ചിരുന്ന കമ്യൂണിസ്റ്റുകാർ പങ്കെടുക്കുകയും പിന്തുണക്കുകയും ചെയ്തു.

രണ്ടാംലോക മഹായുദ്ധം 1939 സപ്തംബറിൽ ആരംഭിച്ചപ്പോഴേക്കും കേരളാ കോൺഗ്രസ്സ് കമ്മിററിയുടെ നേതൃത്വത്തിലേക്ക് കമ്യൂണിസ്റ്റുകാർ ഉയർന്നുവന്നിരുന്നു. അവർ യുദ്ധത്തിനെതിരെ പ്രക്ഷോഭണങ്ങൾ സംഘടിപ്പിച്ചു. യുദ്ധം സാമ്രാജ്യത്വങ്ങൾ തമ്മിലുള്ളതാണെന്നും ആ അവസരമുപയോഗിച്ച് ബ്രിട്ടനെതിരെ പോരാടണമെന്നും കമ്മ്യൂണിസ്റ്റുകാരും ഉൽപ്പതിഷ്ണുക്കളായ കോൺഗ്രസ്സുകാരും കേന്ദ്രകമ്മിററിയോടാവശ്യപ്പെട്ടു. 1940 സപ്തംബർ 15 'മർദ്ദനപ്രതിഷേധദിന'മായി ആചരിക്കാനും അവർ തീരുമാനിച്ചു. അന്ന് മലബാറിലെ പലസ്ഥലങ്ങളിലും യോഗങ്ങളും പ്രകടനങ്ങളും നടന്നു. ഭരണകൂടമതിനോട് പ്രതികരിച്ചത് ലാത്തികൊണ്ടും തോക്കുകൊണ്ടുമായിരുന്നു. വെടിവെപ്പിൽ തലശ്ശേരിയിലെ രണ്ടു ചെറുപ്പക്കാർ കൊല്ലപ്പെട്ടു. മൊറാഴയിൽ ജനങ്ങളും പോലീസുമേററുമുട്ടിയപ്പോൾ ഒരു എസ്സ്-ഐ കൊല്ലപ്പെട്ടു. ഇങ്ങിനെ മലബാർ വ്യാപകമായി ജനങ്ങളുടെ മുൻകയ്യിൽ അനവധി സംഭവങ്ങളുണ്ടായി. ഇത്തരം 'അക്രമസക്ത'മായ സംഭവപരമ്പരകളിൽഭീതിപൂണ്ട അഖിലേന്ത്യാനേതൃത്വം കമ്മ്യൂണിസ്റ്റ്നേതൃത്വത്തിലുണ്ടായിരുന്നകേരള സംസ്ഥാന കോൺഗ്രസ്സ് കമ്മിററി പിരിച്ചുവിടുകയും പകരം 'അനുസരണയുള്ള' ഒരുകമ്മിററിയുണ്ടാക്കുവാൻ നന്ദകോളിയരെ ചുമതലപ്പെടുത്തുകയും ചെയ്തു.

ശേഷം 31-ാംപേജിൽ

മന്ദാകിനി നാരായണൻ

പുസ്തക പരിചയം

''ഞാൻ തുറന്നു പറയട്ടെ''

ബൊളീവിയൻഖനികളുടെ പുത്രിയായ ഡൊമിററില ബാരിയോസ് ഡി ചുംഗാരാ, മൊ എമ്മാവിസറുമായി നടത്തിയ സംഭാഷണങ്ങളുടേയും പൊതുവേദിയിൽ ചെയ്ത പ്രസംഗങ്ങളുടേയും ഒരു സമാഹാരം.

മന്തിലി റവ്യൂപ്രസ്സ്
47 റെഡ്ലെയൺ സ്ട്രീററ്
ലണ്ടൻ

മൂന്നാംലോകത്തേയും വികസിതവും വ്യാവസായികവുമായ രാജ്യങ്ങളിലേയും മർദ്ദിതരും അധഃകൃതരുമായ ജനങ്ങളോട് തന്റെ ഹൃദയം തുറന്നു സംസാരിക്കാനുള്ള ഡൊമിററിലയുടെ അദമ്യമായ പ്രേരണയാണ് ഈ പുസ്തകമെന്ന് അതിന്റെ പേരുതന്നെ വെളിപ്പെടുത്തുന്നു. കൂടുതൽ മെച്ചപ്പെട്ട ഭക്ഷണവും പാർപ്പിടവും വസ്ത്രവും ലഭിക്കാനും, അമേരിക്കൻ സാമ്രാജ്യത്തിന്റെ താല്പര്യങ്ങളെ മുഖ്യമായും സേവിക്കുന്ന ഖനിവ്യവസായത്തിലെ വൻകിടക്കാരും മതപുരോഹിതവൃന്ദവും സൈനിക ജുണ്ടയുമടങ്ങുന്ന തങ്ങളേക്കാൾ ശക്തന്മാരായ ശത്രുക്കളിൽനിന്ന് മോചനം നേടാനും തന്റെ ജനത നടത്തിക്കൊണ്ടിരിക്കുന്ന ത്യാഗോജ്ജ്വലമായ സമരങ്ങളുടെ ഒരു ചിത്രം അവർ ആരേയും ആകർഷിക്കുന്ന ലളിതമായ ഭാഷയിൽ വരച്ചുകാട്ടുന്നു.

ഒരു ടിൻ ഖനിത്തൊഴിലാളിയുടെ ധീരയായ ഭാര്യയാണ് ഡൊമിററില. അവർ പറയുന്നു. ''ഞാൻ പറയൻപോകുന്ന കഥ 'വ്യക്തിപരം' മാത്രമായ ആരെങ്കിലും വ്യാഖ്യാനിക്കരുതെന്ന് ഞാനാഗ്രഹിക്കുന്നു. കാരണം, എന്റെ ജീവിതം ജനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. എനിക്ക് സംഭവിച്ചതൊക്കെയും എന്റെ രാജ്യത്തിലെ നൂറുകണക്കിന് ജനങ്ങൾക്കും സംഭവിച്ചെന്നു വന്നേക്കാം. ഇത് വ്യക്തമാക്കപ്പെടേണ്ടതുണ്ട്. എന്നേക്കാൾ ജനങ്ങൾക്കുവേണ്ടി എത്രയോ കൂടുതൽ കാര്യങ്ങൾ ചെയ്യുവരുണ്ട് അവരിൽ ചിലർ മരിച്ചു പോയിരിക്കുന്നു. അല്ലെങ്കിൽ അറിയപ്പെടാനുള്ള അവസരം ചിലർക്ക് ലഭിച്ചിട്ടില്ല. അതുകൊണ്ട് വ്യക്തിപരമായ ഒരു കഥ മാത്രം പറയുന്നതിൽ എനിക്ക് താല്പര്യമില്ല. എന്റെ ജനങ്ങളെപ്പററി എനിക്ക് സംസാരിക്കണം. ബൊളീവിയയിൽ ഞങ്ങൾ നടത്തിയ സമരങ്ങളുടെ നീണ്ട വർഷങ്ങൾക്കിടയിൽ നേടിയെടുത്ത അനുഭവങ്ങളെക്കുറിച്ചെല്ലാം രേഖപ്പെടുത്താൻ, അങ്ങിനെ ലക്ഷ്യത്തിന്നായി എന്തെങ്കിലും സംഭാവന ചെയ്യാൻ ഞാനാഗ്രഹിക്കുന്നു. ഞങ്ങളുടെ അനുഭവം പുതിയ തലമുറയ്ക്ക്, പുതിയ ജനതയ്ക്ക്, ഏതെങ്കിലും രീതിയിൽ സഹായകരമാവുമെന്ന് പ്രതീക്ഷിക്കട്ടെ'' (പേജ് 15)

സംഭാഷണങ്ങളിലൂടെയും പ്രസംഗങ്ങളിലൂടെയും ഇൻറർവ്യൂകളിലൂടെയും ഡൊമിററില തന്റെ നാട്ടിലെ ഖനിത്തൊഴിലാളികൾക്ക് നേരിടേണ്ടിവരുന്ന വ്യത്യസ്ത രൂപങ്ങളിലുള്ള ചൂഷണത്തിന്റെയും അപമാനങ്ങളുടേയും വിവേചനങ്ങളുടേയും മററും അസഹനീയവും അതിദാരുണവുമായ ഒരു ചിത്രം നമുക്കു മുന്നിൽ വിവിധ വർണ്ണങ്ങളോടെ അനാവരണം ചെയ്യുന്നു. വായിക്കുന്നോറും ചസ്നാല, ദില്ലി-രാജഹര തുടങ്ങിയ നമ്മുടെ ഖനികളിലെ തൊഴിലാളികളുടെ ചിത്രം അതിൽ ദർശിക്കാൻ കഴിയും. മാർക്സ് 'ആരംഭകാല കൃതികളിൽ' സിദ്ധാന്തവൽക്കരിച്ച മനുഷ്യന്റെ അന്യവൽക്കരണത്തിന്റെ അഗാധത ഡൊമിററില തന്റെ ലളിതവും ആകർഷണീയവുമായ ശൈലിയിലൂടെ വിവരിക്കുന്നു: ''ബൊളീവിയയിലെ ഭൂരിപക്ഷം വരുന്ന ജനങ്ങൾ കർഷകരാണ്. ജനസംഖ്യയുടെ എഴുപതു് ശതമാനവും നാട്ടിൻപുറങ്ങളിലാണ്. അവർ അതിഭീകരമായ ദാരിദ്ര്യത്തിലാണ് ജീവിക്കുന്നതു്. ഖനിത്തൊഴിലാളികളായ ഞങ്ങളേക്കാൾ വഷളായ ഒരു ജീവിതം അവർക്ക് നയിക്കേണ്ടിവരുന്നതു്. ഞങ്ങളാണെങ്കിൽ സ്വന്തം നാട്ടിൽ നാടോടികളെപ്പോലെ കഴിയുന്നവരുമാണ്. കാരണം ഞങ്ങൾക്ക് വീടുകളില്ല. പകരം തൊഴിലാളിയായി ജോലി ചെയ്യുന്ന കാലയളവിൽ കമ്പനി വാടകയ്ക്ക് തരുന്ന കൂരകൾ മാത്രമാണുള്ളത്. ബൊളീവിയ അസംസ്കൃത പദാർത്ഥങ്ങളാൽ സമ്പന്നമാണെന്നിരിക്കെ അതിലെന്തുകൊണ്ടാണ് ഇത്രയധികം ദരിദ്രജനങ്ങളുണ്ടാകുന്നത്? ലാററിനമേരിക്കയിലെ മററുരാജ്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ അതിന്റെ ജീവിത നിലവാരം എന്തുകൊണ്ടാണ് ഇത്രമാത്രം താഴ്ന്നിരിക്കുന്നതു്.

''പണം ചോർന്നു പോകുന്നതാണിതിന് കാരണമെന്ന് തോന്നുന്നു. ധനികരായിത്തീർന്ന ധാരാളമാളുകൾ തങ്ങളുടെ പണം വിദേശങ്ങളിൽ നിക്ഷേപിക്കുന്നു. മുതലാളിമാരുടെ അത്യാർത്തിക്ക് നമ്മുടെ സമ്പത്ത് കൈമാററം ചെയ്യപ്പെടുന്നു. അതു തന്നെയും ഏറ്റവും താഴ്ന്ന വിലക്കും നമുക്ക് ഗുണം ചെയ്യാത്ത കരാറുകളുടെ അടിസ്ഥാനത്തിലുമാണ് നടക്കുന്നതു്. പ്രകൃതിയാൽ നല്ലപോലെ അനുഗ്രഹീതമായിട്ടുള്ളതിനാൽ ലോകത്തിലെ ഏററ സമ്പൽ സമൃദ്ധമായ ഒരു രാജ്യമാകാൻ ബൊളീവിയക്ക് കഴിയും. പക്ഷേ, ജനസംഖ്യയിൽ ഞങ്ങൾ വളരെ ചെറുതാണെങ്കിൽ പോലും, ഈ സമ്പത്ത് ഞങ്ങൾക്കവകാശപ്പെട്ടതല്ല. 'ബൊളീവിയയുടെ സമ്പത്ത് അളവററതാണ്'' എന്നിരിക്കിലും അതിന്റെ പ്രജകൾ വെറും യാചകരാണ്''' എന്ന് ആരോ പറഞ്ഞു, അതു് സത്യമാണ്. കാരണം, എന്റെ രാജ്യത്തിന്റെ സമ്പദ്ഘടന നിയന്ത്രിക്കുന്നത് ബഹുരാഷ്ട്രക്കുത്തകകളാണ്. ഈ അവസ്ഥ മുതലെടുത്തുകൊണ്ട് ധാരാളം ബൊളീവിയക്കാർ കാശ്ച്ച് ഡോളറുകൾക്ക് വേണ്ടി സ്വയം വില്ക്കുകയും പട്ടാളവുമായി കൂട്ടുചേർന്ന് രാഷ്ട്രീയം കളിക്കുകയും അതിന്റെ കുത്സിത പ്രവൃത്തികൾക്ക് പിന്തുണനൽകുകയും ചെയ്യുന്നു. തങ്ങൾക്ക് എത്രത്തോളം സമ്പാദിക്കാമെന്ന പ്രശ്നം മാത്രമേ അവർക്കുള്ളു. തൊഴിലാളികളെ എത്രമാത്രം ചൂഷണം ചെയ്യാൻ കഴിയുന്നോ അത്രമാത്രം അവർക്ക് സന്തോഷമേയുള്ളു. തൊഴിലാളികൾ വിശപ്പുകൊണ്ടോ രോഗബാധിതരായോ നിലംപതിച്ചാൽ പോലും അവർക്ക് പ്രശ്നമല്ല.''

(പേജ് 20)

ബൊളീവിയൻ ഖനികളുടെ നാഡിസ്പന്ദനങ്ങൾ

ബൊളീവിയൻ ഖനികളുടെ നാഡിസ്പന്ദനങ്ങൾ

ഖനിത്തൊഴിലാളികളുടെ ജീവിതത്തിന്റെ ഈ വിശാലമായ പശ്ചാത്തലത്തിൽ തങ്ങളുടെ ജീവിതതൊഴിൽ സാഹചര്യങ്ങളും മെച്ചപ്പെടുത്താൻ വേണ്ടി അവർനടത്തിയ ധീരോദാത്തമായ സമരങ്ങളും രക്തരൂക്ഷിതമായ കൂട്ടക്കൊലകൾക്ക നേരെയുള്ള ഒററക്കെട്ടായ ചെറുത്തു നില്പുകളും ഡൊമിററില വാചാലമായി വിവരിക്കുന്നു. സ്വന്തം സമരങ്ങൾ നൽകിയ ഗുണാത്മകവും നിഷേധാത്മകവുമായ അനുഭവങ്ങളിലൂടെ ജനങ്ങൾ നേടിയെടുത്ത വിവേകത്തെക്കുറിച്ച് ഒരിടത്ത് അവർ ഇങ്ങനെ പറയുന്നു,'' പക്ഷേ വർഷങ്ങളിലൂടെ കടന്നുപോയപ്പോൾ ഞങ്ങൾ ഐക്യദാർഢ്യത്തിന്റെ മതിപ്പ് അറിയാൻ തുടങ്ങി. അപ്രകാരം തൊഴിലാളി വർഗത്തിൽ നിന്ന് ചില കുററ വിപ്ലവനേതാക്കൾ ഉയർന്നുവരികയും അവർ ജനങ്ങൾക്ക് ശരിയായ് മാർഗദർശനം നൽകാൻ തുടങ്ങുകയും ചെയ്തിട്ടുണ്ട്. ഞങ്ങളെ കീഴടക്കാനായി സർക്കാരുകൾ സായുധ ശക്തി ഉപയോഗിച്ചിട്ടുണ്ട്. 1942ലേയും 1949ലേയും മാത്രമല്ല, 1965ലേയും 1967ലേയുംകൂട്ടക്കൊലകൾ ചൂണ്ടിക്കാട്ടുന്നത് ഇതാണ്. അവ തികച്ചും ഭീകരമായ കൂട്ടക്കൊലകളായിരുന്നു. നൂറ്കണക്കിന് ആളുകൾക്ക് ജീവൻ നഷ്ടപ്പെട്ടു. പക്ഷേ, ജനങ്ങളെ ഭയപ്പെടുത്തുകയും പുറകോട്ടുവലിക്കുകയും ചെയ്യുന്നതിന് പകരം ഈ കൂട്ടക്കൊലകൾ അവരെ കൂടുതൽ കൂടുതൽശക്തവാന്മാരാക്കി. ഭൂതകാലത്തെ തെററുകൾ തിരുത്തിക്കൊണ്ട് കഴിഞ്ഞ ഇരുപതു വർഷങ്ങളിൽ ധാരാളം കഴിവുററ നേതാക്കളെ ജനങ്ങൾ വികസിപ്പിച്ചെടുത്തിരിക്കുന്നു. അവരുമായി വിപുലമായ ഐക്യദാർഢ്യമുണ്ടാക്കേണ്ടതിന്റെ പ്രാധാന്യം ഞങ്ങൾ മനസ്സിലാക്കിയിരിക്കുന്നു. മാത്രമല്ല, അവരെ ഞങ്ങൾ നിയന്ത്രിക്കുന്നു, പിന്തുണയ്ക്കുന്നു, ചെയ്യേണ്ടത് ചെയ്യാതിരുന്നാൽ വിമർശിക്കുകയും ചെയ്യുന്നു.'' (പേജ് 38)

ഖനിത്തൊഴിലാളികളുടെ യൂണിയന്റെ ഉത്ഭവം, വളർച്ച എന്നീ ചരിത്രത്തിലേക്ക് കടന്നുകൊണ്ട് നേതൃത്വത്തിന്റെ പങ്കിനെ ഡൊമിററില വിമർശനാത്മകമായി വിലയിരുത്തുന്നു. വിമർശനം അവർ ഇങ്ങനെ അവസാനിപ്പിക്കുന്നു: ഇതാണെനിക്ക് പറയാനുള്ളത്.—തൊഴിലാളിവർഗത്തെ സംഘടിതരാക്കുന്നതിന് നാം വളരെ ശ്രദ്ധിക്കണം, നല്ല നേതാക്കളെ തിരഞ്ഞെടുക്കുകയും വേണം. നേതാക്കളെ നിയന്ത്രിക്കുകയെന്നത് അണികളുടേയും ബഹുജനങ്ങളുടേയും കടമകൂടിയാണ്. അധികാരമേറെറടുക്കാനുള്ള തയ്യാറെടുപ്പിൽ ഈ കാര്യം വളരെ പ്രാധാന്യമർഹിക്കുന്നു. [പേജ് 40]

തുടർന്ന് ഖനിത്തൊഴിലാളികളുടെ ഭാര്യമാരുടെ പങ്കിനെക്കുറിച്ച് ഡൊമിററില വിശദീകരിക്കുന്നു. വീട്ടമ്മമാരുടെ ഒരു കമ്മിററിയായിസിഗ്ലോ XXൽ അവർ സംഘടിക്കുന്നു. അതേപ്പററി അവർ പറയുന്നതിങ്ങനെയാണ്: ''വനിതാ വിമോചനക്കാരുടെ നിലപാടല്ല ഇക്കാര്യത്തിൽ ഞങ്ങളെടുക്കുന്നത്. സാമ്രാജ്യത്യനുകത്തിൽ നിന്ന് എന്നന്നേക്കുമായി നമ്മുടെ രാജ്യം വിമോചിതയാകുന്നതാണ്പ്രാഥമികമായതെന്ന്ഞങ്ങൾ കരുതുന്നു. ഞങ്ങളുടെയിടയിലുള്ള ഒരു തൊഴിലാളി അധികാരത്തിലിരിക്കുകയും അയാൾ നിയമങ്ങളും വിദ്യാഭ്യാസവും മറെറല്ലാ കാര്യങ്ങളും നിയന്ത്രിക്കുകയുമാണ് ഞങ്ങളുടെ ആവശ്യം. അപ്പോൾ മാത്രമേ ഞങ്ങളുടെ സമ്പൂർണ്ണ വിമോചനം, സ്ത്രീകളെന്നനിലയിലുള്ള ഞങ്ങളുടെ വിമോചനം പോലും നേടിയെടുക്കാനുള്ള കൂടുതൽ മെച്ചപ്പെട്ട സാഹചര്യങ്ങളുണ്ടാവുന്നുള്ളു. [പേജ് 41]

ഡൊമിററില ഖനിത്തൊഴിലാളിയുടെ മകളും മറെറാരു ഖനിത്തൊഴിലാളിയുടെ ഭാര്യയുമാണ്. അതിനാൽ ഖനിത്തൊഴിലാളിയുടെ ജീവിതം അവരുടെ രക്തത്തിൽപോലും കലർന്നിരിക്കുന്നു. അവരുടെ ജീവിതത്തിലെ ദുഃഖങ്ങളും കഷ്ടപ്പാടുകളും മനസ്സിലാക്കാനും ആഗ്രഹിക്കാനും അതിൽ പങ്കുചേരാനും അവക്ക്കഴിയുന്നു. അവർ ജനിച്ചതു് സിഗ്ലോXXലും ഇരുപതു വയസ്സുവരെ വളർന്നതു് പുലക്കായോ എന്നപേരുള്ള സമരപാരമ്പര്യമുള്ള ഖനനകേന്ദ്രത്തിലുമായിരുന്നു. അമേരിക്കൻ ഇന്ത്യക്കാരന്റെ രക്തമാണ് അവരിലൊഴുകിയിരുന്നത്. അവരുടെ അച്ഛൻ ഖനിത്തൊഴിലാളികളുടെ രാഷ്ട്രീയ സംഘാടകനെന്ന നിലയിൽ വിപ്ലവ പാരമ്പര്യമുള്ള ഒരാളായിരുന്നു. അക്കാരണത്താൽ പലതവണ സ്ഥലംമാററപ്പെട്ടിരുന്ന അദ്ദേഹം അവസാനം എത്തിപ്പെട്ടതു് ശൈത്യപ്രദേശമായ പുലക്കായോനിലാണ്. അവിടെ അദ്ദേഹത്തിനു് തൊഴിൽകിട്ടിയില്ല. ഒരു തയ്യൽ ആരംഭിച്ചുകൊണ്ടു് ജീവിതപ്രശ്നം പരിഹരിക്കാൻ അദ്ദേഹം ശ്രമിച്ചുവെങ്കിലും ആ കട നിലനിർത്താനും തുടർന്നുപോവാനും ആവശ്യമായ വരുമാനമുണ്ടാക്കാൻ കഴിഞ്ഞില്ല. ഇത്തരം പീഡനങ്ങളും അവമൂലമുണ്ടായ കഷ്ടപ്പാടുകളും കൊടും പട്ടിണിയും കാരണമായി അവരുടെ അമ്മ അഞ്ചു പെൺമക്കളെ അനാഥരാക്കി മരണമടഞ്ഞു. ഡൊമിററില മൂത്തകുട്ടിയായിരുന്നതിനാൽ പിന്നീട് ഇളയപെൺകുട്ടികളുടെ ചുമതലയും ഗൃഹഭരണവും അങ്ങിനെ അവരുടേതായി. അമ്മ മരിച്ചതോടെ അച്ഛൻ മദ്യപാനിയായിത്തീർന്നു, രാഷ്ട്രീയവും സംഘടനാപരവുമായ പ്രവത്തനങ്ങളിൽ താല്പര്യമില്ലാതായി. തന്റെ എല്ലാവിഷമങ്ങളും അതോടൊപ്പം അച്ഛന്റെ എതിർപ്പും അവഗണനയുമെല്ലാംനേരിട്ടുകൊണ്ടു് ഡൊമിററില പഠിക്കാൻ നടത്തിയ ഭഗീരഥപ്രയത്നം മനസ്സിലാക്കിയ അദ്ധ്യാപകന്റെ ഹൃദയമലിഞ്ഞ് അയാൾ അവരുടെ പഠനത്തിന്റെ ചുമതല ഏറെറടുത്തു. തന്റെ സ്വന്തം അനുഭവത്തിന്റെ വെളിച്ചത്തിൽ ബൊളീവിയയിലെ നിലവിലുള്ള സമ്പ്രദായത്തെക്കുറിച്ച് അവർ അഭിപ്രായപ്പെടുന്നതിങ്ങനെയാണ്: ''സർവ്വകലാശാലയിൽനിന്ന് ഇറങ്ങി വരുന്ന ഡോക്ടർക്കും അഭിഭാഷകനും ചെറിയ ഒരു ജോലി ലഭിക്കുന്നതോടെ അവരിലെ വിപ്ലവകാരി അപ്രത്യക്ഷമാവുന്നു.''
[പേജ് 59]

അച്ഛൻ പുനർവിവാഹം ചെയ്തതോടെ അഞ്ചു സഹോദരിമാരുടെ ജീവിതം ഒന്നുകൂടി വഷളായി. അമ്മയ്ക്കുപകരം ഒരാളിനെ കിട്ടിയതിൽ ആദ്യം തോന്നിയ സന്തോഷം പിന്നീട് രണ്ടാനമ്മയുമായി നടത്തേണ്ടിവന്ന കലഹങ്ങളാൽ മാഞ്ഞുപോയി. അവരുടെ അച്ഛന് മക്കളെയോ ഭാര്യയെയോ തിരഞ്ഞെടുക്കേണ്ടതായ അന്തരീക്ഷം രൂപപ്പെട്ടു. വീട്ടിൽ നടന്ന അത്തരമൊരു കലഹത്തിനുശേഷം ഒരു രാത്രിയിൽ പുറത്താക്കപ്പെട്ട അസാധാരണ സാഹചര്യത്തിൽ അവക്ക് ഒരു സാധാരണ പോലീസുകാരനെ വിവാഹം ചെയ്യേണ്ടി വന്നു. അയാൾക്കാണെങ്കിൽ അക്കാരണത്താൽ ജോലി നഷ്ടപ്പെടുകയും നാടുവിട്ട്സിഗ്ലോ XXലെ ഒരു ഖനിത്തൊഴിലാളിയായിത്തീരാൻ നിബ്ബന്ധിതമാവുകയും ചെയ്തു. ബൊളീവിയയിലെ ഏററവും വലിയ ഖനനകേന്ദ്രമായ അവിടെവെച്ചാണ് വിപ്ലവപ്രവർത്തനത്തിന്റെ ആദ്യാക്ഷരങ്ങൾ ഡൊമിററില പഠിച്ചത്. അതേക്കുറിച്ചു അവരിങ്ങനെ എഴുതുന്നു. ''ഇവിടത്തെ ജനങ്ങളുടെ അനുഭവജ്ഞാനം നിമിത്തം എനിക്ക് അനീതിയെ കൂടുതൽ വ്യക്തമായി കാണാൻ കഴിഞ്ഞു. ഇത് മരണത്തിനുമാത്രം കെടുത്തിക്കളയാൻ കഴിയുന്ന ഒരു അഗ്നിയാണ് എന്നിൽ കൊളുത്തിയത്.'' (പേജ് 61)

തുടക്കത്തിൽ അവർ വളരെ ദൈവഭക്തയായിരുന്നു, ഭർത്താവ് യൂനിയന്റെ സജീവപ്രവത്തകനും. അയാളിലൂടെ അവക്ക് തൊഴിലാളികളുടെ അവകാശങ്ങളിലും സമരങ്ങളിലും താല്പര്യം ജനിക്കു

ബൊളീവിയൻ ഖനികളുടെ നാഡിസ്പന്ദനങ്ങൾ

കയും, പട്ടാളത്തിന്റെയും പോലീസിന്റെയും മർദ്ദനനടപടികളെ ചെറുക്കുന്നതിൽ പുരുഷന്മാരോടൊപ്പം ഖനിത്തൊഴിലാളികളുടെ ഭാര്യമാരേയും സംഘടിപ്പിക്കുന്നതിന്റെയും ആവശ്യം മനസ്സിലാക്കുകയും ചെയ്തു. ക്രമേണ സിഗ്ലോ XXലെ വീട്ടമ്മമാരുടെ കമ്മിററി'യുടെ പ്രവർത്തനങ്ങളിൽ അവർ പങ്കുചേർന്നു. അതിന്റെ നേതൃത്വത്തിലേക്ക് പടിപടിയായി ഉയർന്നു. ഈ പ്രവർത്തനങ്ങളും സമരങ്ങളും അവരെ സിഗ്ലോ XXയുടെ പ്രാധാന്യത്തെക്കുറിച്ച് ബോധ്യപ്പെടുത്തിയതായി വിശദീകരിക്കുന്നു. ജനങ്ങൾക്കുവേണ്ടി പൊരുതിയ പുരുഷന്മാരും സ്ത്രീകളും വനിതാ ബുദ്ധിജീവികളും നിശ്ശബ്ദരായി ജനങ്ങളെ സുധീരം സംരക്ഷിക്കുകയും അവർക്കുവേണ്ടി മരിക്കുകയും ചെയ്ത ധീരവനിതകൾക്കും യാതൊരു കുറവുമുണ്ടായിരുന്നില്ല. ജനങ്ങളിൽ നിന്ന്, അവരുടെ കൊച്ചുകൊച്ചു നടപടികളിൽ നിന്നുപോലും പഠിക്കേണ്ടതിന്റെ ആവശ്യത്തെക്കുറിച്ച് ഡൊമിററില വാചാലമായി സംസാരിക്കുന്നു.‘‘ എനിക്കറിയുന്ന എല്ലാ കാര്യങ്ങളും ഞാനിന്ന് എത്തിനില്ക്കുന്ന ഉയർച്ചയുമെല്ലാം ജനങ്ങളാണ്, അവർ എന്നിൽ സംക്രമിപ്പിച്ച ധീരതയാണ് കാരണമായിട്ടുള്ളത്,'' എന്ന വാക്കുകളിൽ അവർ ജനങ്ങളുമായുള്ള തന്റെ ബന്ധം വ്യക്തമാക്കുന്നു. അവിടത്തെ ജീവിതത്തിനും സമരത്തിനുമിടയിൽ അവർ പട്ടാളത്തിന്റെയും പുരോഹിതവൃന്ദത്തിന്റെയും പഴയതും പുതിയതുമായ ബൂർഷ്വാസിയുടേയും കാപട്യവും, പൊള്ളത്തരവും, ക്രൂരതയും അനുഭവിച്ചറിഞ്ഞു. ഭരണവർഗ്ഗത്തിന്റെ പാപകരവും ദുഷിച്ചതുമായ നടപടികളെ തുറന്നുകാട്ടാനായി 1965ലെ സെപ്തംബർ കൂട്ടക്കൊലയും, തുടർന്ന് 1967ലെ സാൻജുവാൻ കൂട്ടക്കൊലയേയും പററി ദൃക്സാക്ഷി വിവരണം അവർ നല്കുന്നു. ഈ കൂട്ടക്കൊലകൾക്കിടയിലെ എണ്ണമററത്യാഗങ്ങൾ അവരേയും അവരുടെ ജനങ്ങളെയും ഒരു കാര്യം പഠിപ്പിച്ചു. അതായത് ജനങ്ങൾ കൂടുതൽ ധീരമായ ചെറുത്തുനില്പിന്നായി തുനിഞ്ഞിറങ്ങുമ്പോഴെല്ലാം ശത്രുമരണത്തിന്റെ ക്രൂര രാഷ്ണങ്ങൾ പ്രദർശിപ്പിക്കുന്നു. തിളക്കുന്ന രക്തത്തോടെ, കൂടുതൽ ദൃഢമാക്കപ്പെട്ട മനസ്സുറപ്പോടെ സർക്കാറിന്റെ ഈ നികൃഷ്ട നടപടികളെ അവർ തുറന്ന് അധിക്ഷേപിച്ചു. ‘‘നമുക്കിതു് ഒരിക്കലും അനുവദിക്കാൻ സാദ്ധ്യമല്ല. തൊഴിലാളിവർഗ്ഗത്തെ, നാടിനുവേണ്ടി പണിയെടുത്ത് സമ്പത്തുണ്ടാക്കിക്കൊടുക്കുന്ന, ത്യാഗങ്ങൾ സഹിക്കുന്ന ജനങ്ങളെ ഇങ്ങനെ കൊല്ലാൻ അവർക്ക് എങ്ങിനെ കഴിയുന്നു? നമ്മോട് ചെയ്തത് ഒട്ടും നീതികരിക്കത്തക്കതല്ല. നമ്മുടെ വേതനം തട്ടിപ്പറിച്ചത് സർക്കാർ തന്നെയാണ്, നമുക്ക് ന്യായമായും അർഹതപ്പെട്ട കാര്യങ്ങൾ മാത്രമേ നമ്മൾ ചോദിക്കുന്നുമുള്ളു... അതിന് അവർ എന്തു് കൊണ്ട് നമ്മെ ഇങ്ങനെ കൊല്ലുന്നു? ഇത് അനീതിയാണ്. ഭീരുക്കൾ! തെമ്മാടികൾ!

ഖനിത്തൊഴിലാളികളുടെ യഥാർത്ഥ പുത്രിയെന്നോണം അവർ ജനങ്ങളുടെ പ്രതീക്ഷക്കൊത്ത് ഉയർന്നു. കയ്പേറിയ ത്യാഗങ്ങൾ ഇതിന്നിടയിൽ അവർക്ക് അനുഭവിക്കേണ്ടിവന്നു. പലതവണ അവർ ജയിലിലിലടയ്ക്കപ്പെടുകയും ശാരീരികമായും മാനസികമായും മൃഗീയമായ പീഡനത്തിന് വിധേയയാവുകയും ചെയ്തു. ഒരിക്കൽ പൂർണ്ണ ഗർഭിണിയായിരുന്ന അവർക്ക് പട്ടാള ഉദ്യോഗസ്ഥന്മാരിൽ നിന്ന് പല തവണ അടിവയററിൽ മർദ്ദനമേററു. ഇരുളടഞ്ഞ ആ ലോക്കപ്പുമുറിയിൽവെച്ച് മർദ്ദനംമൂലം മരിച്ചുപോയ ഒരു ചോരക്കുഞ്ഞിനെ അവർ പ്രസവിച്ചു. തുടർന്ന് മരണത്തിന്റെയും മാനസികവിഭ്രാന്തിയുടെയും വക്കത്തോളമെത്തിയ അവർ ചില ഡോക്ടർമാരുടേയും മററും മനുഷ്യസ്നേഹംകൊണ്ടുമാത്രമാണ് രക്ഷപ്പെട്ടത്. മറെറാരു സന്ദർഭത്തിൽ പോലീസ് ഏജൻറുമാർ അവർക്ക് സ്വന്തം മക്കളോടുള്ള സ്നേഹവികാരങ്ങളെ മുതലെടുക്കാൻ ശ്രമിച്ചു. അങ്ങിനെ ശത്രുവോട് അവരെടുത്ത ഇളക്കമില്ലാത്ത നിലപാടിനെ മാററിമറിക്കാനായിരുന്നു അവർ ഉദ്ദേശിച്ചത്. തുടക്കത്തിൽ അവർ ആ കെണിയിൽ വീണുപോയി. കുട്ടികളെ പട്ടാളക്കാർ അറസ്റ്റ് ചെയ്ത് പട്ടിണി കിടത്തുകയാണെന്നായിരുന്നു കെട്ടിച്ചമയ്ക്കപ്പെട്ടആ കള്ളം. അവരെ രക്ഷിക്കണമെങ്കിൽ അവരുടെ ചുമതല സർക്കാറിനെ ഏല്പിച്ചുകൊണ്ടുള്ള സമ്മതപത്രത്തിൽ ഒപ്പിട്ടു കൊടുക്കണമെന്ന് പോലീസ് ഏജൻറ് അവരെ ഉപദേശിക്കുകയും അതിന്നായി സർക്കാർ പ്രതിനിധികളായ കുറച്ചു സ്ത്രീകളെ കൊണ്ടുവരികയും ചെയ്തു. തന്റെ കുഞ്ഞുങ്ങളുടെ അവസ്ഥയിൽ പരിഭ്രാന്തയായിത്തീർന്ന ഡൊമിററില ആദ്യമൊക്കെ അവരുടെ ഉപാധികൾക്ക് വിധേയയാവാൻ തയ്യാറായെങ്കിലും സമ്മതപത്രം കണ്ടപ്പോൾ ഇതിലെന്തോ ചതിയുണ്ടെന്ന് മനസ്സിലാക്കി ഒപ്പിടാൻ വിസ്സമ്മതിക്കുകയും ചെയ്തു. അങ്ങിനെ ഒരിക്കൽകൂടി ജനങ്ങളോട് തന്റെ അഗാധമായ കൂറ് അവർ പ്രകടിപ്പിച്ചു. അവരോടൊപ്പം തടവിലാക്കപ്പെട്ട ഒരുബ്രസീലിയൻ വനിത ഇതിനെല്ലാം മൂകസാക്ഷിയായിരുന്നു. ഡൊമിററില ആ രംഗം വിവരിക്കുന്നത് ഈ വാക്കുകളിലാണ്. ‘‘ആ ബ്രസീലിയൻ വനിത ഇതെല്ലാം കണ്ടും കേട്ടും നില്ക്കുന്നുണ്ടായിരുന്നു. അവർ ഓടിവന്ന് എന്നെ കെട്ടിപ്പിടിച്ചു, മുറുകെ പിടിച്ചുടപ്പിച്ചു. ഞാൻ പൊട്ടിക്കരഞ്ഞു. അവർ എന്നോട് അപ്പോൾ പറഞ്ഞ വാക്കുകളിതാണ്. ‘ഡൊമീററിലാ, നിങ്ങൾ ചെയ്തത്.എനിക്കുപോലും, ചെയ്യാൻ കഴിമായിരുന്നില്ല. അതേ, എനിക്കുപോലും.. ഈ അഗ്നിപരീക്ഷണം നിങ്ങൾ ജയിച്ചിരിക്കുന്നു ഇത്ര മഹത്തായ ജനതക്ക് അവരുടെ നേതാക്കളെ തിരഞ്ഞെടുക്കുന്നതിൽ തെററു പററുന്നതെങ്ങിനെയെന്ന് ഞാൻ ചിന്തിക്കുകയായിരുന്നു. ജനങ്ങൾ നിങ്ങളെ തിരഞ്ഞെടുക്കുന്നതു് തികച്ചും ഉചിതമായെന്ന് എനിക്ക് മനസ്സിലായി, ഡൊമിററിലാ!

അവരും കരയുകയായിരുന്നു. ഞങ്ങൾ രണ്ടുപേരും കുറേനേരം കരഞ്ഞു. എന്നോടൊപ്പം ആ നിമിഷം പങ്കിടാൻ കഴിഞ്ഞതിൽ അവർക്ക് സന്തോഷമുണ്ടെന്നും എന്റെ കുട്ടികളുടെ മരണത്തിന് പകരം വീട്ടാൻ ഞാൻ ജീവിക്കണമെന്നു തുടർന്ന് അവർ, ഉപദേശിച്ചു.''

അഗ്നിപരീക്ഷണങ്ങൾ പലതും വിജയകരമായി മറി കടന്ന ഡൊമിററില ബൊളീവിയയുടെ വിപ്ലവവനിതാ നേതാവായി പരക്കെ അംഗീകരിക്കപ്പെടാൻ അധികനാളുകൾ വേണ്ടിവന്നില്ല. ദരിദ്രരും, എന്നാൽ നീതിക്കും സ്വാതന്ത്ര്യത്തിന്നും വിമോചനത്തിന്നും വേണ്ടി കയ്പേറിയ സമരങ്ങൾ നടത്തിയ സമരങ്ങൾ നടത്തിയ വിപ്ലവപാരമ്പര്യമുള്ളവരുമായ ജനതയെ പ്രതിനിധീകരിക്കാൻ അവർക്ക് അർഹത ലഭിച്ചു. അങ്ങനെയാണ് സാർവ്വദേശീയ വനിതാ വർഷത്തോടനുബന്ധിച്ച് 1975ൽ മെക്സിക്കോയിൽ വെച്ച് ഐക്യരാഷ്ട്ര സഭ നടത്തിയ പൊതുസമ്മേളനത്തിൽ പങ്കുചേരാൻ അവരും ക്ഷണിക്കപ്പെട്ടു.

സ്വന്തം ജനതയുടെ ഹൃദയമിടിപ്പുകൾ കൃത്യമായി അറിയുന്ന ഒരു യഥാർത്ഥ വിപ്ലവ ബഹുജന നേതാവാണെങ്കിലും ഏതെങ്കിലുമൊരു പ്രത്യേക പാർട്ടിയുടെയോ ഗ്രൂപ്പിന്റേയോ ചട്ടക്കൂട്ടിൽ തളച്ചിടപ്പെടാൻ അവർ തയ്യാറായില്ല. അതേ സമയം ഗുണാത്മകവും നിഷേധാത്മകവുമായ തന്റെ അനുഭവ പാഠങ്ങൾ ദേശീയവും സർവ്വദേശീയവുമായ സംഭവങ്ങൾക്ക് നേരെ പക്വതയാർന്ന ഒരു രാഷ്ട്രീയ വീക്ഷണം പുലർത്താൻ അവരെ സഹായിക്കുന്നു. അവരുടെ വാക്കുകളിലൂടെത്തന്നെ ആ പക്വത തെളിയിക്കപ്പെടുന്നു; ‘‘ഒരു വെടിയുണ്ടക്ക് ഒരു ജനതയുടെ ആശയങ്ങളും

ശേഷം 31–ാം പേജിൽ

ഐ. എം. എഫ്. ശാസന ഇന്ത്യ നടപ്പാക്കുന്നു

ദേശാഭിമാനി ജൂലായ് 15

ഐ എം എഫിൽ നിന്നുള്ള കടത്തിന്റെ അടുത്ത ഗഡു വാങ്ങുന്നതിന്റെ മുന്നോടിയായി ആഭ്യന്തര കടം നിയന്ത്രിക്കാൻ ഇന്ത്യാ ഗവർമെണ്ട് തീരുമാനിച്ചു.

ഐ എം എഫിന് ഇന്ത്യാ ഗവർമെണ്ട് നൽകിയ വ്യവസ്ഥകളുടെ ഭാഗമായാണ് ഈ നിയന്ത്രണം. ലോകസഭയിൽ ധനകാര്യമന്ത്രി പ്രണാബ് കുമാർ മുക്കർജി ആണ് പ്രസ്താവന വഴി ഇക്കാര്യം വെളിപ്പെടുത്തിയത്.

1982–83ൽ 1800 ദശലക്ഷം ഡോളർ (എസ് ഡി ആർ) ഗഡുവെന്ന നിലയിൽ ഐ എം എഫ് കടം നൽകുമെന്ന് ധനകാര്യമന്ത്രി ചെയ്ത പ്രസ്താവനയിൽ പറഞ്ഞു. ജൂലായ് ഒമ്പതിന് ഐ എം എഫ് ഇത് അംഗീകരിച്ചിട്ടുണ്ട്. ജൂൺ എട്ടിന് നൽകിയ കടത്തിന്റെയും വ്യവസ്ഥകളുടെയും അടിസ്ഥാനത്തിലാണ് രണ്ടാം ഗഡു പാസാക്കിയതെന്ന് മന്ത്രി പറഞ്ഞു.

നടപ്പു സാമ്പത്തിക വർഷത്തിൽ ആഭ്യന്തര കടം 87,679 കോടിയാക്കി നിയന്ത്രിക്കാനാണ് ഗവർമെണ്ടിന്റെ തീരുമാനം. 1981–82സാമ്പത്തിക വർഷത്തിന്റെ അവസാനം ഇത് 73,729 കോടി രൂപയായിരുന്നു. ആഭ്യന്തരകടത്തിന്റെ വർദ്ധനവ് 18.9 ശതമാനമായിരിക്കും. വിലക്കയററം തടയാനും സാമ്പത്തിക വ്യവസ്ഥയുടെ ന്യായമായ ആവശ്യങ്ങളും പരിഗണിച്ചുമാണ് ഈതീരുമാനമെടുത്തതെന്ന് മന്ത്രി അറിയിച്ചു.

12 വർഷംകൊണ്ട് തിരിച്ചടക്കേണ്ട പ്രത്യേക സൗജന്യങ്ങളില്ലാത്ത വായ്പകൾ 140 കോടി രൂപയായി നിയന്ത്രിക്കാനും നിശ്ചയിച്ചു. 12 വർഷമായാൽ മടക്കികൊടുക്കേണ്ട വായ്പകളും ഈ പരിധിയിൽ പെടില്ല. ഒറീസയിലെ പുതിയ സ്റ്റീൽ പ്ലാൻറിനും ഡിഗ്രോയിലെ സൂപ്പർ തെർമൽ പ്ലാൻറിന്റെ രണ്ടാം ഘട്ടത്തിനും ഈ നിയന്ത്രണം ബാധകമല്ല.

രാജ്യത്തിന്റെ അടിസ്ഥാന നയം സംബന്ധിച്ച് യാതൊരു ഒത്തുതീർപ്പിനും ഗവർമെണ്ട് തയാറായിട്ടില്ലെന്നാണ് മന്ത്രിയുടെ അവകാശവാദം.

പത്രനിയന്ത്രണം ആവശ്യമാണ്.

മാതൃഭൂമി ആഗസ്റ്റ് 9

ഡൽഹി : പത്രങ്ങൾക്ക് പൂർണ്ണസ്വാതന്ത്ര്യം നൽകുന്നതിനെ ആഭ്യന്തരമന്ത്രി ആർ. വെങ്കിട്ടരാമൻ എതിർത്തിരിക്കുന്നു. അഭിപ്രായ പ്രകടനത്തിനുള്ള സ്വാതന്ത്ര്യത്തെ നിയന്ത്രിക്കേണ്ടത് ഒരാവശ്യമാണെന്നും അതിൽ തെററൊന്നുമില്ലെന്നും അദ്ദേഹം പറഞ്ഞു.

പത്രസ്വാതന്ത്ര്യം നിയന്ത്രിക്കാനുള്ള ചില സംസ്ഥാനങ്ങളുടെ നീക്കത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ടുള്ള ഒരു പ്രമേയത്തിന് മറുപടി നൽകുകയായിരുന്നു മന്ത്രി.

ഇന്ത്യൻ ഭരണഘടനയിൽ 19(2) ഖണ്ഡിക സംസ്ഥാനങ്ങൾക്ക് പത്രസ്വാതന്ത്ര്യം നിയന്ത്രിക്കാനധികാരം നൽകുന്നുണ്ടെന്ന് ബീഹാർ നിയമത്തെ അനുകൂലിച്ചുകൊണ്ട് മന്ത്രി പറഞ്ഞു.

കത്തുകൾ പൊട്ടിക്കാൻ സർക്കാരിന് അധികാരം

കേരളകൗമുദി ആഗസ്റ്റ് 12

ഡൽഹി : ആഗസ്റ്റ് 13 പൊതുവായ അടിയന്തരാവസ്ഥ ഉണ്ടാകുമ്പോഴേ, രാജ്യത്തിന്റെ സമാധാനത്തിനും പൊതുജന സുരക്ഷിതത്വത്തിനും ആവശ്യമെന്നുതോന്നുമ്പോഴോ തപാൽ ഉരുപ്പടികൾ പിടിച്ചെടുത്ത് പരിശോധിക്കാൻ കേന്ദ്ര–സംസ്ഥാന ഗവൺമെൻറുകൾക്ക് അധികാരം നല്കുന്ന ഒരു ബിൽ കമ്യൂണിക്കേഷൻസ് വകുപ്പുമന്ത്രി സി. എം. സ്ററീഫൻ ഇന്ന് ലോകസഭയിൽ അവതരിപ്പിച്ചു.

കഴിഞ്ഞ 84 കൊല്ലമായി പോസ്റ്റൽ ഡിപ്പാർട്ടുമെൻറിൽ നിലവിലിരുന്ന നിയമത്തിൽ വരുത്തേണ്ട മാററങ്ങളെപ്പററി ലാകമ്മീഷൻ നടത്തിയ ശുപാർശയുടെ വെളിച്ചത്തിലാണ് പുതിയ ബിൽ കൊണ്ടുവന്നത്.

വ്യവസായതർക്ക ബിൽ പാസ്സാക്കി.

ഹിന്ദു ആഗസ്റ്റ് 10

ഡി. എം. കെ, മുസ്ലീംലീഗ് എന്നീ കക്ഷികളൊഴികെ മററെല്ലാ പ്രതിപക്ഷ പാർട്ടികളും പ്രതിഷേധ സൂചകമായി ഇറങ്ങിപ്പോക്ക് നടത്തിയ പശ്ചാതലത്തിൽ ലോകസഭ വ്യവസായതർക്കങ്ങളെ സംബന്ധിച്ച (ഭേദഗതി) (പണിമുടക്കാനുള്ള തൊഴിലാളികളുടെ അവകാശം നിഷേധിക്കുന്നതാണ് ഈ വ്യവസായത്തർക്ക ബിൽ പാസ്സാക്കി) ബിൽ ഇന്ന് പാസാക്കി. തൊഴിൽമന്ത്രി ഭഗവത് ഝാ ആസാദ് പറഞ്ഞത് ഈ ബിൽ വ്യവസായരംഗത്ത് സമാധാനവും മുതലാളിമാരും തൊഴിലാളികളും തമ്മിലുള്ള തർക്കങ്ങളുടെ ഉടനടിയുള്ള പരിഹാരവുമാണ് ലക്ഷ്യം വെക്കുന്നതെന്നാണ്.

വ്യവസായങ്ങളെ ബാധിക്കുന്ന എല്ലാ രോഗങ്ങൾക്കുമുള്ള ഒരു സിദ്ധൌഷധമല്ല ഇതെന്ന് പറഞ്ഞുകൊണ്ട് ബില്ലിനെക്കൊണ്ട് തൊഴിലാളികൾക്കുണ്ടാകുന്ന നേട്ടം മന്ത്രി വിവരിച്ചു. ഒന്ന്, 'വ്യവസായം' എന്ന പദത്തിന് കൂടുതൽ വിശാലമർത്ഥം നൽകിക്കൊണ്ട് ബില്ലിന്റെ സംരക്ഷണത്തിൻ കീഴിൽ മുമ്പത്തേക്കാൾ കൂടുതൽ തൊഴിലാളികളെ ഉൾപെടുത്തുന്നു.

മുതലാളിമാരുടെയും തൊഴിലാളികളുടേയും ഭാഗത്ത് നിന്നുണ്ടാവുന്നതെററായ തൊഴിൽ നടപടികളെന്തെല്ലാമാണെന്ന് അതു് നിർവ്വചിക്കുകയും അവയെ ഒഴിവാക്കാൻ ആവശ്യപ്പെടുകയും ചെയ്യുന്നു. ഇത് വ്യവസായ സമാധാനത്തിന്നുണ്ടായേക്കാവുന്ന സംഘർഷങ്ങൾ ഒഴിവാക്കാനോ ലഘൂകരിക്കാനോ ശ്രമിക്കുന്നു.

△

കാണാനിരിക്കുന്നതോ....?

—പ്രശാന്തൻ

" അതു് വാസ്തവമോ . . . . ? "

" നിങ്ങൾ ചുററുമൊന്നു നോക്കൂ . . . . "

" എനിക്ക് മനസ്സിലാവുന്നില്ല"

" നിങ്ങൾ പത്രങ്ങൾ വായിക്കുകയും റേഡിയോ വാർത്തകൾ കേൾക്കുകയും ചെയ്യാറില്ലേ. . . . "

" ഉവ്വ് .... പക്ഷേ അതൊക്കെയും എന്തെല്ലാമോ മറച്ചു വെക്കുകയും കൂട്ടിച്ചേർക്കുകയും ചെയ്യാറുണ്ടെന്ന സംശയം എന്നെ വിടാതെ പിടികൂടിയിരിക്കുന്നു."

" അതെ, വാർത്തകളുടെ ഭാഷയ്ക്കും വ്യാഖ്യാനത്തിനുമിടയിലുള്ള സത്യം കണ്ടെത്തുക വളരെ പ്രയാസം തന്നെയാണ്."

" നേരത്തെപറഞ്ഞത് ഒന്ന് വ്യക്തമാക്കൂ"

" അടിയന്തരാവസ്ഥ"

" അടിയന്തരാവസ്ഥയോ...?"

" മുൻപ്പ് ഒരദ്ധരാത്രിയിൽ അത് പ്രഖ്യാപിക്കപ്പെട്ടത് ഓർമ്മയില്ലേ. . . . ?

" ഉവ്വ്"

' അത് തന്നെ"

" പിന്നെയും പ്രഖ്യാപിക്കപ്പെട്ടോ"

" ഫലത്തിൽ മുൻപ് പെട്ടെന്ന് 'പ്രഖ്യാപിച്ച'തിന്റെ പ്രത്യാഘാതങ്ങൾ അനുഭവിച്ചവരല്ലേ ഇന്ന് ഭരണ കൂടത്തിന്റെ തലപ്പത്തിരിക്കുന്നത്"

" അതേ"

" അവർ ആ അനുഭവത്തിൽ നിന്നും നന്നായി പഠിച്ചിട്ടുണ്ട്. വീണ്ടും അതു പോലൊരു പ്രത്യാഘാതം ഉണ്ടാവാനിടയില്ലാത്ത വിധം വിദഗ്ദമായാണ് കാര്യങ്ങൾ മുന്നോട്ടു പോവുന്നത്"

" എങ്ങനെ?"

" അന്ന് നടപ്പിൽവരുത്തിയത് പലതും 'നിയമവിരുദ്ധം' എന്ന് വിളിക്കപ്പെട്ടിരുന്നുവല്ലോ. അതൊക്കെയും കുററം തീർത്ത് 'നിയമവിധേയ'മാക്കി അവർ കരുതിവെച്ചിരിക്കുന്നു"

" അപ്പോൾ . . . . "

" അതെ . . . . . നിങ്ങളെ വിചാരണ ചെയ്യാതെ തുറുങ്കിലടയ്ക്കാനും നിങ്ങളുടെ മനസ്സിന് മുദ്രവെക്കാനും നിങ്ങൾക്ക് കാമുകിയയക്കുന്ന കത്തുപൊളിക്കാനുമൊക്കെയുള്ള അവകാശം നിയമമാക്കി 'ജനാധിപത്യ' ചട്ടങ്ങളനുസരിച്ച് ജനപ്രതിനിധി സഭകളിൽ വെച്ച് പാസ്സാക്കപ്പെട്ടിട്ടുണ്ട്. അല്ലെങ്കിൽ ഉടനെ തന്നെ 'മഹാഭൂരിപക്ഷ'ത്തിന്റെ സഹായത്തോടെ പാസ്സാകും."

നമുക്ക് ചുററുമുള്ള ഇരുട്ടിന് ശക്തി കൂടിയിരിക്കുന്നു. എത്രവേഗത്തിലാണ് നാമന്ധരാണെന്നും എല്ലാകാഴ്ചകളും നമുക്കന്യമാണെന്നും കണ്ടെത്തപ്പെടുന്നത്! അതിനൂതനമായ പീഡനങ്ങൾ തലക്കുമുകളിൽ തൂങ്ങിക്കിടക്കുമ്പോൾ പ്രാകൃതമായെങ്കിലും ഒന്നു് പ്രതിഷേധിക്കാനാവാതെ, പരിതഃസ്ഥിതിയെ പഴിച്ച് നമ്മളിരിക്കുന്നു. ചുററുമൊന്നു് നോക്കൂ...... സംഭവിച്ചുകൊണ്ടിരിക്കുന്നത് ഒരടിയന്തരാവസ്ഥയാണെന്നു് കണ്ടെത്താനാവുന്നില്ലേ........? "കണ്ടകാഴ്ചകൾ ഭീകരം...... കാണാനിരിക്കുന്നതോ"

" ബീഹാറിൽ എന്തെല്ലാമോ കുഴപ്പങ്ങളുണ്ടല്ലോ "

" അതേ അവിടെ പത്രമാരണനിയമം ജനപ്രതിനിധികൾ കയ്യടിച്ച് പാസ്സാക്കിയിട്ടുണ്ട്. സർക്കാറിനെതിരെ ഒരു വാർത്തവന്നാൽ പിഴയും വിചാരണകൂടാതെ തടവുമാണത്രേ ഫലം."

"ങ്ഹ, അത് ബീഹാറിലായത് നന്നായി . . ..നമ്മുടെ കേരളത്തിൽ അങ്ങിനെയൊന്നുമില്ലല്ലോ"

" സ്നേഹിതാ . . . . . അത് പാസ്സാക്കപ്പെട്ടത് അഴിമതിവീരനായ ബീഹാർ മുഖ്യമന്ത്രിയുടെ സ്വകാര്യ താത്പര്യത്തിനാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ . . . . . ?

" പിന്നെ. . . .

" അത്തരമൊരു നിയമം അഖിലേന്ത്യാതലത്തിൽ നടപ്പിൽ വരുത്തിയാൽ എങ്ങനെ പ്രതികരിക്കപ്പെടുമെന്ന് അറിയാനുള്ള ഒരു പരീക്ഷണശാല മാത്രമാണ് ബീഹാർ"

"'അത് ശരി . . . . അവിടെ പത്രപ്രവർത്തകരെ പോലീസ് നിഷ്ഠൂരമായി മർദ്ദിച്ചുവെന്നും പലർക്കും ഗുരുതരമായി പരുക്ക് പററിയെന്നും പറയുന്നത് ശരിയാണോ . . . . . ?

" ശരിയാണ്. മുൻപൊരിക്കലും കേൾക്കാത്തവിധം പത്രപ്രവർത്തകരെ മർദ്ദിച്ചതുവഴി വാക്കുകളെ എത്രമാത്രം അവർ ഭയപ്പെടുന്നുവെന്ന് കൂടുതൽ തെളിയിക്കപ്പെട്ടിരിക്കയാണ്. ഇതിനിടയിലാണ് മററു രണ്ടു ബില്ലുകൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്.

''ഒന്ന് വ്യവസായ തക്ക് ബില്ലാണ്. മുമ്പെതന്നെ നിയമമാക്കിയ പണിമുടക്ക നിരോധന ഓഡിനൻസ് തൊഴിലാളികളുടെ പണിമുടക്കാനുള്ള അവകാശമെടുത്തുകളഞ്ഞിരുന്നല്ലൊ. അതിന്റെ പരിധിയിൽവരാത്തതും അത് സ്പർശിക്കാത്തതുമായ കാര്യങ്ങളാണ് ഈ ബില്ലിലുള്ളത്. ആദ്യബില്ലിനെക്കാൾ വ്യാപകമായും ആഴത്തിലും തൊഴിലാളിയുടെ അവകാശങ്ങൾ ഇത് എടുത്തുകളയുന്നു. പിന്നെ തപ്പാൽ നിയമ ഭേദഗതി ബിൽ. അതാവട്ടെ സക്കാരിന് തോന്നുന്ന സന്ദർഭത്തിൽ എപ്പോഴും ആരുടേയും കത്തുകൾ പൊളിക്കാൻ അവകാശം നൽകുന്നു.''

''ഇത് ഒരു വിഭാഗം ആൾക്കാരെ സംബന്ധിച്ചിടത്തോളം പണ്ടേ നടപ്പുള്ള കാര്യമല്ലേ?''

''അതേ...അപ്പോഴും അത് നിയമ വിധേയമായിരുന്നില്ല. ഇപ്പോഴാണത് നിയമമാവുന്നത്''

''ഇനി''

''ഇവയെല്ലാംകൂടി നടപ്പിൽ വരുത്തുകയേ വേണ്ടൂ.''

''ഒരൊററയടിക്കോ...?''

''അല്ല...മെല്ലെ...എതിർപ്പിന്റെ എല്ലാ മുനകളുമൊടിച്ച്, അതേററു വാങ്ങാൻ നമ്മെ സന്നദ്ധരാക്കിക്കൊണ്ട് സാവധാനം...''

''പ്രതിപക്ഷം ഇതിനെല്ലാം അരുനിൽക്കുമോ ?''

''ഭരണപക്ഷവും പ്രതിപക്ഷവുമെന്ന വിഭജനമവസാനിക്കുന്ന സാമൂഹ്യ യാഥാർത്ഥ്യത്തിലാണ്, ഒരേ വർഗ്ഗ താത്പാര്യത്തിന്റെ സംയോജന മേഖലയിലാണ് ഇത്തരമൊരു സംവിധാനമാവശ്യപ്പെടുന്ന പരിതഃസ്ഥിതി സംജാതമാവുന്നത്''

''മനസ്സിലായില്ല''

''ഭരണകൂടത്തെ സംബന്ധിച്ചേടത്തോളം ഇതല്ലാതെ മററു വഴികളൊന്നുമില്ല. പ്രതിപക്ഷത്തിരുന്ന് ബഹളമുണ്ടാക്കി ഭരിക്കാൻ സഹായിക്കുന്നവർ മറുപക്ഷത്തായിരുന്നാലും ഇതൊക്കെതന്നെയാണ് സംഭവിക്കുക. ഇന്ന് ഭരണകൂടം നിയന്ത്രിക്കുന്നവർ പ്രതിപക്ഷത്തായിരുന്നുവെങ്കിൽ ഇന്നത്തെ പ്രതിപക്ഷത്തെ പോലെ ബഹളം വെക്കുകതന്നെ ചെയ്യുമായിരുന്നു''

''പഴയ അടിയന്തിരാവസ്ഥയിൽ ഉണ്ടായിരുന്നില്ലെന്ന് ആക്ഷേപിക്കപ്പെട്ട 'ജനാധിപത്യം' നിലനിർത്തികൊണ്ട് തന്നെ അത്തരത്തിലുള്ള ഒരു സാഹചര്യം—അല്ല അതിനേക്കാൾ ഭീകരമായത്—സൃഷ്ടിക്കാൻ കഴിയും എന്ന് ചുരുക്കം അല്ലേ...?''

''അതേ...പക്ഷേ അദൃശ്യമായി, ജനങ്ങളെമെരുക്കിയെടുത്ത്, 'കപടയാഥാർത്ഥ്യ'ത്തിൽ ബോധത്തെ കെട്ടിയിട്ട്...''

''നമുക്കെന്ത് ചെയ്യാൻ പററും?''

''എനിക്കറിയില്ല . . . . . ശക്തമായ പ്രസ്ഥാനവും ഇന്നില്ലല്ലോ....''

''അതിന് നിങ്ങൾക്ക് എന്തു പങ്ക് വഹിക്കുവാൻ കഴിയും''

''ഞാനൊററക്ക്.... ''

''നിങ്ങളൊററക്കല്ല...... പക്ഷേ നിങ്ങളാൽ നിങ്ങളുടെ ചുമതലകൾ നിറവേററപ്പെടുന്നുണ്ടോ?''

''പക്ഷേ...അത് കണ്ടെത്തപ്പെടേണ്ടിയിരിക്കുന്നു''

''എല്ലാവരും പറയുന്നു കണ്ടെത്തപ്പെടണമെന്ന്. ആര്...? ആരാണ് മാർഗ്ഗം തുറന്നുതരാനായി സ്വർഗ്ഗത്തിൽനിന്നും ഇറങ്ങിവരാൻ പോവുന്നത്...?''

''എനിക്കനവധി മററുകാര്യങ്ങൾ. . . . .?

'' നോക്കൂ...നമുക്ക് ചുററും നടന്നുകൊണ്ടിരിക്കുന്നതിനെക്കുറിച്ച് എന്നെക്കാൾ എത്ര ആഴത്തിൽ ധാരണകൾ നിങ്ങൾക്കുണ്ട് എന്നിട്ടും'' ....

''നിങ്ങളെന്താണീ പറയുന്നത്'' ?

'ഇവിടെയെന്താണ് സംഭവിക്കുന്നതെന്ന് അറിയാത്തവരാണ് ഭൂരിപക്ഷവും, അറിയുന്നവരാകട്ടെ സ്വന്തം മാളങ്ങളിലും'

''ഞാനന്വേഷിക്കുന്നുണ്ട്''.

''നിങ്ങളന്വേഷിക്കുന്നു. എവിടെ ? സ്വന്തം മുറിക്കകത്തല്ല ചലനാത്മകമായ സമൂഹത്തിലാണ് മാർഗ്ഗം അന്വേഷിക്കേണ്ടത് എന്ന് എന്നെ പഠിപ്പിച്ചത് നിങ്ങളല്ലേ ? ''

'' എനിക്കിനിവയ്യ''

''സുഹൃത്തേ, എത്ര ലഘുവും അപൂർണ്ണവുമായ അറിവാണ് നമുക്കുള്ളതെങ്കിൽപോലും നാമിവിടെവെച്ചു തുടങ്ങേണ്ടിയിരിക്കുന്നു''.

''എങ്ങിനെ''

''ഏററവും ചുരുങ്ങിയത് നിങ്ങളുടെ സമാനമനസ്സുമായിരിക്കുന്നവരോട് ഒന്ന് സംസാരിക്കയെങ്കിലും ചെയ്യൂ. ഇന്ന്നിഷ്ക്രിയരായിരിക്കുന്ന നിങ്ങൾ..., ഞാൻ..., നമ്മൾ, ഒന്നാലോചിച്ചുനോക്കൂ... എത്ര ഭീകരം ! ''

സുബ്രഹ്മണ്യദാസ്

സഖാവ് കെ. ജി. സുബ്രഹ്മണ്യദാസ് ഇക്കഴിഞ്ഞ ജൂലൈ 14-ാം തിയ്യതി റെയിലിൽ തലവെച്ച് ആത്മഹത്യ ചെയ്ത വിവരം നിറഞ്ഞ വികാരത്തോടെ ഞങ്ങൾ അറിയിക്കുന്നു. വടക്കാഞ്ചേരിക്കടുത്തുള്ള ഓട്ടുപാറ എന്ന സ്ഥലമാണ് ദാസ് തന്റെ മരണത്തിനായി തെരഞ്ഞെടുത്തത്.

കേരളത്തിലെ വിപ്ളവ പ്രസ്ഥാനത്തിനകത്ത് സുപരിചിതനായിരുന്നു ഈ യുവാവ്. കോളേജ് വിദ്യാഭ്യാസത്തിനുശേഷം സി. പി. ഐ. (എം. എൽ) യുമായി ബന്ധപ്പെട്ട സുബ്രഹ്മണ്യദാസ് 1981വരെ പാർട്ടിയുടെ വയനാട് ജില്ലാ സെക്രട്ടറിയായിരുന്നു. കേരളത്തിലെ ജനജീവിതത്തെക്കുറിച്ച് ഗാഢമായി ചിന്തിക്കുകയും ചെറിയ പഠനങ്ങൾ നടത്തുകയും ചെയ്തിരുന്ന ദാസ്, കേരള ജനതയുടെ ജീവിതങ്ങളിൽ നിന്നും അന്യമായ പാർട്ടിയുടെ, അമൂർത്ത സിദ്ധാന്തവൽക്കരണങ്ങളോട് വിയോജിച്ചു. പിന്നീട് സ്വതന്ത്രമായി തന്റെ അന്വേഷണങ്ങളും പഠനങ്ങളും തുടരുകയായിരുന്നു. ഉടനേതന്നെ ദാസിന്റെ രചനകളുടെ ഒരു സമാഹാരം പുറത്തിറക്കാനുള്ള ശ്രമത്തിലാണ് ദാസിന്റെ സഹപ്രവർത്തകർ. 'ഉത്തരം' മാസികയുടെ പത്രാധിപസമിതിയംഗമായിരുന്നു സുബ്രഹ്മണ്യദാസ്.

വിചാരണകൂടാതെ ജയിലിൽ 37 വർഷം

പാറ്റ്ന : കോടതി ശിക്ഷിക്കാതെ 37 വർഷം ജയിലിൽ കിടന്ന ബോകാ താക്കൂറിനെ ഉടനടി മോചിപ്പിക്കാൻ പാറ്റ്നാ ഹൈക്കോടതി ഉത്തരവിട്ടു. ബ്രിട്ടീഷുകാരുടെ കാലത്ത് അറസ്റ്റിലായ താക്കൂറിന്റെ കേസ് ഒരിക്കലെങ്കിലും കോടതി മുമ്പാകെ വരികയുണ്ടായില്ല. ഇക്കാലഘട്ടത്തിൽ ചിലപ്പോഴയാളെ മാനസിക രോഗാശുപത്രിയിലും ചികിത്സിക്കുകയുണ്ടായി.

താക്കൂർ തടവിൽക്കഴിഞ്ഞ മധുബനി ജയിലിന്റെ സൂപ്രണ്ടിനെതിരേ നടപടിയെടുക്കാനും കോടതി ഉത്തരവിട്ടു. താക്കൂറിന്റെ കൈയടയാളം എടുക്കാൻ അഭിഭാഷകരെ സൂപ്രണ്ട് സമ്മതിക്കുകയുണ്ടായില്ല.

മലയാള മനോരമ
ജൂലായ്–11

വായനക്കാരോട്,

റെഡ്ഗാർഡ്സ് മാസികക്ക് വരിസംഖ്യശ്രുപ അയച്ചുതന്നിരുന്നവർ ഈ ലക്കം കിട്ടിയ ഉടനേ അത് പുതുക്കണമെന്ന് അപേക്ഷിക്കുന്നു, ഏജൻറുകളിൽനിന്ന് മാസിക വാങ്ങുന്നവർ ഏജൻറുകളോട് റെഡ്ഗാർഡ്സിന്റെ സാമ്പത്തികാവസ്ഥയെ കുറിച്ച് സംസാരിക്കണമെന്നും അപേക്ഷിക്കുന്നു. കാരണം പല ഏജൻറുകളും താങ്ങാനാവാത്ത കടിശിഖ നിലനിർത്തുന്നുണ്ട്. പഴയലക്കങ്ങൾ ആവശ്യമുള്ളവർ ബന്ധപ്പെടുമല്ലോ!

സഹകരിക്കുക,
മാനേജർ
റെഡ്ഗാർഡ്സ്
14/8 ഫ്രാൻസിസ് റോഡ്
കോഴിക്കോട്–2

അഭിലാഷങ്ങളും ഇല്ലാതാക്കാൻ കഴിയില്ല എന്ന് ആരോ പറയുകയുണ്ടായി ഇതൊരു മഹത്തായ സത്യമാണെന്ന് ഞാൻ വിശ്വസിക്കുന്നു. ധാരാളം പേർ ജീവൻ വെടിഞ്ഞു കഴിഞ്ഞു, ഇനിയും ധാരാളം പേർ ജീവൻ വെടിയുന്നുമാണ്. പക്ഷേ, നമ്മുടെ വിമോചനം ഒരു ദിവസം വന്നെത്തുമെന്നും ജനങ്ങൾ ഒരു നാൾ അധികാരത്തിൽ വരുമെന്നും നമുക്കറിയാമല്ലോ.

''അതൊരു സമ്മാനമായി നൽകപ്പെടുകയില്ലെന്നതു് തീർച്ചയാണ്. മറ്റുരാജ്യങ്ങളിൽ സംഭവിച്ചതുപോലെ ഏറെ രക്തം വിലയായി കൊടുക്കേണ്ടിയും, വളരെയധികം സമരങ്ങൾ നടത്തേണ്ടിയും വരും. സോഷ്യലിസത്തിൽ ജീവിക്കുന്ന ജനങ്ങളുമായി ബന്ധമുണ്ടായിരിക്കേണ്ടതു് പ്രാധാന്യമുള്ള ഒരു കാര്യമാകുന്നത് അതു കൊണ്ടാണ്. സാമ്രാജ്യത്വനുകത്തിൽ നിന്ന് മോചിതരായ ജനങ്ങളുടെ വിജയങ്ങളെക്കുറിച്ച് അറിയേണ്ടതും ആവശ്യമാണ്. അവരുടെ അനുഭവങ്ങളെ അപ്പാടെ പകർത്തിയെഴുതാനല്ല, മറിച്ച് നമ്മുടെ യാഥാർത്ഥ്യവുമായി അതിനെ താരതമ്യപ്പെടുത്താനും അവരെ അധികാരത്തിലേററിയ അനുഭവങ്ങൾക്ക് നമ്മുടെ ആദർശലക്ഷ്യത്തെ മുന്നോട്ടുനീക്കാൻ എത്രത്തോളം സഹായിക്കാമെന്ന് കണ്ടെത്താനുമാണ് നാമിതു് ചെയ്യുന്നതു്. [പേജ് 42]

ചെഗുവരയുടെ വീക്ഷണങ്ങളുടേയും പ്രവർത്തനശൈലിയുടേയും തെററിനെ ശരിയായ രീതിയിൽ വിലയിരുത്താനും അവക്ക് കഴിയുന്നുണ്ട്. ചില

ശേഷം 33-ാം പേജിൽ

ബൊളീവിയൻ ഖനികളുടെ നാഡിസ്പന്ദനങ്ങൾ....

ജനകീയ പ്രസ്ഥാനങ്ങൾ ജനവിരുദ്ധ പ്രസ്ഥാനങ്ങൾ....

ഇതിനിടയിൽ കയ്യൂരും കരിവള്ളൂരും കാവുമ്പായിയുമൊക്കെ സംഭവിച്ചുകഴിഞ്ഞിരുന്നു.

1940നടുത്ത് ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയും അഖിലേന്ത്യാ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയും തമ്മിൽ രൂക്ഷമായ അഭിപ്രായ വ്യത്യാസങ്ങളുണ്ടായി. അതോടൊപ്പം തന്നെ കേരളത്തിലെ കോൺഗ്രസ്സിനുള്ളിൽ പിളപ്പ് നിവാര്യമാവുകയും ചെയ്തു. അങ്ങിനെ കേരളത്തിലെ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയുടെ മുഴുവൻ ഘടകങ്ങളും ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളാഘടകമായി പ്രവർത്തിക്കാൻ തീരുമാനിക്കുകയും ചെയ്തു. ഇന്ത്യയിലാകമാനം വികസിച്ചുകൊണ്ടിരുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയെ നിരോധിക്കാൻ ബ്രിട്ടീഷുസർക്കാർ തീരുമാനമെടുക്കുകയും ചെയ്തു. 1941ൽ സോവിയററ് യൂനിയൻ രണ്ടാംലോക മഹായുദ്ധത്തിൽ പങ്കുചേർന്നപ്പോൾ ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പാർട്ടി അതിന്റെ യുദ്ധവിരുദ്ധവും ബ്രിട്ടീഷ് വിരുദ്ധവുമായ പ്രക്ഷോഭണ പരിപാടികൾ പെട്ടെന്ന് പിൻവലിക്കുകയും യുദ്ധം ജനകീയമായിരിക്കുന്നുവെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. 1942ജൂലായിൽ ബ്രിട്ടീഷ് സർക്കാർ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് മേലുള്ള നിരോധനം നീക്കിയിരുന്നു. ഈ ചുവടുമാററം കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനത്തിലും പ്രത്യാഘാതങ്ങളുളവാക്കി. കേരളത്തിൽ മറെറാരു പാർട്ടി കൂടി ജന്മമെടുത്തു. കേരളാസോഷ്യലിസ്ററ് പാർട്ടി. അതിനകം ജനങ്ങൾക്കിടയിൽ വേരുറപ്പിച്ചിരുന്ന പാർട്ടിയുടെ സ്വാധീനം തകർക്കുന്നതിന്ന് പുതിയ കേരളാസോഷ്യലിസ്ററുകാർ നിരന്തരം പരിശ്രമിച്ചുകൊണ്ടിരുന്നു. കേരളീയ പൊതുജീവിതത്തിൽ കമ്മ്യൂണിസ്ററ്പാർട്ടി ചെറുതായി ഒററപ്പെട്ടാനിടയായിയെങ്കിലും സാധാരണക്കാരന്റെ നിത്യജീവിതവുമായി അടുത്ത് ബന്ധമുണ്ടായിരുന്നതിൽ ഈനയമാററം കാര്യമായി പാർട്ടിയെ ബാധിച്ചിരുന്നില്ല.

1942ൽ കോൺഗ്രസ്സിന്റെ 'ക്വിററ് ഇൻഡ്യ' പ്രമേയത്തെ തുടർന്ന് രാജ്യവ്യാപകമായി സംഭവിച്ച പ്രക്ഷോഭണങ്ങൾ മലബാറിലേക്കും, തിരുവിതാംകൂർ— കൊച്ചിയിലേക്കും പടന്നുപിടിച്ചു. ജനങ്ങൾ 'എല്ലാംമാനും എന്തും സഹിച്ചും' സമരത്തിലേക്ക് ഇറങ്ങി വന്നു. വെടിവെപ്പും അറസ്റ്റുമൊക്കെ വീണ്ടും പ്രത്യക്ഷപ്പെട്ടു. അതോടൊപ്പം തന്നെ ജനങ്ങളും തിരിച്ചടിക്കാൻ തുടങ്ങി. കമ്മ്യൂണിസ്റ്റ്കാരാവട്ടെ കേരളത്തിലന്നൊത്തേക്കാളും ഊർജ്ജസ്വലമായി ഉയർന്നു വന്ന സമരങ്ങളിൽ നിന്നും അഖിലേന്ത്യാനയത്തിനനുസൃതമായി ഒഴിഞ്ഞുനിന്നു. അത് യഥാർത്ഥദേശാഭിമാനികളിൽ കമ്മ്യൂണിസ്ററ്പാർട്ടിയുടെ ചിത്രത്തിന് മങ്ങലേല്പിക്കുകയുണ്ടായി.

1944ൽ 'അമേരിക്കൻ മാതൃക'യിൽ ഭരണഘടനാപരമായ ഒരു പരിഷ്ക്കരണം നടപ്പിൽ വരുത്തുമെന്ന് തിരുവിതാംകൂർ ദിവാൻ പ്രഖ്യാപിച്ചു. കോൺഗ്രസ്സ് ആദ്യമെതിർത്തെങ്കിലും പിന്നെ നിശബ്ദമായി. എന്നാൽ കമ്മ്യൂണിസ്റ്റ് പാർട്ടി അതിനെ എതിർക്കുകയും പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. ''ദിവാൻഭരണത്തിന്റെ അന്ത്യവും ഉത്തരവാദഭരണവു''മാണ് തങ്ങൾക്കാവശ്യമെന്ന് പ്രഖ്യാപിച്ചു. സെപ്തം : 24ന് രാഷ്ട്രീയ സ്വാതന്ത്ര്യവും തൊഴിലാളികളുടെ അടിയന്തിരാവശ്യങ്ങളും ലഭിക്കുന്നതിനുവേണ്ടി ഒരു അനിശ്ചിതകാല പണിമുടക്കിനാഹ്വാനം ചെയ്തു. 26-ാം തിയ്യതി പോലിസിന്റെ ഭീകരമർദ്ദനം നടന്നുകൊണ്ടിരിക്കുന്ന പുന്നപ്രയിലേക്ക് തൊഴിലാളികൾ മാർച്ച് ചെയ്തു.

പുന്നപ്രവെച്ച് പ്രകടനക്കാർ സായുധരാവുകയും പൊതുസ്ഥാപനങ്ങൾ കയ്യടക്കി ജനകീയഭരണം സ്ഥാപിക്കാൻ ശ്രമിക്കുകയും ചെയ്തു. കതിച്ചെത്തിയ പോലീസ് വെടിവെച്ചു. വളരെയേറെ കലാപകാരികൾ കൊല്ലപ്പെട്ടു. പക്ഷെ, അവർ കീഴടങ്ങാൻ തയ്യാറുണ്ടായിരുന്നില്ല. ദിവാൻ പട്ടാള നിയമം പ്രഖ്യാപിച്ച് പട്ടാളത്തെ ഇറക്കി പ്രക്ഷോഭത്തെ കിരാതമായി അടിച്ചമർത്താനാരംഭിച്ചു. തൊട്ടടുത്തുള്ള വയലാർ ദ്വീപ് കലാപകാരികൾ പിടിച്ചെടുത്ത് അവിടം ഒരു കോട്ടയെന്നോണം സജ്ജമാക്കി പോരാടാനായി ഒരുങ്ങിനിന്നു. 28ാംനു പട്ടാളം മൂന്ന് വശത്തുനിന്നും യന്ത്രത്തോക്കുകളുപയോഗിച്ച് തുടച്ചയായി വെടിവെക്കാൻ തുടങ്ങി. അനേകം പേർ വെടിയേററു മരിച്ചു. പിന്നീട് ദ്വീപിനെ കീഴടക്കിയപ്പോഴും പട്ടാളം വെടിവെപ്പ് തുടന്നു. അതോടൊപ്പം കമ്മ്യൂണിസ്ററുകാരുടെ നേതൃത്വത്തിൽ തിരുവിതാംകൂറിലെ മററു രണ്ടു ഗ്രാമങ്ങളിൽ പൊട്ടിപ്പുറപ്പെട്ട സായുധപ്രക്ഷോഭത്തെയും പട്ടാളം മൃഗീയമായി അടിച്ചമർത്തി. ഒക്ടോബർ 23–24 തിയ്യതികളിൽ തിരുവിതാംകൂറിലെ രണ്ടു താലൂക്കുകളിൽ അതിക്രമിച്ചുചെന്നു സർക്കാറിന്റെ സായുധവിഭാഗങ്ങൾ ഇടതടവില്ലാതെ വെടിവെച്ചതിന്റെ ഫലമായി ആയിരക്കണക്കിനാളുകൾ കൊല്ലപ്പെടുകയോ പരുക്കേല്പിക്കപ്പെടുകയോ ചെയ്തു. പുന്നപ്ര-വയലാർ സംഭവം പര്യവസാനിച്ചതു് ഇങ്ങനെയാണ്. തിരുവിതാംകൂറിനെ ആക്രമണം ഇളക്കിമറിച്ച ഈ സംഭവങ്ങൾ നടന്ന ആവേശോജ്ജ്വലമായ കാലഘട്ടത്തിൽ തന്നെ മലബാറിലും ധാരാളം കാർഷിക കലാപങ്ങൾ പൊട്ടിപ്പുറപ്പെടുകയുണ്ടായി. ഇവയും മൃഗീയമായി അടിച്ചമർത്തപ്പെട്ടു.

(തുടരും)

സ്വാതന്ത്ര്യം

അച്ചടിക്കാൻ നിരോധിക്കാൻ ചുട്ടെരിക്കാനും

''കമ്മ്യൂണിസ്റ്റ് പൌരസ്ത്യ''ത്തേക്കാൾ ''പാശ്ചാത്യലോകം'' കൂടുതൽ സ്വതന്ത്രമാണെന്ന ധാരണയുണ്ടല്ലോ. പാശ്ചാത്യ മുതലാളിത്ത രാജ്യങ്ങളിൽ ഇപ്പോൾ വളരെയധികം ഇഷ്ടപ്പെടുന്നതും കൊടികുത്തി വാഴുന്നതുമായ ഒരു മുദ്രാവാക്യമത്രെ 'ജനാധിപത്യം.' പ്രപഞ്ചം സൃഷ്ടിക്കപ്പെടുന്നതിനോടൊപ്പം രൂപപ്പെട്ട ഒരു മുദ്രാവാക്യമാണിത് എന്നാണ് ഭാവം. പടിഞ്ഞാറൻ പ്രത്യയശാസ്ത്രവിദഗ്ധരുടെ ഇടയിൽ (അതു് കിഴക്കനോ, തെക്കനോ, വടക്കനോ ആവാം) ഇന്നും അത് നിലനിൽക്കുന്നു. ആ ജർമ്മൻ തത്വചിന്തകന്റെ (മാർക്സ്) കാലംതൊട്ട് ലോകത്തെ വേട്ടയാടിക്കൊണ്ടിരിക്കുന്ന ദുർഭൂതത്തെ ആട്ടിയകററാൻ ഈ പ്രത്യയശാസ്ത്രക്കാർ ഇടക്കിടെ അതിനെ പൊടിതട്ടി പുറത്തെടുക്കുന്നു. മുതലാളിത്തവും അതിന്റെ കൂട്ടാളിയായ സാമ്രാജ്യത്വവും സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന സാമൂഹ്യവും ബുദ്ധിപരവുമായ അധഃപതനത്തിന്റെ പൊതു അന്തരീക്ഷത്തിൽ ഭാഷതന്നെയും അന്യവൽക്കരണത്തിന്റെ വേദനാജനകമായ പ്രക്രിയക്ക് വിധേയമാക്കപ്പെട്ടിരിക്കുന്നു. വാക്കുകൾ അവയുടെ യഥാർത്ഥ അർത്ഥവ്യാപ്തിയിൽ നിന്നു് അന്യവല്ക്കരിക്കപ്പെട്ടിരിക്കുന്നു. ഇത് പക്ഷെ, അനിവാര്യമായിരുന്നു. ഭാഷ ഒരു സാമൂഹ്യ ഘടകമാണ്. മൂലധനത്തിന്റെയും അടിച്ചമർത്തലിന്റെ വ്യത്യസ്ത സമ്പ്രദായങ്ങളുടേയും ബലപ്രയോഗത്തിലൂടെ മാനുഷികമായ ലക്ഷ്യങ്ങളിൽനിന്ന് ഒരു മുഴുവൻ സമൂഹവും അന്യവല്ക്കരിക്കപ്പെട്ടിരിക്കേ, ഭാഷയും രൂപവും ഉള്ളടക്കവും തമ്മിലുള്ള അഗാധമായ വിടവിന്നിരയാവേണ്ടി വരുന്നു. തങ്ങളുടെ ജീവിതംകൊണ്ട് എന്തു് ചെയ്യണമെന്നറിയാതെ ആളുകൾ ജീവിക്കുന്നു; തങ്ങളെന്തിനുവേണ്ടി നിലനിൽക്കുന്നു (ഒരു കളർ ടി. വി ക്ക് വേണ്ടി, ഒരു പുതിയ കാറിനുവേണ്ടി, ബഹാമാസിൽ ആഘോഷിക്കാനുള്ള ഒരു ഒഴിവുകാലത്തിന്നു് വേണ്ടി, അതോ അതിവേഗം വരാനിരിക്കുന്ന ഒരു അണുനശീകരണ യുദ്ധത്തിന്നുവേണ്ടിയോ?) എന്നറിയാതെ ആളുകളമ്പരക്കുന്നു; പള്ളികളിൽ ''നീ നിന്റെ അയൽക്കാരനെ സ്നേഹിക്കുക''യെന്ന ദൈവവാക്യം ഉരുവിട്ടു കൊണ്ടിരിക്കുമ്പോൾ തന്നെ ഒരു ബലാൽസംഗക്കാരൻ കറങ്ങിനടക്കുന്നുണ്ടെന്ന വാർത്തകേട്ട് ആളുകൾ സ്വന്തം അയൽക്കാരനെ സംശയിക്കുന്നു; നഗ്നമായ വർണ്ണവിവേചനപരവും രാഷ്ട്രീയവുമായ പ്രചരണങ്ങൾ വസ്തുതാവിവരണമായി വളച്ചൊടിക്കുന്ന പുസ്തകങ്ങൾ വിദ്യാലയങ്ങളിൻ പഠിക്കേണ്ടിവരുന്ന കുട്ടികളുള്ള; സംസ്കാരമുള്ള മാതാപിതാക്കളെ ''ഇന്നു് നിങ്ങൾ സ്വന്തം കുഞ്ഞിനെ ആലിംഗനം ചെയ്തോ?'' എന്നു് ഓർമ്മിപ്പിക്കുന്നു; കാമസ്നേഹപ്രകടനകളെ ടെലിവിഷനിലൂടെപ്രദർശിപ്പിക്കുന്നസാമൂഹ്യസംഘടനകൾ നിലനിന്നുപോരുന്നു; ജനാധിപത്യത്തിന്റെ പേരിൽ വർണ്ണവിവേചനവാദികളും ഫാസിസ്റ്റുകളുമായ കുക്ലുക്സ്ഖാൻ,

അധീർ ഗുപ്തോ

പുതിയ നാസികൾ തുടങ്ങിയ സംഘടനകളെ തങ്ങളുടെ മനുഷ്യത്വരഹിതമായ സാമൂഹ്യ–രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങൾ പ്രചരിപ്പിക്കാൻ യഥേഷ്ടം അനുവദിക്കപ്പെടുകയും അതേ സമയം സർക്കാർ സേവനത്തിൽ നിന്ന് മാർക്സിസ്റ്റുകൾ ഒഴിവാക്കപ്പെടുകയും ചെയ്യുന്ന ഒരുരാജ്യത്ത്, ചുരുക്കത്തിൽ മനുഷ്യന്റെ അധഃപതനത്തിന്റെ നെല്ലിപ്പടിയോളം ജീവിതം വലിച്ചിഴക്കപ്പെടാവുന്ന ഒരു രാജ്യത്ത്, മനുഷ്യന്റെഭാഷയ്ക്ക് ഈ അധഃപതനം സഹിക്കേണ്ടിവരികതന്നെ ചെയ്യും. ചിന്തയും സംസാരവും തമ്മിലും ഉള്ളടക്കവും രൂപവും തമ്മിലുമുള്ളവിടവിലൂടെയാണ് മനുഷ്യമനസ്സിലെ വിഭജനം പ്രകടമാകുന്നത്.

''സ്വാതന്ത്ര്യം,'' ''ജനാധിപത്യം'' എന്നീ 'പാശ്ചാത്യ' ആകർഷക മുദ്രാവാക്യങ്ങളിലടങ്ങിയ കാപട്യത്തിന്റെ എത്രയെത്ര ഉദാഹരണങ്ങൾ വേണമെങ്കിലും ഇന്നത്തെ പാശ്ചാത്യ സംസ്കാരത്തിന്റെ ശക്തിദുർഗ്ഗമായ അമേരിക്കയിൽ നിന്ന് എടുത്തുകാട്ടാൻ കഴിയും. പുസ്തകങ്ങളുടെ നിരോധനമാണ് ഒരു ഉദാഹരണം. ഫാസിസ്റ്റ് ഭരണകൂടങ്ങളുള്ള പ്രദേശങ്ങളിലും സോവ്യററ് മേധാവിത്വത്തിൽ ബുദ്ധിപരമായി അടിച്ചമർത്തപ്പെടുന്ന രാജ്യങ്ങളിലും സർവ്വസാധാരമായിത്തീർന്നിട്ടുള്ള ഒരു മർദ്ദനരൂപമാണ് പുസ്തകനിരോധനം. ഹിററ്ലർക്കും അയാളുടെ ചൊൽപ്പടിയിലുള്ളയാളുകൾക്കും ചില ഗ്രന്ഥകാരന്മാരോടുണ്ടായിരുന്ന മനോഭാവവും വളരെശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. കാറൽമാർക്സ്, ബെർറേറാൾഡ് ബ്രെഹ്ററ്, തോമസ്മാൻ, എച്ച്. ജി. വെൽസ്, ജാക്ക് ലണ്ടൻ തുടങ്ങിയ മഹാന്മാരുടെ കൃതികളുടെ എണ്ണമററ വാല്യങ്ങൾക്ക് ഹിററ്ലറുടെ പിണിയാളുകൾ തീക്കൊളുത്തിയപ്പോൾ 1930കളിലെ ജർമ്മനിയിൽനിന്ന് പുറത്തുവന്ന കരിഞ്ഞ പുസ്തകങ്ങളുടെ ദുർഗ്ഗന്ധം മാനവസമുദായത്തിന് ഒരിക്കലും വിസ്മരിക്കാനാവില്ല. പുസ്തകങ്ങൾ അപകടകാരികളായേക്കാം–അടിച്ചമർത്തുന്ന ഭരണാധികാരികൾക്കും ഭരിക്കപ്പെടുന്നവർക്കും. നമുക്ക് ഹിററ്ലറെ മറക്കാൻകഴിയില്ല, മറക്കാൻ പാടുള്ളതല്ല. മാർക്സ്, ലെനിൻ മാവോ തുടങ്ങിയവരുടെ പുസ്തകങ്ങൾ തങ്ങളുടെകൈവശമുണ്ടായിരുന്നതിനാൽ മറെറാരു ''ജനാധിപത്യ''സർക്കാറിന്റെ ഗുണ്ടകളാൽ പീഡിപ്പിക്കപ്പെട്ട കല്കത്തയിലും പരിസരത്തുമുള്ള ചെറുപ്പക്കാരേയും നമുക്ക് മറക്കാൻ കഴിയുമോ, അഥവാ മറക്കാൻ പാടുണ്ടോ? അവിടത്തെ സർക്കാറിന് ചില പ്രത്യേകപുസ്തകങ്ങളോടുള്ള 'ജനാധിപത്യ'പരമായവീക്ഷണവും അതുപോലെത്തന്നെ നമുക്ക് മറക്കാൻ കഴിയുമോ ?

ചെറിയൊരു തടസ്സം പോലുമില്ലാതെ ഏതു് പുസ്തകവും പ്രസിദ്ധീകരിക്കാൻ കഴിയുന്ന ലോകത്തിലെ ഒരേയൊരു രാജ്യമാണ് അമേരിക്ക എന്നൊരു പൊതുധാരണയുണ്ടു്. അത് വാ

വാക്കുകൾ അവയുടെ യഥാർത്ഥ അർത്ഥവ്യാപ്തിയിൽ നിന്ന് അന്യവൽക്കരിക്കപ്പെട്ടിരിക്കുന്നു. ഇത് പക്ഷെ, അനിവാര്യമായിരുന്നു. ഭാഷ ഒരു സാമൂഹ്യഘടകമാണ്, മൂലധനത്തിന്റെയും അടിച്ചമർത്തലിന്റെ വ്യത്യസ്തസമ്പ്രദായങ്ങളുടെയും ബലപ്രയോഗത്തിലൂടെ മാനുഷികമായ ലക്ഷ്യങ്ങളിൽ നിന്ന് ഒരു മുഴുവൻ സമൂഹവും അന്യവല്ക്കരിക്കപ്പെട്ടിരിക്കേ, ഭാഷയും രൂപവും ഉള്ളടക്കവും തമ്മിലുള്ള അഗാധമായ വിടവിനിരയാവേണ്ടി വരുന്നു.

സ്സവമാണ്. അമേരിക്കയിൽ ഏതൊരു പുസ്തകവും അച്ചടിക്കാനും പ്രസിദ്ധീകരിക്കാനും കഴിയും. പക്ഷേ, ഏതൊരു പുസ്തകവും വിതരണം ചെയ്യാനും വിപുലമായ സാമാന്യ ജനങ്ങൾക്ക് വായിക്കാനും കഴിയുമോ എന്ന ചോദ്യത്തിന് തികച്ചും മറ്റൊരു ഉത്തരമാണ് ലഭിക്കുക. ഇപ്പോൾ തന്നെ പൊതു വായനശാലകളിലും സ്കൂൾ ലൈബ്രറിയിലും കിട്ടുന്ന പുസ്തകങ്ങളുടെ ഉള്ളടക്കത്തെ സംബന്ധിച്ചിടത്തോളം പ്രാദേശികവും, സർക്കാർഭാഗത്തുള്ളതും ദേശീയവുമായ സംഘടനകൾ സജീവ പോരാട്ടങ്ങളിൽ ഏർപ്പെട്ടിരിക്കുകയാണ്. പൊതുവായനശാലകളുടെ മേൽ സെൻസർ ചെയ്യാനുള്ള സമ്മർദ്ദങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കയാണെന്ന് അമേരിക്കൻ വായനശാലാ അസോസിയേഷൻ റിപ്പോർട്ട് ചെയ്യുന്നു. ധാരാളം സ്കൂൾ ലൈബ്രറികൾക്ക് പറയാനുള്ള കഥയും ഇതു തന്നെ.

കഴിഞ്ഞ കൊല്ലം ''ടൈം'' മാസികയിൽ പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിൽ ഫ്രാൻക് ട്രിപ്പെററ് അഭിപ്രായപ്പെട്ടു:'' വിശാലമായ അഭിരുചിയുള്ള ഏതൊരാൾക്കും നല്ല ഒന്നാന്തരമൊരു ലൈബ്രറിയിൽ ഉണ്ടായിരിക്കേണ്ടതു് എന്ന് തോന്നുന്നതാണ് ഏററവുമധികം ആക്രമിക്കപ്പെടുന്ന പുസ്തകങ്ങൾ. അവയിൽചിലതു : 'കാച്ചർ ഇൻ ദി റൈ', 'ബ്രേവ് ന്യൂ വേൾഡ്'', 'ഗ്രേപ്സ് ഓഫ് റാത്ത്'', 'ഓഫ് മൈസ് ആൻറ് മെൻ', 'കേച്ച്-22' 'സോൾ ഓൺ ഐസ്'', 'ടു കിൽ എമോക്കിങ്ങ് ബേഡ്'.' ഇത്രവൈവിധ്യമുള്ള പുസ്തകങ്ങൾ നിരോധിക്കാനുള്ള തീരുമാനത്തിനു പിന്നിൽ ഒളിഞ്ഞുകിടക്കുന്ന യുക്തിയെന്തെന്ന് മനസ്സിലാക്കാൻ പ്രയാസമുണ്ട്. അയോവയിലെ ഒരു സ്കൂൾ ബോർഡ് 'ഗ്രേപ്സ് ഓഫ് റാത്ത്'' എന്ന പുസ്തകം നിരോധിച്ചത് അതിലെ ചില ഭാഗങ്ങളിൽ വേശ്യകളെക്കുറിച്ചുള്ളതായിരുന്നുവെന്ന കാരണം കൊണ്ടാണ്. അമേരിക്കൻ സമൂഹത്തിലെ നഗ്നമായ വേശ്യാവൃത്തിയോട്തികഞ്ഞ നിർജ്ജീവതപുലർത്തുന്ന മാന്യവനിതകളും മാന്യപുരുഷന്മാരും ഇത്ര മഹത്തായ സാഹിത്യമൂല്യ മടങ്ങിയ ഒരു സൃഷ്ടിയിൽ യാഥാർത്ഥ്യ ബോധത്തോടെ അതു് പ്രതിഫലിക്കപ്പെട്ടപ്പോൾ അംഗീകരിക്കാൻ തയ്യാറായില്ലെന്നതു് വിചിത്രമായിരിക്കുന്നു. മററൊരിടത്ത് ജൂതവിരുദ്ധഉള്ളടക്കമാണെന്ന ആരോപണം ചുമ

ബൊളീവിയൻ ഖനികളുടെ നാഡിസ്പന്ദനങ്ങൾ

സന്ദർഭങ്ങളിൽ ഡൊമിററില മാനസികമായിതളർന്നുപോയിരുന്നു. ലക്ഷ്യത്തിനുവേണ്ടിയുള്ള പോരാട്ടം കയ്യൊഴിക്കണമെന്ന് അവക്ക് തോന്നി. ആ അവസരങ്ങളിൽ സ്വന്തം അച്ഛൻ അവരുടെ ആവേശം വീണ്ടെടുക്കാൻ സഹായിച്ചു. സ്വന്തം ഭർത്താവുപോലും വിശ്വാസം നഷ്ടപ്പെട്ട് പ്രവർത്തനം നിർത്തിവെക്കാൻ ചിലപ്പോൾ നിർബന്ധിക്കാറുണ്ടായിരുന്നു. പക്ഷേ, ബോധ്യപ്പെടുത്തുന്നവിധത്തിൽ പ്രശ്നം കൈകാര്യം ചെയ്തുകൊണ്ട് സമരത്തിൻെറ ഏതു ഘട്ടത്തിലും തന്നോടൊപ്പം നിൽക്കാൻ അവർ ഭർത്താവിനെ സഹായിച്ചു. യഥാർത്ഥ മാനുഷിക വികാരങ്ങളോടെ തൻെറ ജീവിതത്തിലെ ഈ പരീക്ഷണഘട്ടങ്ങൾ അവർ വിവരിക്കുന്നു. ഇന്നും നീതിയുടെ തീപ്പന്തം അവർ ഉയർത്തിപ്പിടിക്കുന്നു.

തൻെറ പുസ്തകത്തിൽ ബൊളീവിയയുടെ ജനസംഖ്യയിലെ ഭൂരിപക്ഷംവരുന്ന കർഷകരേയും പട്ടണ ചേരിപ്രദേശങ്ങളിൽ താമസിക്കുന്നവരേയും കുറിച്ച് തീരെയൊന്നും പറയുന്നില്ലെന്ന ക്ഷീണം അവർ തന്നെ ചൂണ്ടിക്കാട്ടുന്നു. അവരോടൊപ്പം ജീവിക്കാനുള്ള സാഹചര്യം തനിക്കിതുവരെ ഉണ്ടായിട്ടില്ലാത്തതിനാൽ അവർ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചുള്ള തൻെറ അജ്ഞത അവർ സ്വയം സമ്മതിക്കുന്നു.

വനിതാ വിമോചനത്തെക്കുറിച്ചും വ്യക്തമായ അഭിപ്രായമാണവർക്കുള്ളതു്. അവർ പറയുന്നു: '' പുരുഷന്മാരോടൊപ്പം നിന്നുകൊണ്ട് നമ്മുടെ ജനങ്ങളുടെ വിമോചനത്തിനായി പോരാടുന്നതാണ് ഇപ്പോൾ കൂടുതൽ പ്രാധാന്യമേറിയ പ്രശ്നമെന്ന് ഞാൻ കരുതുന്നു. ഇതിന്നർത്ഥം ഞാൻ പുരുഷമേധാവിത്വത്തെ അംഗീകരിക്കുന്നുവെന്നല്ല. തീർച്ചയായും ഇല്ല. പക്ഷേ, പുരുഷമേധാവിത്വം, വനിതാവിമോചനത്തെക്കുറിച്ചുള്ള ഏകപക്ഷീയമായ സംസാരത്തെപ്പോലെത്തന്നെ സാമ്രാജ്യത്വത്തിൻെറകയ്യിലെ ഒരായുധമാണ്. അതിനാൽ പുരുഷനും സ്ത്രീയും തമ്മിലുള്ള പോരാട്ടമല്ല, ഇന്നത്തെസാഹചര്യത്തിൽ അടിസ്ഥാനപരമായതു്. ഒരുവർഗ്ഗനിലപാട് സ്വീകരിച്ചുകൊണ്ടുള്ള കുടുംബത്തിൻെറ മുഴുവനും പോരാട്ടമാണ്. ഇപ്പോൾ മൗലികമായതു് ഇതാണ് എന്ന് ഞാൻ കരുതുന്നു. '' [പേജ' 234]

ഈ 'കൃതിഅവസാനിപ്പിക്കുന്നതു് ഇങ്ങനെയാണ് ''ഈ സാക്ഷ്യപത്രം തൊഴിലാളിവർഗത്തിലേക്കു തന്നെ മടങ്ങുകയാണ്. അങ്ങിനെ തൊഴിലാളികൾക്കും കർഷകക്കും വീട്ടമ്മമാക്കും ഞങ്ങളോടൊപ്പം ചേരാൻ ആഗ്രഹിക്കുന്ന എല്ലാവക്കും അനുഭവങ്ങളിൽ നിന്ന് പഠിക്കാവുന്നതാണ്, കഴിഞ്ഞ കാലത്തു് ഞങ്ങൾ ചെയ്തതെററുകൾ വിശകലനം ചെയ്യാനും അവയിൽനിന്ന് പഠിക്കാനും കഴിയുന്നതാണ്. അവയെ തിരുത്തിക്കൊണ്ട് ഭാവിയിൽ കൂടുതൽ നന്നായി കാര്യങ്ങൾ ചെയ്യാം. നമ്മുടെ യാഥാർത്ഥ്യത്തെ നന്നായി കാണാനും സമരങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനുമുള്ള ഉപകരണങ്ങൾ സൃഷ്ടിക്കാനും ബൊളീവിയയെ സാമ്രാജ്യത്വത്തിൽ നിന്ന്തീർത്തും സ്വതന്ത്രമാക്കാനുംസോഷ്യലിസം സ്ഥാപിക്കാനും ഈ അനുഭവങ്ങൾ നമ്മെ ഇനിയും നന്നായി മാർഗദർശനം ചെയ്കയും നിയന്ത്രിക്കുകയും ചെയ്യട്ടെ. ഈ കൃതിയുടെ മുഖ്യ ഉദ്ദേശം ഇതാണെന്ന് ഞാൻ കരുതുന്നു.''

[പേജ് 235 [

○

യുദ്ധം ! യുദ്ധം ! !

ക്കേണ്ടതും ആവശ്യമാണ്. ജനങ്ങൾ യുദ്ധത്തെ ശക്തിയായെതിർക്കുകയും സജീവമായി അതിന്നെതിരെ പ്രചരണം നടത്തുകയും ചെയ്താൽ മാത്രമേ ഒരു യുദ്ധമൊഴിവാക്കാനുള്ള ഒരേയൊരു ഉപാധി ഒരുക്കപ്പെടുന്നുള്ളു. വൻ ശക്തികൾ സ്വന്തം രാജ്യത്തിൻെറ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടുന്നതിനെയും അവർ ശക്തിയായെതിർക്കേണ്ടതുണ്ട്. ഇന്ത്യയിൽ പൌര സ്വാതന്ത്ര്യത്തിനും ജനാധിപത്യാവകാശങ്ങൾക്കും വേണ്ടി നിലക്കൊള്ളുന്ന സംഘടനകൾ ഒരുയുദ്ധത്തിൻെറ ഭീകരമായ കെടുതികൾ തുറന്നു കാട്ടാൻ ബാദ്ധ്യസ്ഥരാണ്. ജനങ്ങളുടെ ജീവിതത്തെ അതെങ്ങിനെ തകിടം മറിയ്ക്കുമെന്നും മുകളിൽ പറഞ്ഞ അവകാശങ്ങൾ എങ്ങിനെ നഷ്ടപ്പെടുന്നുവെന്നും അവരെ നാം ധരിപ്പിക്കേണ്ടതുണ്ട്. സ്വാതന്ത്ര്യത്തെ സ്നേഹിക്കുന്ന ജനങ്ങൾ യുദ്ധം തടയാനും സ്വാതന്ത്ര്യം കാത്തു രക്ഷിക്കാനും ഉണർന്നെഴുന്നേററു പോരാടുക തന്നെ വേണം.

(സി. പി. ഡി. ആർ(ജനാധിപത്യ സംരക്ഷണ സമിതി) തയ്യാറാക്കിയ റിപ്പോർട്ടിനെആധാരമാക്കിഎഴുതിയത്.)

ത്തി ഷേക്സ്പിയറുടെ ' മെർച്ചൻറ് ഓഫ് വെനിസ് ' എന്നകൃതി ഒരു സ്കൂൾ ലൈബ്രറിയിൽ നിന്ന് പുറത്തെറിയപ്പെട്ടു. ചിക്കാഗോയിലെ തെരുവുകളിലൂടെ പ്രകടനം നടത്താൻ നാസികൾ അനുവദിക്കപ്പെടുകയും, പരസ്യമായിത്തന്നെ ഈ പ്രദേശത്ത്നിന്ന് പശ്ചിമജർമ്മനിയിലേക്ക് ജൂതവിരുദ്ധവികാരങ്ങളടങ്ങിയ പുസ്തകങ്ങളും ലഘുലേഖകളും കയററിയയക്കപ്പെടുകയും ചെയ്യുന്ന ഒരു സാഹചര്യത്തിൽ ഈ നിരോധനത്തിന്റെ അർത്ഥം മനസ്സിലാക്കാൻ പ്രയാസമാകുന്നു. രാഷ്ട്രീയത്തിന്റേയും സാമൂഹ്യ അഭിപ്രായപ്രകടനത്തിന്റേയും രംഗത്തു് ജനാധിപത്യവീക്ഷണം നടപ്പിലാക്കുന്ന ഒരു പ്രവൃത്തിയാണിതെന്ന് വാദിക്കാൻ കഴിയും. എങ്കിൽപിന്നെ സാഹിത്യപരമായ അഭിപ്രായപ്രകടന രംഗത്ത് ജനാധിപത്യപരമായ സഹിഷ്ണുത എന്തുകൊണ്ടുണ്ടാവുന്നില്ല? തീർച്ചയായും ഈ ചോദ്യത്തിന് മറുപടി പ്രതീക്ഷിച്ചിട്ടു് കാര്യമില്ല.

അമേരിക്കയിലെ പുസ്തകനിരോധനത്തിന് തമാശക്കിടം നല്കുന്ന ഒരു വശം കൂടിയുണ്ട്. 'മേക്കിങ്ങ് ഇററ് വിത്ത് മാഡമോസിൽ' എന്ന ഒരു പുസ്തകം ഒരു സ്ക്കൂൾ ബോർഡ് നിരോധിക്കുകയുണ്ടായി. അതിന്റെ പേരുതന്നെ അത്ഥവത്താണല്ലൊ. പക്ഷെ, ആ പുസ്തകം നമ്മൾ വെറുതെ നോക്കി സമ്മിശ്രവികാരങ്ങളോടെ മടക്കി വെക്കുക യാണെങ്കിൽ തീർച്ചയായും തെററിദ്ധാരണകൾ ഉടലെടുക്കും. ഈ പുസ്തകം കൈകാര്യം ചെയ്യുന്ന വിഷയം അശ്ലീല മല്ലാത്ത വസ്ത്രധാരണകലയാണ്. ഇതൊക്കെകൊണ്ടാണ് ലൈംഗികവിഷയങ്ങളാണ് പുസ്തകനിരോധനത്തിൽവലിയ പങ്കുവഹിക്കുന്നതെന്ന് നമുക്ക് തോന്നും. പുസ്തകങ്ങളുടെ ഉള്ളടക്കത്തെ പൂർണ്ണമായും മറികടന്ന് ചിലപ്പോൾ ഈ നിരോധനം സാഹിത്യസ്രഷ്ടാക്കളുടെ ജീവിതങ്ങൾക്കുമേൽ അതിന്റെ വെറുപ്പാന്ന ദൃഷ്ടികൾ തിരിച്ചുവിടുന്നു. എമിലിഡിക്കൻസൺ, വിർജീനിയാ വുൾഫ്, ടെന്നസ്സെവില്യംസ്, വാൾട്ട് വിററ്മാൻ, ജോൺ മിൽട്ടൺ എന്നീ ഗ്രന്ഥകാരൻമാർ ഇതിൽ പെടുന്നു. ഈ സാഹിത്യകാരന്മാർ സ്വവർഗ്ഗഭോഗികളായിരുന്നതിനാൽ പുണ്യപുരുഷന്മാരെന്ന ഭാവം നടിച്ച് ഒരു ഗ്രൂപ്പ് '' നമ്മുടെ കുട്ടികളെ രക്ഷപ്പെടുത്തുക '' എന്ന് സ്വയം വിളച്ചുപറഞ്ഞു ഈ 'കുപ്രസിദ്ധരായ' ആളുകൾ എഴുതിയ എല്ലാപുസ്തകങ്ങളും വായനശാലകളിൽനിന്ന് പുറന്തള്ളണമെന്നും നിർദ്ദേശിക്കുന്നു.

അമേരിക്കയിൽ ഇപ്പോൾ അലയടിച്ചുകൊണ്ടിരിക്കുന്ന പുത്തൻ സങ്കുചിതവാദത്തിന്റെ പശ്ചാത്തലത്തിൽ സദാചാരപരമായ ഇത്തരം ജാഗ്രതകൾക്ക് ശക്തികൂടിയിരിക്കുന്നു. പിന്തിരിപ്പൻ രാഷ്ട്രീയത്തിലും സാമൂഹ്യവീക്ഷണത്തിലും അതു് ശക്തിപ്രകടനം നടത്തുന്നു. അമേരിക്കയിലെ പിന്തിരിപ്പൻ സാമൂഹ്യദർശനം റീഗൻഭരണകൂടത്തിലെ ശിങ്കിടികൾക്കിടയിൽ മാത്രമല്ല, ' സദാചാരഭൂരിപക്ഷ' മെന്ന് സ്വയം വിളിക്കുന്ന ഒരു അർദ്ധരാഷ്ട്രീയ ഗ്രൂപ്പിലും അതിന്റെ കരുത്തുററ വക്താക്കളെ സൃഷ്ടിച്ചിരിക്കുന്നു. ഇല്ലിനോയിസിലെ ഈ ഗ്രൂപ്പിന്റെ ചെയർമാൻ പറയുന്നു: തങ്ങൾ വിശ്വസിക്കുന്നതിൽ നിന്ന് ദാർശനികമായി അന്യമായ പുസ്തകങ്ങളോട് സദാചാരബോധമുള്ള ആളുകൾ പ്രതിഷേധിക്കുമെന്ന് ഞാൻ കരുതുന്നു. അവരുടെ കയ്യിൽ പുസ്തകങ്ങളുണ്ടെങ്കിൽ, അവക്ക് അവയെ ചുട്ടെരിക്കണമെന്ന് തോന്നുന്നെങ്കിൽ ഉൽകൃഷ്ടം തന്നെ. '' (19- 1-81 ലെ 'ടൈം' ൽ നിന്ന് ഉദ്ധരിച്ചതു്.) 'ദാർശനികമായി അന്യമായ' എന്ന വാക്കിനെ പല തരത്തിലും വ്യാഖ്യാനിക്കാൻ കഴിയും. അതു് വ്യാപകമായ അർത്ഥമുള്ള ഒരു വാക്കാണ്. ആ വാക്കുപയോഗിച്ചതിന്റെ ഉദ്ദേശവും മററൊന്നല്ല. ഇപ്പോൾ മാർക്ടൈ്വയിന്റെ ' ഹക്കിൾ ബറി ഫിൻ ' എന്ന കൃതിയുടെ ഉള്ളടക്കം അമേരിക്കയിലെ സമത്വത്തിന്റേതായ തത്വങ്ങളിൽനിന്ന് ദാർശനികമായി അന്യമാണെന്ന ആരോപണം ചുമത്തി ആക്രമിക്കപ്പെടുന്നു. അതു് ഒരു വെറും കെട്ടു കഥയാണ്. ഈ പുസ്തകം വർണ്ണവിവേചനത്തിന്റെ ആശയമാണ് പ്രചരിപ്പിക്കുന്നതെന്ന് മുഴുഭ്രാന്തനായ ഒരാൾ പോലും പറയുകയില്ല. ആ പുസ്തകം വർണ്ണ വിവേചനത്തെ ചിത്രീകരിക്കുന്നു. ഇന്ന് ഈ നിമിഷം വരേക്കും അമേരിക്കയിൽ ഉയർന്ന തോതിലുള്ള വർണ്ണവൈരാഗ്യം നില നിൽക്കുന്നുണ്ടെന്ന് കണ്ടുമനസ്സിലാക്കാൻ നമുക്ക് തത്വജ്ഞാനികളൊന്നുമാവേണ്ടതില്ല. മാർക്ടൈ്വയിനിന്റെ കാലത്തു് അമേരിക്കയിൽ നടമാടിയ വർണ്ണവിവേചനത്തിന്റെ വ്യാപ്തിയെത്രയുണ്ടെന്ന്മനസ്സിലാക്കാൻ ഗണിതശാസ്ത്രം അറിഞ്ഞിരിക്കണമൊന്നുമില്ല.

'' സദാചാര ബോധമുള്ളയാളുകൾക്ക് '' '' ദാർശനികമായി അന്യമായ'' പുസ്തകങ്ങൾ ചുട്ടെരിക്കുന്നതു് ''ഉൽകൃഷ്ട '' മാണെന്ന് വാഴ്ത്തപ്പെടുന്ന സദാചാരപരമായ, എന്നുവെച്ചാൽ രാഷ്ട്രീയമായ ഒരു നിലപാടിൽനിന്ന് യുക്തിസഹജമായ എന്തെങ്കിലും പ്രതീക്ഷിക്കുന്നതു് വ്യർത്ഥമാണ്. കൊടുമുടിയിലെത്തിയ ഈ അസഹിഷ്ണുത കുറച്ചുവർഷങ്ങൾക്കു മുമ്പ് വടക്കൻ ഡെക്കോട്ടയിലെ ഒരു സ്കൂൾ ബോഡ്ഡ് ഏറെറടുക്കുകയുണ്ടായി. മൂന്ന് പുസ്തകങ്ങൾ കണ്ടുകെട്ടാനും ചുട്ടെരിക്കാനും ബോർഡിലെ അംഗങ്ങൾ കല്പിച്ചു. അവയിൽ ജോസഫ് കോൺറാഡ്, ജോൺസ്റൈറൻബക്, വില്ല്യം ഫാക്നർ എന്നിവരുടെ ഒരു ചെറുകഥാസമാഹാരമുണ്ടായിരുന്നു.

സ്വാതന്ത്ര്യത്തിന്റെ ഈ സ്വപ്ന ഭൂമിയിൽ ' സദാചാരഭൂരിപക്ഷ 'ത്തിന്റെ സ്വാതന്ത്ര്യസ്നേഹികളും സദാചാരബോധമുള്ളവരുമായ അംഗങ്ങളും പിന്താങ്ങിക്കളും (രാഷ്ട്രീയവും സാമൂഹ്യവുമായ പ്രശ്ന ങ്ങളിൽ ഇക്കൂട്ടരുടെ ലിബറൽ വിരുദ്ധവീക്ഷണങ്ങൾക്കുമേൽ ഇന്നത്തെ അമേരിക്കൻ സർക്കാരിന് പലപ്പോഴും ആശ്രയിക്കേണ്ടിവരുന്നു.) ഇനിയേതു് പുസ്തകങ്ങളാണ് നിരോധിക്കണമെന്നോ ചുട്ടെരിക്കണമെന്നോ കല്പിക്കുക എന്ന് ഇപ്പോൾ പ്രവചിക്കാൻ വളരെ പ്രയാസമാണ്. ഈ മഹാന്മാരായ വിധികർത്താക്കളുടെ ചെങ്കോൽ അധികം താമസിയാതെ ഡാർവിന്റെ മേലും വീഴാനുള്ളസാദ്ധ്യതകാണുന്നുണ്ട്. അമേരിക്കൻ പൌര സ്വാതന്ത്ര്യ യൂണിയൻ (ഞാനും അതിലൊരംഗമാണ്.) ധാരാളം ആളുകൾക്ക് ഈയടുത്തകാലത്തു് അയച്ച ആഹ്വാനത്തിൽ അമേരിക്കൻ ശാസ്ത്രജ്ഞനും ഗ്രന്ഥകാരനുമായ ഐസക് അസിമോവ് എഴുതുന്നതിങ്ങനെയാണ്: ''അടുത്തവർഷം ലൌസിയാനയിലെ സ്കൂൾ കുട്ടികൾ പഠിക്കാൻ പോകുന്നതു് ഇതൊക്കെയാണ്—ഭൂമിക്ക്ആറായിരം വർഷം പഴക്കമേയുള്ളു, ഒരു ദൈവികശക്തി ഒരു നൊടിയിടയ്ക്കുള്ളിൽ എല്ലാ സസ്യ ജാലവും ജീവാണുകോടികളും സൃഷ്ടിച്ചു, നോഹയുടെ കാലത്തു് ലോകം മുഴുവനും ആണ്ടുകിടക്കുന്ന ഒരു പ്രളയമുണ്ടായിരുന്നു, ഇതൊന്നും പോരെങ്കിൽ പരിണാമപരമായ ഒരു പ്രക്രിയയുമില്ലായിരുന്നു എന്നു കൂടി അവർ പഠിക്കാൻ പോകുന്നു. അതിന്റെ പേർ '' സൃഷ്ടിയുടേതായശാസ്ത്ര '' മെന്നത്രെ. ജൈവശാസ്ത്രം, രസതന്ത്രം, ഫിസിക്സ്, പാലിയൻടോളജി എന്നിവയിൽ വ്യവസ്ഥാപിത വിദ്യാഭ്യാസം സിദ്ധിച്ച പൊതു സ്കൂൾ അദ്ധ്യാപകരാണ് ഇതു് പഠിപ്പിക്കാൻ പോകുന്നതും. കാരണം ടീച്ചർമാർക്ക് മററു മാർഗങ്ങളൊന്നുമില്ല. അവർ '' സൃഷ്ടിശാസ്ത്രം '' പഠിപ്പിക്കേണമെന്ന് അനുശാസിക്കുന്ന ഒരു നിയമം ലൌസിയാന നിയമ സഭ പാസാക്കിയിരിക്കുന്നു''. .... തങ്ങൾ '' സൃഷ്ടിശാസ്ത്ര വാദി '' കളാണെന്നവകാശപ്പെടുന്ന ദശലക്ഷക്കണക്കിന് അമേരിക്കക്കാരുണ്ടെന്നതു് വിസ്മയാവഹമല്ലേ? പൊതു സ്കൂളുകൾ ശാസ്ത്രത്തോടൊപ്പം പ്രതിഷ്ടിക്കണമെന്ന് അവർ അവകാശപ്പെടുന്നു.

അമേരിക്കയിലെ ബുദ്ധിപരമായ സ്വാതന്ത്ര്യവും ജനാധിപത്യവും നീണാൾ വാഴട്ടേ! ആമേൻ.......

(ഫ്രോണ്ടിയററിൽനിന്ന്)

□

യുദ്ധം...! യുദ്ധം...!!

നാണയപ്പെരുപ്പം, ഭക്ഷ്യദുർഭിക്ഷത തൊഴിലില്ലായ്മ തുടങ്ങിയ പ്രശ്നങ്ങൾ അനിയന്ത്രിതമായി ഭരണത്തിലുള്ള പാർട്ടിയേയും വർഗ്ഗങ്ങളേയും ഭീഷണിപ്പെടുത്തുമ്പോഴും, ജനങ്ങൾ മുമ്പെന്നത്തേക്കാളും ബോധവാന്മാരാകുമ്പോഴും സർക്കാർ ഈ പ്രതിസന്ധിഘട്ടം തരണം ചെയ്യുന്നത് പാക്കിസ്ഥാനുമായോ ചൈനയുമായോ യുദ്ധത്തിലേർപ്പെട്ടുകൊണ്ടാണെന്ന് 1947ന് ശേഷമുള്ള മുപ്പത്തഞ്ച് വർഷങ്ങളിലെ അനുഭവം നമ്മെ പഠിപ്പിക്കുന്നു.

ഇത്തരം സന്ദർഭങ്ങളിൽ യുദ്ധഭ്രാന്ത് ഇളക്കിവിട്ട് നാട്ടിനുള്ളിലെ പ്രശ്നങ്ങളിൽനിന്ന് ജനശ്രദ്ധ തിരിച്ചുവിടാൻ സർക്കാർ ബോധപൂർവ്വം പ്രവർത്തിക്കുന്നു. യുദ്ധം വന്നാൽ അടിയന്തിരാവസ്ഥ പ്രഖ്യാപിക്കപ്പെടുന്നു, ഫാസിസ്റ്റ് ഭീകരത അഴിച്ചുവിട്ടുകൊണ്ട് നാട്ടിനുള്ളിലെ മുഴുവൻ പ്രതിപക്ഷത്തേയും നിഷ്ഠുരമായി അടിച്ചമർത്തുന്നു. അങ്ങിനെ എല്ലാ പൗരാവകാശങ്ങളും ലാഘവമായിനിഷേധിക്കാനുള്ള ഒരു സാഹചര്യം സൃഷ്ടിക്കപ്പെടുന്നു. മാത്രമല്ല, യുദ്ധം നാട്ടിനുണ്ടാക്കുന്ന സാമ്പത്തിക നഷ്ടം ദുസ്സഹമായിരിക്കും. ഉദാഹരണത്തിനു്, തകർക്കപ്പെടുന്ന ഓരോ യുദ്ധവിമാനവും മുപ്പതുകോടി രൂപയുടെ നഷ്ടമാണുണ്ടാക്കുന്നത്. ഇപ്രകാരം എത്രയോ കോടി ജനങ്ങളുടെ ധനം നിരർത്ഥകമായി ചിലവഴിക്കപ്പെടുന്നു. അവശ്യവസ്തുക്കൾക്കുമേൽ കൂടുതൽ കനത്ത നികുതികൾ ഏർപ്പെടുത്തപ്പെടുന്നു, യാത്ര ചെയ്യുന്നതിനുപോലും സർചാർജ്ജ് ചുമത്തപ്പെടുന്നു. കറൻസി നോട്ടുകളും നാണയങ്ങളും നിയന്ത്രണമില്ലാതെ അച്ചടിച്ച് പുറത്തുവരുന്നു (ഉറുപ്പികയുടെ മൂല്യം നശിക്കുകയും സാധനവില കണ്ടമാനം വർദ്ധിക്കുകയുമാണ് ഇതിന്റെ അനന്തരഫലം.) സാധാരണക്കാർ ഇങ്ങനെ ഭീകരയാതന അനുഭവിക്കുമ്പോൾ യുദ്ധസാഹചര്യം മുതലെടുക്കുന്ന ചുരുക്കം ചില ഊഹക്കച്ചവടക്കാരും വ്യാപാരികളും വൻലാഭമുണ്ടാക്കുന്നു. വ്യവസായങ്ങളിലും മറ്റെല്ലാ സ്ഥാപനങ്ങളിലുമുള്ള സമരങ്ങൾ നിരോധിക്കപ്പെടുകയും ഉല്പാദനം ക്രമാതീതം വർദ്ധിപ്പിക്കാൻ ചൂഷണം ഇരട്ടിപ്പിക്കുകയും ചെയ്യുന്നു.

ലോകസാഹചര്യങ്ങളിൽ ഇടക്കാലത്തു് നടന്നുകൊണ്ടിരിക്കുന്ന യുദ്ധങ്ങൾക്ക് ഒരു സവിശേഷസ്വഭാവമുണ്ട്. വൻശക്തികൾ തമ്മിൽ നടന്നുകൊണ്ടിരിക്കുന്ന ശാക്തിക മത്സരങ്ങളുടെ പ്രതിഫലമായാണ്, അഥവാ ഒരു കക്ഷിയുടെ പുറകിൽ അമേരിക്കയും മററതിന്റെ പുറകിൽ റഷ്യയും ചരടു വലിച്ചുകൊണ്ടുള്ള 'പ്രോക്സി' യുദ്ധമായാണ് ഈ ചെറു സംഘട്ടനങ്ങളും യുദ്ധങ്ങളും കാണപ്പെടുന്നത്. രണ്ടുവൻ ശക്തികളുടേയും യുദ്ധസന്നാഹങ്ങളുടെ ഒരു പരിശോധന ഈ കാര്യം മനസ്സിലാക്കുന്നതിൽ കൂടുതൽ വെളിച്ചം നല്കുന്നതാണ്.

സ്റ്റോക്ക്ഹോമിലെ അന്താരാഷ്ട്ര സമാധാന റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് 1981ൽ പ്രസിദ്ധീകരിച്ച ഒരു റിപ്പോർട്ടനുസരിച്ച് ലോകത്തെ സൈനികച്ചിലവുകൾ 4,55000 കോടി ഡോളർ (1978ലെ വിലപ്രകാരം) ആയിരുന്നു. ഇതിൽ അമേരിക്ക 1,11,000 കോടി ഡോളറും റഷ്യ 1,07,000 കോടി ഡോളറുമാണ് ചിലവഴിച്ചത്. '70കളിൽ അമേരിക്കയും റഷ്യയും ആയുധകയററുമതിയുടെ 75%ത്തിനുത്തരവാദികളായിരുന്നു. 1980ആയപ്പോഴേക്കും റഷ്യ ആയുധക്കച്ചവടത്തിൽ ഒന്നാംസ്ഥാനം നേടിയെടുത്തു. അത് 17,500 കോടി ഡോളർ വിലവരുന്ന ആയുധങ്ങളാണ് വിററഴിച്ചതെങ്കിൽ അമേരിക്ക 17,000 കോടി ഡോളർ വിലവരുന്ന ആയുധങ്ങളാണ് വിററഴിച്ചതെങ്കിൽ അമേരിക്ക 17,000 കോടി ഡോളർ വിലയ്ക്കുമാത്രമേ കച്ചവടം നടത്തിയുള്ളു. റഷ്യ അതിന്റെ സമ്പദ് വ്യവസ്ഥ വൻതോതിൽ സൈനികവല്ക്കരിക്കുകയുണ്ടായി. അതിന്റെ ജി. എൻ. പി.യുടെ 8%മാണ് 1977ൽ സൈനികച്ചിലവ് വർദ്ധിച്ചത്. അമേരിക്കക്ക് 2 ശതമാനമായിരുന്നു ആ ചിലവിന്റെ നിരക്ക്. റഷ്യയിൽ 35 ലക്ഷത്തോളം തൊഴിലാളികൾ ജോലി ചെയ്യുന്നത് നേരിട്ടോ അല്ലാതെയോ ആയുധ ഉല്പാദനത്തെ സഹായിക്കുന്ന വ്യവസായങ്ങളിലാണ്. മാത്രമല്ല '60കളിൽ റഷ്യയുടെ സൈനികശക്തി മുപ്പതു് ലക്ഷമായിരുന്നേടത്തു് 1976ൽ 42ലക്ഷമായി വർദ്ധിച്ചിരിക്കുന്നു.

തങ്ങളുടെ രാജ്യത്തിനു പുറത്ത് അവർക്ക് ധാരാളം സൈനികത്താവളങ്ങളും ലോകത്തെ എല്ലാ സമുദ്രങ്ങളിലും റോന്തു ചുററുന്ന നാവിക സേനകളുമുണ്ട്. സ്വതന്ത്ര സർക്കാറുകളെ അട്ടിമറിക്കാനും ആക്രമിക്കാനുമാണ് ഈ ശക്തികളെ അവർ പ്രധാനമായും ഉപയോഗിക്കാറുള്ളത്. സി. ഐ. എ, കെ. ജി. ബി. തുടങ്ങിയ ചാരസംഘങ്ങളുടെ ഭീകരമായ വലയങ്ങളും അവർ സൃഷ്ടിച്ചിരിക്കുന്നു. വൻ ശക്തികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന നയങ്ങൾ പിന്തുടരാൻ സമ്മർദ്ദം ചെലുത്തുന്ന ഘടകങ്ങളാണിവയെല്ലാം. അവരുടെ മൗന സമ്മതമെങ്കിലുമില്ലാതെ ഇക്കാലത്ത് ഒരു യുദ്ധംപോലും നടക്കുക സാദ്ധ്യമല്ല.

യുദ്ധം അതിലേർപ്പെട്ട രണ്ടു രാജ്യങ്ങളിലേയും ജനങ്ങളുടെ യാതനകൾ പതിന്മടങ്ങ് വർദ്ധിപ്പിക്കുന്നു. ഇന്ത്യയിലാണെങ്കിൽ അത് ഒരടിയന്തരാവസ്ഥ പ്രഖ്യാപനത്തിലും എല്ലാ പൗരാവകാശങ്ങളുടേയും പൂർണ്ണ നിരാകരണത്തിലും ചെന്നെത്തുന്നു. ഇക്കാരണങ്ങളാൽ രണ്ടു രാജ്യങ്ങളും ഒരു യുദ്ധമൊഴിവാക്കേണ്ടതും കൃത്രിമമായി കത്തിയിളക്കപ്പെടുന്ന ഈ ഭ്രാന്തിനെ തിരിച്ചടി

ശേഷം 33-ാം പേജിൽ

ഇന്ത്യൻ കരസേനാധിപനായ കെ.വി കൃഷ്ണറാവു ഈയിടെ ഒരു പത്രസമ്മേളനത്തിൽ ഉൽകണ്ഠ സൃഷ്ടിക്കുന്ന ചില അഭിപ്രായ പ്രകടനങ്ങൾ നടത്തുകയുണ്ടായി. 'എല്ലാ സർവ്വീസുകൾക്കുംകൂടി പൊതുവിൽ ഒരു സംയുക്ത സൈന്യാധിപൻ വേണം. ഇപ്പോൾ കരനാവിക ആകാശസൈന്യങ്ങൾക്ക് വേറെ വേറെ അധിപരാണുള്ളത്.' ഇത് തികച്ചും വ്യക്തിപരമായ തന്റെ അഭിപ്രായമാണെന്നും റാവു പറഞ്ഞു.

'ഇന്ത്യൻ ജനാധിപത്യ'ത്തിന്റെ മൗലിക വീക്ഷണങ്ങളെ നിരാകരിക്കുന്ന ഈ അഭിപ്രായ പ്രകടനം ഇന്ത്യൻ സൈന്യത്തിന്റെ നേതൃനിരകളിലുള്ളവരുടെ ഉള്ളിലിരുപ്പ് പുറത്തുംകൊണ്ട് വരുന്നു. ഇന്ത്യയെപോലുള്ള രാജ്യങ്ങളിൽ സൈനികനേതൃത്വം കേന്ദ്രീകരിക്കപ്പെട്ടിടത്തൊക്കെ ഇന്ന് ഭരിക്കുന്നത് പട്ടാളമാണ്. മൂന്ന് സർവ്വീസുകൾക്കും കൂടി ഒരാൾ അധിപനായാൽ എന്താണ് സംഭവിക്കുകയെന്ന് വ്യക്തമാണ്. ഇത്ര വിവാദപരമായ പ്രസ്താവന കൃഷ്ണറാവു നടത്തിയിട്ടും ഡൽഹി നിശബ്ദമാണ്. അല്ലെങ്കിൽ ഡൽഹിയിലെ ഭരവൃത്തങ്ങൾക്ക് എന്താണ് പറയാനുണ്ടാവുക?

ചർച്ച

സ: നാഗ്ഭൂഷനും വാസ്തവങ്ങളും

സുഭാസ്

സ: നാഗഭൂഷൺ പട്നായക്ക് സി. പി. ഐ (എം. എൽ) ന്റെ പ്രാരംഭ കാല നേതാക്കളിൽ ഒരാൾ എന്ന നിലയിൽ സ്തുത്യർഹമായ സംഭാവനകൾ ചെയ്തിരുന്നു. ദീർഘമായ ജയിൽ ജീവിത കാലത്ത് നിരവധി മാരകരോഗങ്ങൾക്ക് അടിമപ്പെട്ടിട്ടും അദ്ദേഹം സ്വാതന്ത്ര്യത്തിനും അഭിമാനത്തിനും വേണ്ടി സധീരം സമരം ചെയ്തു. ഇന്ത്യയിലെ മുഴുവൻ വിപ്ളവകാരികളുടെയും മനസ്സിൽ ആവേശകരമായ മാതൃകയായി അദ്ദേഹത്തിന്റെ ഈ ഗുണഗണങ്ങൾ എന്നെന്നും നിലനില്ക്കുകതന്നെ ചെയ്യും.

എങ്കിലും റെഡ്ഗാർഡ്സുമായുള്ള അദ്ദേഹത്തിന്റെ അഭിമുഖ സംഭാഷണങ്ങൾ പ്രധാനമായും മാർക്സിസ്റ്റ് വിരുദ്ധവും അശാസ്ത്രീയവും അവസരവാദപരവുമാണെന്ന് പറയാതിരിക്കാനാവില്ല. ഒരു സാമൂഹ്യനേതാവിന്റെ യശസ്സ് എത്രകണ്ട് ഉന്നതമാണോ അയാളുടെ അവസരവാദപരമായ വ്യതിയാനങ്ങൾ അത്രകണ്ട് അപകടകാരിയാണ്.

നക്സൽബാരിസമരം ചരിത്രത്തിൽ എന്തു പങ്ക് വഹിച്ചു എന്നത് ഇന്നൊരു വിവാദ വിഷയമല്ല തന്നെ. കനുസന്യാൾ നക്സൽബാരി സമരത്തെ അപകീർത്തിപ്പെടുത്തുമ്പോൾ സ്വന്തം അധഃപതനത്തിന്റെ ആഴം വ്യക്തമാക്കുകയാണ് ചെയ്യുന്നത്. സ: നാഗഭൂഷൺ പറഞ്ഞതുപോലെ നക്സൽബാരി തെലുങ്കാന സമരത്തിനു ശേഷം ഇന്ത്യൻ വിപ്ലവത്തിന്റെ ശരിയായ പാത വെട്ടിത്തുറന്നു. നക്സൽബാരി സമരം ഉന്നയിച്ച അടിയന്തിര അജണ്ട സായുധ സമരമായിരുന്നു.

കനുസന്യാലിൽ നിന്നും സ്വയം വ്യത്യസ്തനാണെന്ന് അവകാശപ്പെടുന്ന സ: നാഗഭൂഷൺ സന്യാലിനേക്കാൾ മോശമായവിധം നക്സൽബാരിയുടെ മൗലിക സവിശേഷതകളെ തേച്ചുമാച്ചുകളയാൻ ശ്രമിക്കുന്നുവെന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ തന്നെനോക്കൂ: സായുധസമരം ഇന്ത്യൻ വിപ്ളവകാരികളുടെ അടിയന്തിര അജണ്ടയല്ല.

സായുധ സമരത്തെപറ്റിയുള്ളഅദ്ദേഹത്തിന്റെ പ്രതിപാദനം തന്നെ തികച്ചും ആശയവാദപരമായ രീതിയിലാണ്. ആദ്യം അദ്ദേഹം സ: മാവോ പറഞ്ഞതും പറയാത്തതുമായ കാര്യങ്ങളെ പറ്റി സംസാരിക്കുന്നു. അർദ്ധകൊളോണിയൽ അർദ്ധ ഫ്യൂഡൽ രാജ്യങ്ങളിലെല്ലാം ആദ്യംതന്നെ സായുധ സമരം നടത്തണമെന്ന് മാവോ പറഞ്ഞിട്ടില്ല എന്ന നൂൽ പാലത്തിലൂടെ സായുധസമരം ഇന്ത്യയിലെ അടിയന്തിര അജണ്ടയല്ല എന്ന നിഗമനത്തിലേക്ക് അദ്ദേഹം ഒരു ഞാണിന്മേൽ കളി നടത്തുന്നു. ഇന്ത്യയിലെ ഇന്നത്തെ സമൂർത്ത യാഥാർത്ഥ്യങ്ങളിൽ വിപ്ളവകാരികളുടെ അടിയന്തിര അജണ്ട എന്ത് എന്ന പ്രശ്നത്തിന് സ: നാഗഭൂഷണ് ഒന്നും പറയാനില്ലെന്നതു് ആശ്ചര്യകരം തന്നെയല്ലെ.

സ: നാഗഭൂഷണെപ്പോലുള്ളവർ 1972 കാലത്തെ തിരിച്ചടിയേല്പിച്ച അമ്പരപ്പിൽനിന്നും ഇനിയും മോചിതരായിട്ടില്ല. തിരിച്ചടികളിൽനിന്നും പരാജയങ്ങളിൽനിന്നും പാഠങ്ങൾ പഠിച്ച ഇന്ത്യയിലെ വിപ്ളവ ജനതതുടർന്ന് രചിച്ച വീരേതിഹാസങ്ങളിലേക്ക് കണ്ണോടിക്കാൻ അവർ വിസ്സമ്മതിക്കുന്നു. കഴിഞ്ഞ ഒരു ദശാബ്ദക്കാലം ഭോജ്പൂരിലെ വിപുലമായ കർഷകജനത ധീരോദാത്തമായി പൊരുതി ഗറില്ലാമേഖലകളാക്കി വികസിപ്പിച്ച പ്രദേശങ്ങളെ വെള്ളപ്രദേശങ്ങളാക്കി മാറ്റുവാൻ ഭരണാധികാരികളും അവരുടെ നാനാ സൈനിക വിഭാഗങ്ങളും പരാജയപ്പെടുകയാണ് ഉണ്ടായതെന്ന വസ്തുത വിപ്ളവസ്നേഹികളെ ഒന്നടക്കം ആവേശഭരിതരാക്കുന്നു. ഭോജ്പൂരിലെ വിപ്ളവസമരത്തിന്റെ മൗലിക പാഠങ്ങൾ ഇന്ത്യക്കാകമാനം സാർവ്വത്രിക സാധുതയുള്ളതാണ്, നാട്ടിൻപുറപ്രദേശങ്ങളിൽ വിപുലമായ കർഷക ജനതയിൽ ആശ്രയിക്കുകയും അവർക്കിടയിൽ പാർട്ടിയെ ദൃഢമായി കെട്ടിപ്പടുക്കുകയും മർദ്ദിതരായ കർഷക ജനതയുടെ മുൻകയ്യിൽ ഗറില്ലാസമരം കെട്ടഴിച്ചുവിടുകയും വിപ്ളവ സൈന്യം കെട്ടിപ്പടുക്കുകയും സായുധ സമരത്തെ നാനാ ബഹുജനസമരങ്ങളുമായി കോർത്തിണക്കുകയും ചെയ്യുകയാണെങ്കിൽ ഇതരപ്രദേശങ്ങളിലെ ജനങ്ങൾക്ക് ആവേശം പകർന്നുകൊണ്ട് ഒരു പ്രദേശത്ത് സായുധസമരം വികസിപ്പിക്കാനും ചുകപ്പുമേഖല സൃഷ്ടിക്കാനും നിലനിർത്താനും കഴിയുമെന്ന് ഭോജ്പൂർ തെളിയിച്ചിരിക്കുന്നു. അനുകൂല പ്രദേശങ്ങളിൽ സായുധ സമരത്തിന് മുൻകൈ എടുക്കുകയോ തുടരുകയോ ചെയ്യേണ്ടത് ദേശവ്യാപകമായി സായുധ സമരം തീക്ഷ്ണമാകുന്നതിനുള്ളമുൻ ഉപാധികളിൽ ഒന്നാണ്. തിളച്ചുമറിയുന്ന ബീഹാർ വിപ്ളവത്തിന്റെ മഹത്തായ മൂന്ന് മാന്ത്രികായുധങ്ങൾ വികസിപ്പിച്ചെടുത്തിരിക്കുന്നു. കമ്മ്യൂണിസ്റ്റ് വിപ്ലവകാരികളെ ഐക്യപ്പെടുത്താനായി തീത്ഥാടനത്തിലേർപ്പെട്ടിരിക്കുന്ന ആത്മാത്ഥതയുള്ള വിപ്ളവകാരികൾ ഇന്ത്യയിലെ കാർഷിക വിപ്ളവം കൈവച്ചിരിക്കുന്ന വികാസദശയെക്കുറിച്ച് അജ്ഞരായിരിക്കുന്നത് ഒരു വിരോധാഭാസം മാത്രമല്ല സഹതാപാർഹം കൂടിയാണ്.

സാമൂഹ്യശക്തികൾക്കിടയിലുള്ള സമരം വിവിധരൂപങ്ങൾ കൈക്കൊള്ളുന്നു. പിന്തിരിപ്പൻ സാമൂഹ്യശക്തികൾക്കെതിരായ ബഹുജന സമരവും വൈവിധ്യമാന്ന രൂപങ്ങൾ കൈകൊള്ളുന്നു. ഉന്മൂലന സമരത്തെ സംബന്ധിച്ചുള്ള സിദ്ധാന്തത്തിലും അതിന്റെ അനുഷ്ഠാനത്തിലും ഉണ്ടായിട്ടുള്ള ഇടതുപക്ഷ തെറ്റുകൾ ഇതിനകം തന്നെ നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷെ ഈ സമരരൂപത്തെ കേവലമായി നിഷേധിക്കുന്നത് തികച്ചും തിരുത്തൽവാദപരമായ ഒരു പ്രവണതയാണ്. കമ്മ്യൂണിസ്റ്റ് വിപ്ലവകാരികളുടെ ഐക്യമാണ് സ: നാഗഭൂഷന്റെ സന്ദർശനത്തിന്റെ മുഖ്യഉദ്ദേശമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതിനുവേണ്ടി അനുവർത്തിക്കേണ്ട ചുവടുകളെ പറ്റി ഒന്നുംതന്നെ അദ്ദേഹം പറയുന്നില്ലെങ്കിലും അദ്ദേഹത്തിന്റെ ഈ അഭിലാഷം തീർച്ചയായും സ്വാഗതാർഹമാണ്. എങ്കിലും കമ്യൂ: വിപ്ലവകാരികളുടെ ഐക്യത്തിന്റെ പ്രശ്നം മാത്രം ഉന്നയിക്കുന്നത് ഇന്ന് ഒരു ഏകപക്ഷീയതയാണ്. ഇന്ത്യയിലെ നാനാ വിപ്ലവവർഗ്ഗങ്ങളെയും വിപ്ലവ ഗ്രൂപ്പുകളെയും ഒന്നിപ്പിച്ചുകൊണ്ട് സാമ്രാജ്യത്വവാദികളുടെയും അഭ്യന്തരപിന്തിരിപ്പൻ ശക്തികളുടെയും പ്രധാന പ്രതിവിപ്ലവ കുന്തമുനയായ ജന്മിത്വ സ്വേച്ഛാധിപത്യ ഭരണത്തിനെതിരെ ഒരു ഐക്യനിര ഒരു ദേശീയ ബദൽശക്തി കെട്ടിപ്പടുക്കാനുള്ള ശ്രമകരമായ പരിശ്രമത്തിലേപ്പെട്ടിരിക്കുകയാണ് ഇന്ത്യയിലെ തൊഴിലാളിവർഗ്ഗവിപ്ലവകാരികൾ ഇന്ന്.

വ്യത്യസ്ത രാഷ്ട്രീയവീക്ഷണങ്ങളും പ്രത്യയശാസ്ത്രവും പുലർത്തുന്നവരുമായി ഒരു പൊതുലക്ഷ്യത്തിനായി ഒന്നിക്കാൻ തന്റേടമില്ലാത്ത ഒരു തരം സങ്കുചിത വാദം വിപ്ളവ പ്രസ്ഥാനത്തിൽ നിലനിൽക്കുന്നുണ്ട്. അവർ പ്രയോഗത്തിൽ ഇന്ദിരാ സ്വേച്ഛാധിപത്യത്തിന്നനുഗുണമായ ഒരു സമീപനമാണ് കൈക്കൊള്ളുന്നത്.

മൂന്ന് ലോകങ്ങളുടെ സിദ്ധാന്തത്തെ ഇന്നത്തെ സാർവ്വദേശീയ വിപ്ലവ ലൈനാ

റെഡ്ഗാർഡ്സ് കിട്ടുന്നുണ്ട്. തികച്ചും ജനകീയമാകുന്നില്ലെങ്കിലും പ്രതീക്ഷയുണ്ട്.

വിമർശനബുദ്ധിയോടെയാണോ റെഡ്ഗാർഡ്സ് തുടങ്ങിയതെന്നും സംശയമുണ്ട്. ഇത് പറയുന്നത് വിമർശിക്കേണ്ടെന്നല്ല, വിമർശനം എന്താണോ അതാക്കി മാറ്റുക. 'മാവോ വിമർശിച്ചിരുന്നത് വിമർശിക്കപ്പെടുന്നവരുടെ വളർച്ചയെ കണക്കിലെടുത്തു കൊണ്ടായിരുന്നു.' വിമർശിക്കുമ്പോൾ തന്നെ, ശരിയായ വീക്ഷണത്തിലൂടെ ജനങ്ങൾക്കിടയിൽ പ്രവർത്തിച്ച് വിജയിച്ചുകൊണ്ട് തെറ്റായ വീക്ഷണത്തെ തകർക്കുക. അല്ലാത്ത വിമർശനം വിമർശനമല്ല.

'അപ്പാനേഷണത്തിന്റെ ദുരന്തം, ഭൂപരിഷ്കരണങ്ങൾ, ബംഗ്ളാദേശ്! ബംഗ്ളാദേശ്! അക്ഷരങ്ങൾക്കു പിന്നിലെ അറിയപ്പെടാത്തവർ, യന്ത്രം വിഴുങ്ങാക്കിയ ഗ്രാമങ്ങൾ, ഹരിജനങ്ങൾ ഇന്ത്യൻ പൗരൻമാരാണോ?' എന്നീ ലേഖനങ്ങൾ വളരെ ഇഷ്ടപ്പെട്ടു. ജനങ്ങൾ തിങ്ങിപാർക്കുന്ന കോളനികളിലും, ചേരികളിലും പോവുകയും ജനങ്ങളുടെ ജീവിതത്തിലേക്ക് ആഴ്ന്നിറങ്ങുകയും അവരുടെ പ്രശ്നങ്ങൾ (പട്ടിണി, തൊഴിലില്ലായ്മ, രോഗം, വിദ്യാഭ്യാസം, സംസ്കാരം തുടങ്ങിയവ) അയിത്തത്തിന്റെ പേരിൽ ഹരിജനങ്ങൾ അനുഭവിക്കുന്ന പീഡനങ്ങൾ, ഭരണവർഗ്ഗത്തിന്റെ പൊള്ളത്തരവും, ചൂഷണവും (ഇടത്, വലത് മുന്നണികളുടെ) എന്നിവ പുറത്തു കൊണ്ടുവന്ന് ജനങ്ങളെ അറിയിക്കുന്നതിൽ പ്രാധാന്യംകൊടുത്താൽ കൊള്ളാം. ഇന്ത്യൻവിപ്ലവചരിത്രം ഒന്നൊന്നായി പ്രസിദ്ധീകരിച്ചാൽ എന്നെപോലുള്ളവർ പഠിക്കുമായിരുന്നു. റെഡ്ഗാർഡ്സ് തികച്ചും ജനകീയമാക്കിതീർക്കുമെന്ന് ആശിക്കുന്നു.

ബി. വേണുഗോപാൽ
തിരുവനന്തപുരം

ഒരുയാത്രയ്ക്കിടയിൽ യാദൃശ്ചികമായാണ് റെഡ്ഗാർഡ്സ് കണ്ടത്.

ഇന്ത്യൻ ബുദ്ധിജീവിക്ക് അവന്റെ ശബ്ദം നഷ്ടപ്പെട്ടുപോയത് ഏതേതു വഴിക്കവലകളിൽ വച്ചായിരുന്നു? പ്രത്യയ ശാസ്ത്രങ്ങളുടെ ചോലമരങ്ങളിൽകോടാലി വയ്ക്കപ്പെട്ടതിന്ന് ശേഷമായിരുന്നോ? പക്ഷേ, ഇന്നിപ്പോൾ ഇന്ത്യയിലെ ശരാശരി മനുഷ്യന്, രക്ഷപ്പെടാൻ രണ്ടേരണ്ട് മാർഗ്ഗങ്ങളെ ഉള്ളൂ എന്നായിരിക്കുന്നു.

1) ഒന്നുകിൽ ഒരു പെറ്റി–ബൂർഷ്വാ ആയിത്തീരുക.

2) അല്ലെങ്കിൽ രക്ഷപ്പെട്ട്, കുറഞ്ഞ പക്ഷം ഒരു കപട ബുദ്ധിജീവിയെങ്കിലും ആവുക.

അഭ്യർത്ഥന ഇത്രമാത്രം.

'അരിഞ്ഞെറിഞ്ഞാലും കുരയ്ക്കുവാൻ തീനാക്കു തരിക.'

സെബാസ്റ്റ്യൻ പള്ളിത്തോട്

തലശ്ശേരി-പുല്പള്ളി കലാപങ്ങളെക്കുറിച്ചുള്ള റെഡ്ഗാർഡ്സ് സമിതിയുടെ വിലയിരുത്തൽ വായിച്ചു. തലശ്ശേരി-പുല്പള്ളി കലാപങ്ങളിൽ കർഷക ബഹുജനങ്ങളുടെ പങ്കുചേരൽ എന്ന മുഖ്യപ്രാധാന്യം വിപ്ലവകാരികൾ മനസ്സിലാക്കിയില്ല എന്ന് സമിതിയുടെ വിലയിരുത്തലിൽ സമ്മതിക്കുന്നുണ്ട്. വിപ്ലവപ്രവർത്തനങ്ങളിൽ ബഹുജനങ്ങളുടെ പങ്കുചേരൽ എന്ന മുഖ്യപ്രാധാന്യം അവഗണിക്കുന്നതു് തിരുത്തൽ വാദപരമായ ഏറ്റവും വലിയ തെറ്റാണെന്നിരിക്കെ, തിരുത്തൽ വാദത്തിനെതിരായ സമരത്തിൽനിന്നും നേടിയ ധാരണകളുടെ പ്രയോഗമെന്നു പറയുന്ന തലശ്ശേരി പുല്പള്ളി കലാപങ്ങളിലും തിരുത്തൽവാദപരമായ പാളിച്ചകൾ സംഭവിച്ചു എന്നു പറയേണ്ടിവരും. വസ്തുനിഷ്ഠമായ സാഹചര്യങ്ങൾ ഒരു പോരാട്ടത്തെക്കുറിച്ച് ജനങ്ങളോട് വിളിച്ചുപറയുന്നുണ്ടെങ്കിലും വിപ്ലവകാരികൾ ചിന്തിക്കുന്നതുപോലെ സാധാരണ ജനങ്ങൾ ചിന്തിച്ചുകൊള്ളണമെന്നില്ല. നിലവിലുള്ള വ്യവസ്ഥിതിയുടെ അനീതികൾക്കെതിരെ ജനങ്ങളുടെ മുൻകൈ കെട്ടഴിച്ചുവിടുന്നതിലൂടെ (പ്രസ്തുത പ്രവർത്തനം നയിക്കുന്നതിനാണ് സംഘടന) ഉയിർത്തെഴുന്നേൽക്കുന്ന പുത്തൻ നീതിബോധത്തിലൂടെ മാത്രമെ വിപ്ലവത്തെ മുന്നോട്ടു കൊണ്ടുപോകാനും ജനങ്ങളെ സംഘടിപ്പിക്കുവാനും സായുധരാക്കാനും കഴിയൂ.

പി. വി. വർഗീസ്

തലശ്ശേരി-പുല്പള്ളി സമരങ്ങളുടെ വികാസ പരിണാമങ്ങളെക്കുറിച്ച് 'റെഡ് ഗാർഡ്സ്'' പ്രസിദ്ധീകരിച്ചിരിക്കുന്ന ലേഖനം എത്രമാത്രം പ്രസക്തമാണെന്ന് പരിശോധിക്കേണ്ടതുണ്ട്. കേരളത്തിലെ വിപ്ലവ ശക്തികൾതള്ളിക്കളഞ്ഞ ഒരു രാഷ്ട്രീയ ലൈനിന്റെ (അത് അവ്യക്തവുമാണ്) വക്താക്കൾ നേതൃത്വം കൊടുത്ത്, കനത്തപരാജയം ഏറ്റുവാങ്ങിയ ആ സമരങ്ങളുടെ അനന്തരഫലങ്ങളെക്കുറിച്ച്, സുധീരമായ ഒരുസ്വയം വിമർശനത്തിന് തയ്യാറായി എന്നത് പ്രശംസനീയമാണ്.

അതേസമയം തിരുത്തൽ വാദത്തിന്റെ ചെളിക്കുണ്ടിൽപെട്ട് വളർച്ച നഷ്ടപ്പെട്ടിരുന്ന ഇന്ത്യൻ വിപ്ളവ പ്രസ്ഥാനത്തിന്, വിപ്ളവം ആഗ്രഹിക്കുന്ന ഒരു ജനതയ്ക്ക്, ഉണർവ്വും ആവേശവും നൽകി, വിമോചനത്തിന്റെ പാത തുറന്നുകൊടുത്ത നക്സൽബാരി സന്ദേശത്തിന്റെ സമൂർത്തമായ പ്രയോഗമായിരുന്നു തലശ്ശേരി-പുല്പള്ളി സമരങ്ങളെന്ന വാദം പൂർണ്ണമായും അംഗീകരിക്കത്തക്കതല്ല - നക്സൽബാരി സന്ദേശത്തെക്കുറിച്ച് ഒരു വികലമായ ധാരണ സൃഷ്ടിക്കുകയാണ് ആ സമരങ്ങൾക്ക് നേതൃത്വം നൽകിയവർ ചെയ്തതെന്ന്കൂടി സമ്മതിച്ചിരുന്നെങ്കിൽ സ്വയം വിമർശനം ഒരു പരിധിവരെ പൂർണ്ണമാകുമായിരുന്നു.

അതുപോലെ, ഇന്ന് ഇന്ത്യൻ വിപ്ലവ പ്രസ്ഥാനത്തിന്റെ മുഖ്യനേതൃശക്തിയായി ഉയർന്നു വന്നിട്ടുള്ള ഒരു രാഷ്ട്രീയ പ്രസ്ഥാനത്തെ കണ്ടില്ലെന്ന് നടിക്കുന്നത് കണ്ണടച്ച് ഇരുട്ടാക്കലാകുന്നു. അതിനെ വിമർശിക്കേണ്ടത് ആശയപരമായ തലത്തിലാകുന്നു. അല്ലാതെ പ്രായോഗിക പ്രവർത്തനങ്ങളിൽ വരുന്ന ഒറ്റപ്പെട്ട പാളിച്ചകളെ സാമാന്യവല്ക്കരിച്ചുകൊണ്ടല്ല.

—ദിവാകരൻ
മധുര

നാഗഭൂഷൻ .....

യി സ: നാഗഭൂഷൺ അംഗീകരിക്കുന്നുവെന്നത് ഒരു ഗുണാത്മകമായ കാര്യമാണ്. സോഷ്യലിസ്റ്റ് ചൈനയെ പറ്റി അദ്ദേഹം ഒന്ന് സ്പർശിച്ചുപോയതേ ഉള്ളൂ. ഏതൊക്കെ വിഷയങ്ങളിലാണ് അദ്ദേഹത്തിന് മൗലിക ഭിന്നതയെന്നു വ്യക്തമാക്കിയിട്ടില്ല. ആ നിലക്ക് അതെ പറ്റി ഒരു ചർച്ച ചെയ്യുക സാധ്യമല്ല. എങ്കിലും ഒരു കാര്യം ഇവിടെ പരാമർശിക്കാൻ ഞാനാഗ്രഹിക്കുന്നു. സാർവ്വദേശീയ കമ്യൂണിസ്റ്റ് പ്രസ്ഥാനം മുറുകെ പിടിക്കേണ്ട മൗലിക തത്വങ്ങളിൽ ഒന്നിൽ പോലും ചൈനീസ് കമ്യൂണിസ്റ്റ് പ്രസ്ഥാനം വ്യതിചലിച്ചിട്ടില്ല. ലോക തൊഴിലാളിവർഗ്ഗത്തിന്റെ മഹത്തായ ഒരു താവളമായി ചൈന നിലക്കൊള്ളുന്നു. സ്വാതന്ത്ര്യത്തിനും വിമോചനത്തിനും വിപ്ലവത്തിനും വേണ്ടി പൊരുതുന്ന ശക്തികളുടെ മഹത്തും ദൃഢവുമായ സഖ്യശക്തിയാണ് ചൈന.

കത്തുകൾ

ഒരു വിപ്ലവ പ്രസിദ്ധീകരണമെന്ന പ്രസക്തിയാണല്ലോ 'റെഡ്ഗാഡ്സി'നുള്ളത്. നമ്മുടെ വിപ്ലാവശയങ്ങളും ഗ്രൂപ്പുകളും ഇന്നെവിടെ നിൽക്കുന്നു? കക്ഷിരാഷ്ട്രീയ ദൂഷിത വലയത്തിന്റെ തിക്താനുഭവം കൊണ്ട് ഇന്ത്യൻ ജനത ഇന്ന് വീർപ്പുമുട്ടി കഴിയുകയാണ്. അവനൊരു ഫലപ്രദമായ ബദലിനുവേണ്ടി ദാഹിക്കുകയാണ്. എന്നിട്ടും വിപ്ലവത്തിന്റെ ഗംഭീര ഗർജ്ജനം മുഴക്കുന്ന ഗ്രൂപ്പുകൾക്ക് എന്തുമാത്രം ജനങ്ങളിലേക്കിറങ്ങാനും സ്വാധീനം ചെലുത്താനും സാധിച്ചു?

ഇവിടത്തെ വിപ്ളവ പ്രസിദ്ധീകരണങ്ങൾ തന്നെ ജനങ്ങളിൽ എന്തു സ്വാധീനമാണ് ചെലുത്തുന്നത്? മാർക്സിയൻ സിദ്ധാന്തങ്ങളിലെ വിവാദപരമായ വിഷയങ്ങൾ കട്ടത്ത ഭാഷയിൽ സംവാദം നടത്തി മത്സരിക്കുന്ന ഒരു കൊച്ചുബുദ്ധിജീവി വൃത്തത്തിലല്ലേ അവ ഒതുങ്ങുന്നുള്ളൂ. മാർക്സിസം, ലെനിനിസം, മാവോചിന്ത ജനങ്ങളെ മുഴുവൻ പഠിപ്പിച്ച് ഒരു വിപ്ലവത്തിന് സന്നദ്ധരാക്കാൻ സാദ്ധ്യമാണോ? ഒരിക്കലുമല്ല. ജനങ്ങളുടെ അനുഭവം തന്നെ ജനങ്ങളെ വസ്തുപരമായി ബോദ്ധ്യപ്പെടുത്തുക. ജനങ്ങളിൽ വർഗ്ഗബോധമുണ്ടാക്കാനുള്ള മൗലിക പ്രവർത്തി അതാണ്. പ്രായോഗിക മാർഗ്ഗങ്ങളെക്കുറിച്ച് വിഭിന്ന അഭിപ്രായങ്ങൾ പുലർത്തി അതിന്റെ പേരിൽ ശണ്ഠകൂടുകയും ശത്രുക്കളെ പോലെ പരസ്പരം ഭിന്നിച്ചു പൊരുതുകയും ചെയ്യുന്ന കുറെ കൊച്ചു കൊച്ചു ഗ്രൂപ്പുകളാണ് ഇന്നത്തെ നമ്മുടെ വിപ്ളവ പ്രസ്ഥാനങ്ങൾ! എവിടെയെങ്കിലും ഒരു വ്യക്തിവധം നടത്തിയാൽ അവിടെ വിപ്ലവത്തിന്റെ ബീജം ഉടലെടുത്തു എന്നവരെ വ്യാഖ്യാനിക്കപ്പെടുന്നു. ഒരു ജനതയെ ഏതുമാർഗ്ഗേണ വിപ്ലവത്തിലേക്കു നയിക്കാം എന്ന സമുത്ത്പ്രശ്നം ഉത്ഭൂതമാവുന്നത് വിപ്ലവ സന്നദ്ധരാക്കാവുന്ന ഒരു ജനത ഉൽഭൂതമാവുമ്പോഴല്ലേ? എന്തുകാരണം കൊണ്ടായാലും ജനങ്ങളുടെ വർഗ്ഗബോധം തന്നെ ഒരു നല്ല പരിധിവരെ ഉണർത്താൻ പോലും നമ്മുടെ വിപ്ലവ പ്രസ്ഥാനങ്ങൾക്ക് സാധിച്ചിട്ടില്ലെന്നുള്ളതല്ലേ വാസ്തവം. ഇവിടെ നടക്കുന്ന ഏതു വിപ്ലവ പ്രവർത്തനവും പ്രസ്തുതഗ്രൂപ്പിൽ പെട്ടവരും അവരോടൊപ്പം നിൽക്കുന്നവരും എന്നതിലപ്പുറം എന്തുമാത്രം ജനപങ്കാളിത്തമുണ്ട്.

ജനങ്ങളെ ആവേശഭരിതരും ശുഭകാംക്ഷികളുമാക്കത്തക്കവിധമുള്ള പ്രചരണങ്ങളും മുദ്രാവാക്യങ്ങളും ഒരു പരിധിവരെ നല്ലതു തന്നെ. എന്നാൽ ഒരു ചെറിയ പരിധിവരെയെങ്കിലും ജനങ്ങൾക്കതു അനുഭവവേദ്യമാകുന്നില്ലെങ്കിൽ ആ പ്രചരണങ്ങളും മുദ്രാവാക്യങ്ങളും വെറും പൊള്ളയാവുകയേ ഉള്ളൂ. കൂടാതെ ഇന്ത്യൻ സാഹചര്യങ്ങളുടെ പ്രത്യേക പശ്ചാത്തലമെടുത്ത് പഠിക്കുന്നതിൽ നാം വളരെ വിമുഖരാണ്. ഇന്ത്യ ഒരു കാർഷിക രാജ്യമെന്ന നിലയിൽ ആദ്യകാലചൈനയോടാണ് നാം സാമ്യപ്പെടുത്താറ്. നമ്മുടെ വിപ്ളവത്തിന്റെ പ്രധാന ഉദാഹരണം ചൈനയാണ്. പ്രധാന മാതൃക മാവോസേതുങ്ങും. ഇത് ഇന്നത്തെ മാറിയ ലോകസ്ഥിതിയിലും അതിനോടനുബന്ധമായ ഇന്ത്യൻ സ്ഥിതിയിലും മുഴുവൻ ശരിയാണോ? റഷ്യൻ, ചൈനീസ് സാഹിത്യങ്ങൾ നമുക്ക് വേണ്ടുവോളമുണ്ട്. എന്നാൽ ഇന്ത്യൻ സാമൂഹ്യ സാഹചര്യങ്ങളെ, അവക്ക് സാമ്രാജ്യത്വങ്ങളുമായുള്ള ബന്ധങ്ങളെ, അവൻ രണ്ടും ഇന്ത്യൻ ജനതയിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളെ കണക്കിലെടുത്ത് അതിനെയെല്ലാം മറികടക്കാവുന്ന ഒരു വിപ്ലവ വിജയ സാഹചര്യങ്ങളെ വിലയിരുത്തുന്ന എത്ര സാഹിത്യങ്ങൾ നമുക്കുണ്ട് ഇന്നോളമുള്ള ലോകവിപ്ളവങ്ങളുടെ അനുഭവോടിസ്ഥാനത്തിൽ ഒരു ഇന്ത്യൻ വിപ്ളവതിയറി നമുക്കുണ്ടാവേണ്ടിയിരിക്കുന്നു.

ഇത്തരുണത്തിലാണ് ജൂൺലക്കം 'റെസ്ഗാർഡ്സിലെ, അജിതയുടെ കുറിപ്പ് പ്രസക്തമാവുന്നത്. ഏതെങ്കിലുമൊരുവിഭാഗത്തിന്റേയോ ലൈനിന്റേയോ പരിമിതവൃത്തത്തെ പ്രതിനിധീകരിക്കുന്നില്ല' എന്നു കുറിപ്പ് പറയുന്നു. (തീർച്ചയായും തെറ്റിദ്ധരിക്കപ്പെടാവുന്നൊരുപദമാണിത്.) കുറിപ്പ് തുടരുന്നു. ......അത്തരം പ്രയോഗിക പ്രവർത്തനങ്ങൾ തുടർന്നും നടത്തുമ്പോൾതന്നെ വിനയപൂർവ്വം സ്വന്തം വീക്ഷണങ്ങളും അപര്യാപ്തതകളും അംഗീകരിക്കുകയും ശരിയായ ഒന്നിനു വേണ്ടി പ്രായോഗിക അന്വേഷണങ്ങൾ നടത്തുകയുമാണ് വേണ്ടതെന്ന് ഞങ്ങൾ കരുതുന്നു. അതിനുള്ള ആദ്യപടി മുഴുവൻ അനുഭവങ്ങളും സമാഹരിക്കപ്പെടുകയും അതുവഴി വിമോചനത്തെ കുറിച്ചുള്ള എല്ലാ ധാരണകളും ഏകീകരിക്കപ്പെടുകയും ചെയ്യുക എന്നതാണ്......

ഇന്നത്തെ അവ്യക്തസാഹചര്യത്തിൽ ശ്രദ്ധാർഹമായ ഒരു പ്രഖ്യാപനമായിട്ടാണ് മേൽ ഉദ്ധരണി കണക്കിലെടുക്കേണ്ടത്. ഇന്ത്യയുടെ വിവിധ പശ്ചാത്തലത്തിൽ ഏതു ലൈനാണ് തീർത്തും ശരി എന്ന് ഉറപ്പിച്ചുപറയാൻമാത്രം അനുഭവപാഠം നമുക്കില്ല. അത്തരമൊരു പാഠത്തിന്റെ കണ്ടെടുക്കലിനു വേണ്ടിയുള്ള നിരീക്ഷണവും പരീക്ഷണവും ഗവേഷണവും നടത്തുകയും അതോടൊപ്പം യോജിക്കാവുന്നിടത്തെല്ലാം വിവിധ ഗ്രൂപ്പുകളുമായി യോജിച്ചു പ്രവർത്തിക്കുകയുമാണ് നമുക്കിന്നാവശ്യം.

എം. കെ, പിലാക്കോട്

മാങ്കാവ്

തീക്ഷ്ണമായ ദാർശനിക പ്രശ്നങ്ങളിലേക്ക് മനസ്സൂന്നിയ 'റെഡ്ഗാർഡ്സ്'മാസികയുടെനാലു ലക്കവും വിജ്ഞാനത്തിന്റെ ലക്കങ്ങളായിരുന്നു. ഒരു ചുവന്ന പ്രഭാതം സംജാതമാവുമെന്നുള്ള പൂർണ്ണമായ വിശ്വാസത്തിന്റെ അവിരാമമായ അന്വേഷണത്തിന്റെ പാതയിൽ നമ്മുടെ രഥത്തെരു തെളിക്കുന്നവരുടെ കനത്ത മുഖം മൂടികൾ പൊട്ടിച്ചെറിയാൻ സമയമായിരിക്കുന്നു. അവർ തണലുകൾ നല്കിയ പതാകകൾ കൊണ്ട് കഴുത്തു മുറുക്കിക്കൊല്ലുമ്പോൾ, ആശ്യാസമേകാത്ത മാനിഫെസ്റ്റോ വീണ്ടും വ്യക്തി താൽപര്യങ്ങൾക്കായി മാറ്റിയെടുക്കപ്പെടുമ്പോൾ മനസ്സു പുകയുന്നു തികഞ്ഞ പകയോടെ തന്നെ-

രണ്ടാം ലക്കത്തിലെ ''അപ്പാന്വേഷണത്തിന്റെ ദുരന്തം'' ഏതൊരു ഭാരതപൗരന്റേയും ചിന്തകളിൽ മുറിവുകളുണ്ടാക്കും. മൂന്ന് നാല് ലക്കങ്ങളിലെ ചേരി നിവാസികളെക്കുറിച്ചുള്ള ഫിക്ച്ചർ വായിച്ചപ്പോൾ ശ്രീ സച്ചിദാനന്ദന്റെ കവിതയാണെനിക്ക് ഓർമ്മ വന്നത് 'വിശന്നു കരയുന്ന കുഞ്ഞുങ്ങൾക്ക് കൊഴുപ്പും മാംസ്യവും ധാരാളമടങ്ങിയ ടൺ കണക്കിന് പാതി പുഴുങ്ങിയ എം. എൽ എമാരും എം. പിമാരും'. ഇന്ത്യാ. നിന്റെ വയറ്റിൽ പിറന്നതിന്റെ നാണം മറയ്ക്കാൻ ഒരു ദേശീയ പാതകപോലുമില്ലാതെ ഞാൻ ചൂളിയുറഞ്ഞു പോകുന്നു.'

മനശാസ്ത്ര ഡോക്ടറുടെ പംക്തികൾ കൊണ്ടും പാചക കലകൾ കൊണ്ടും ചീഞ്ഞുനാറുന്ന നമ്മുടെ മലയാള പുസ്തക പ്രസിദ്ധീകരണരംഗത്ത് റെഡ്ഗാഡ്സ് തീർച്ചയായും അംഗീകാരം നേടും.

കൈപുറം മുസ്തഫ

അബുദാബി



സഖാവ് കുന്നിക്കൽ

നീതിക്ക് വേണ്ടിയുള്ള സമരത്തിന്
സമർപ്പിക്കപ്പെട്ട ആ ജീവിതം
അവസാനിച്ചതിൽ പിന്നെ
ഈ ആഗസ്റ്റ് ഇരുപത്തിഅഞ്ചിന്
മൂന്ന് വർഷങ്ങൾ കടന്നുപോയിരിക്കുന്നു.
ആ ധീരമായ ജീവിതത്തിന്റെ
ഓർമ്മയുടെ തണൽവൃക്ഷങ്ങൾ
ചുട്ടുപൊള്ളുന്ന പ്രതിസന്ധികളുടെ
വർത്തമാനത്തിലും
അഭയമരുളുന്നു.

KL/CT-124
R. No. D1. 55183/M/81

RED GUARDS

MONTHLY

Price : Rs. 2



വിശ്വമാകമാനം
തമസ്സകററുകയും, പ്രകാശത്താൽ
പരിപൂരിതമാക്കുകയും ചെയ്യുന്ന
ഹേ, സൂര്യാ
നിൻെറ അത്യുജ്ജ്വല ദീപ്തി
ഞങ്ങളുടെ ദാരിദ്ര്യത്തേയും സ്വാർത്ഥത്തേയും
എല്ലാ ദുഃഖങ്ങളേയും
ദുരീകരിക്കട്ടേ
അജ്ഞതയുടെപേക്കിനാവുകളെ
ഇല്ലായ്മചെയ്യട്ടെ.

(ഋഗ്വേദം × 37.4)

Edited, Printed and Published by K. Ajitha at Lotus Printing Works, Calicut-1 for Srija Printers, Calicut